മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

മാസിക

ജൂൺ 2002

## FOCUS THIS ISSUE
## OUT SIDE KERALA YOUTH



**A LETTER**

**FROM AN OUTSIDE KERALA YOUTH**

**STATEMENT OF**

**PRIESTS FROM OUTSIDE KERALA DIOCESES**

**MISSION WORK**

**IN OTSIDE KERALA DIOCESES**

**ARTICLE**

**THE DYNAMICS OF FAMILY LIFE**

**DEVOTIONAL**

**MY SHEPHERD**

# ഷാർജ സെ. ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക


## പരുമലതിരുമേനിയുടെ ദേഹവിയോഗ ശതാബ്ദി ആഘോഷങ്ങൾ

മലങ്കരയുടെ പ്രഖ്യാപിത പരിശുദ്ധനായ പരുമല തിരുമേനിയുടെ ദേഹവിയോഗശതാബ്ദി മലങ്കര സഭ ആഘോഷിക്കുന്നതിന്റെ ഭാഗമായി, പരിശുദ്ധന്റെ നാമത്തിൽ യു.എ.ഈ. യിലുള്ള ഏക ദൈവാലയമായ ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക ഈ വർഷം "പ്രാർത്ഥനാവർഷമായി" പ്രഖ്യാപിച്ച് ചരമ ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നു.

സെമിനാറുകൾ, ഉപന്യാസമത്സരം, ലഘുജീവചരിത്രപ്രകാശനം, സ്മരണികകൾ, സാധുസംരക്ഷണ പ്രവർത്തനങ്ങൾ, പൊതുസമ്മേളനങ്ങൾ തുടങ്ങി വിപുലമായ പരിപാടികൾക്ക് രുപം കൊടത്തിരിക്കുവാണ്.

**കൂടാതെ പരിശുദ്ധ സഭയുടെ അംഗീകാരത്തോട് കുടി പരിശുദ്ധ തിരുമേനിയുടെ ചിത്രം ഒരു വശത്തും, കുരിശ് മറു വശത്തും മുദ്രണം ചെയ്തിട്ടുള്ള 22 കാരറ്റിന്റെ എട്ട് ഗ്രാമിന്റേയും (വില Dhs. 340.00/Coin) അഞ്ച് ഗ്രാമിന്റെയും ( വില Dhs. 230.00/Coin) ഗോൾഡ് കൊയിനുകൾ (ലോക്കറ്റുകൾ) പുറത്തിറക്കുന്നു.**

**കൊയിന്റെ മാതൃക**







**Request form** ന്റെ മാതൃക

പേര്............................................................മേൽവിലാസം............................................................

............................................................ടെലിഫോൺ നമ്പർ............................................................

Contact No in UAE ............................................................

ആവശ്യമുള്ള കോയിനുകൾ 8 gm ............................Nos, 5 gm............................Nos

**Request form** അയയ്ക്കേണ്ട വിലാസം

**THE CONVENER**
**CENTENARY CELEBRATION COMMITTEE**
**ST. GREGORIOS ORTHODOX CHURCH,**
**P.O. BOX: 2229, SHARJAH, UAE.**

**TELE. NO. 00971-6-5669622, 5661765**
**FAX NO. 00971 - 6 - 5663579**
**E-MAIL frjohndaniel@hotmail.com**

സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകക്കുവേണ്ടി

ഫാ. ജോൺ ഡാനിയേൽ (വികാരി)


# മലങ്കരസഭ

ലക്കം 6, പുസ്തകം 58
ജൂൺ 2002





## പത്രാധിപസമിതി

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0473 - 322243, (Res)325942

**വൈസ് പ്രസിഡന്റ്**
പൗലൂസ് മാർ മിലിത്തിയോസ്
ഫോൺ: 0488 - 523001

**ചീഫ് എഡിറ്റർ**
ഫാ.ഡോ. ജേക്കബ് കുര്യൻ
ഫോൺ: 0481 - 568046

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
എ.കെ. തോമസ് *(സഭാ സെക്രട്ടറി)*
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 0481 - 462940
e-mail: malankara@sancharnet.in

**സർക്കുലേഷൻ കൺസൾട്ടന്റ്**
ഒ.ജി. തരകൻ
ഫോൺ: 0481 - 572265

**ബിസിനസ്സ് മാനേജർ**
ഫാ. ഷൈജു കുര്യൻ
ഫോൺ: 0473 - 324255



## വരിസംഖ്യ

| | | |
|---|---|---|
| **ഇന്ത്യയിൽ** | | |
| ഒറ്റപ്രതി | : | 5 രൂപ |
| ഒരു വർഷം | : | 60 രൂപ |
| 5 വർഷം | : | 300 രൂപ |
| 10 വർഷം | : | 600 രൂപ |
| **വിദേശത്തേക്ക്** | | |
| ഒരു വർഷം | : | 600 രൂപ |

*Cover Design:* eQuations, Kottayam


# ഉൾത്തുടിപ്പുകൾ

CONTENTS


**എഡിറ്റോറിയൽ**

4 നമ്മുടെ ഇളം തലമുറ, പ്രത്യേകിച്ച് ബാഹ്യകേരളത്തിലെ........
- ഫാ. ഡോ. ജേക്കബ് കുര്യൻ

**Focus**

6 I Don't Mean to........
- Susan Thomas, Chennai

**കവിത**

7 My Lost Bloom
- Varghese Tharakan, U.S.A.

10 51-ാം മസുമൂറ
- എം.കെ. കോര

**സഭാകാര്യം**

9 കേരളത്തിലെ സഭാ മേലധ്യക്ഷന്മാരും എക്യുമെനിക്കൽ ബന്ധങ്ങളും - ഫാ. ഡോ. ജേക്കബ് കുര്യൻ

**യാത്രാവിവരണം**

31 സിങ്ക്റോളിയും... വാരണാസിയും ചില ചിന്തകളും
- ഫാ. റ്റി. എ. ഇടയാടി

**ലേഖനങ്ങൾ**

11 My Shephered
- Philipose Vaidyan

14 The Dynamics of Family life
- Fr. George Panackamattom

18 സഭയുടെ ബാഹ്യ കേരള മിഷൻ പ്രവർത്തനങ്ങൾ

21 അമേരിക്കൻ ഭദ്രാസനത്തിലെ വളർന്നു വരുന്ന പുതിയ തലമുറ
- ഡോ. തോമസ് ജോൺ

**സ്ഥിരം പംക്തികൾ**

ധ്യാനപംക്തി, വിശ്വാസപാഠം, പ്രതിമാസ ചിന്തകൾ, വാർത്തകൾ, ബൈബിൾ പഠനം, ബൈബിൾ പദപ്രശ്നം, ബൈബിൾ കടങ്കഥ.



**ദേവലോകം, കോട്ടയം – 686 038. ഫോൺ: 0481 – 573234**
**e-mail: malankara@sancharnet.in**

എഡിറ്റോറിയൽ

# നമ്മുടെ ഇളംതലമുറ, പ്രത്യേകിച്ച് ബഹ്യകേരള ത്തിലെ യുവജനങ്ങൾ, അവർ സഭയെക്കുറിച്ച് എന്തു പ്രതീക്ഷിക്കുന്നു എന്നു ചിന്തിച്ചിട്ടുണ്ടോ?

ഫാ. ഡോ. ജേക്കബ് കുര്യൻ

സഭയെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരു ബാഹ്യകേരള സഭാംഗം എഴുതിയ ഒരു കത്ത് പൂർണ്ണരൂപത്തിൽ അടുത്ത പേജുകളിലൊന്നിൽ കൊടുത്തിട്ടുണ്ട്. എല്ലാ ഞായറാഴ്ചയും തന്റെ സഭയുടെ ആരാധനയിൽ സംബന്ധിക്കണമെന്ന് നിർബന്ധം ഉള്ള, പള്ളിയുടെ ഗായകസംഘാംഗമായ, ഒരു യുവതിയുടെ കത്താണത്. കത്തിന്റെ പ്രധാന താല്പര്യം, ഒന്നരവയസുള്ള അവളുടെ മകൾ വളർന്നുവരുമ്പോൾ സഭയുമായുള്ള ബന്ധം എങ്ങനെയായിരിക്കും എന്ന ആധിയാണ്. ആ കത്തിലെ ചില വാചകങ്ങൾ മലയാളത്തിലാക്കിയാൽ ഏതാണ്ടിങ്ങനെയാണ്:

"വിമർശിക്കുവാനോ, വിരൽചൂണ്ടുവാനോ എനിക്കാഗ്രഹമില്ല. എന്നാൽ, എന്റെ സഭ ഇന്ന് യഥാർത്ഥത്തിൽ കാലിക പ്രസക്തിയാർജിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഗുജറാത്തിലെ കലാപവും, "പോട്ടോ" നിയമത്തിന്റെ സാധ്യതകളും, പാക്കിസ്ഥാനുമായുള്ള സ്ഫോടനാത്മക ബന്ധവും, ഭീകരതയുടെ മറ്റനേകം ദൃശ്യങ്ങളും നമുക്കു ചുറ്റുമുള്ളത് നമ്മുടെ സഭയ്ക്ക് ഏതുമില്ലയോ?

എന്തുകൊണ്ട് എന്റെ സഭയിൽ മാത്രം, പെണ്ണായിപ്പോയതുകൊണ്ട് എന്റെ മുഖം അദൃശ്യമാകുന്നു? വീട്ടിലും. സമൂഹത്തിലും ഞാൻ ശ്രദ്ധിക്കപ്പെടുന്നു പക്ഷെ സഭയിൽ മാത്രം ഞാൻ ആരുമല്ല-പെൺകുഞ്ഞ് മാമോദീസാ കഴിഞ്ഞ് ത്രോണോസുമുത്തുവാൻ രണ്ടായിരം വർഷം എടുത്തതുപോലെ ഒരു മാറ്റത്തിനുവേണ്ടി ഇനിയും എത്രകാലം?....

നമ്മുടെ പള്ളികളിൽ സമയക്ലിപ്തത പാലിക്കപ്പെടാത്തത് എന്ത് കൊണ്ട്? രണ്ടും മൂന്നും കല്പനകൾ വായിക്കാനും, പ്രസ്താവനകൾ പറയുവാനും ഇത്രയും സമയം എടുക്കേണ്ടതുണ്ടോ?

മലയാളത്തിലുള്ള ആരാധനയിൽ ഇപ്പോഴും സുറിയാനി അതിപ്രസരം കാരണം കുർബ്ബാന "കാണുന്ന"വരായിരിക്കേണ്ടി വരുന്നു. ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയിട്ടുള്ളതുതന്നെ ഇംഗ്ലീഷ് അറിയുന്നവർക്കും ഒത്തിരി അന്യമായി തോന്നുന്ന വിധത്തിലാണ്. ഉദാഹരണത്തിന് "Meet it is and right to do so" എന്നുപറഞ്ഞാൽ അതിലെ ഓരോ വാക്കും എന്ത് അർത്ഥമാക്കുന്നുവെന്ന് അറിയാമെങ്കിലും ഒന്നിച്ച് ഒരു വാചകമായി അത് എന്താണ് അർത്ഥമാക്കുന്നത്?

നമ്മുടെ അച്ചന്മാർ ഭവനസന്ദർശനം അവരുടെ പ്രധാന ചുമതലയായിട്ടെടുക്കാത്തതെന്തെന്ന് ചോദിച്ചു പോകുന്നു.........

ഞാൻ കഴിഞ്ഞ ഇരുപതിൽപരം വർഷങ്ങളായി കൃത്യമായി എല്ലാ ഞായറാഴ്ചകളിലും ആരാധനയിൽ സംബന്ധിക്കുന്നു. ഇതിന്റെ കാരണം ശീലിച്ചുപോന്നത് എന്നോ, സഭയോടുള്ള ഒരു മമത എന്നോ ഒക്കെ പറയാമെങ്കിലും, അതിലുമുപരി അർത്ഥവത്തായ മറ്റെന്തോ ആണെന്നു പറയാൻ കഴിയുന്നുമില്ല. ഒന്നരവയസുള്ള എന്റെ മകൾക്ക്, അവളുടെ സഭ അർത്ഥവത്തായ ഈ അംശം കൊടുക്കുമോ എന്നതാണ് ഇന്ന് എന്റെ ഏറ്റവും വലിയ, ഒരർത്ഥത്തിൽ സ്വാർത്ഥപരമായ ഭാരം.

എനിക്ക് വേണ്ടത്, എന്റെ ഭർത്താവും എന്റെ മകളും നമ്മുടെ ആരാധനയ്ക്കുവന്നിട്ട് ആത്മസംതൃപ്തിയോടെ തിരിച്ചുപോകുന്നതാണ്. നമ്മുടെ പള്ളി, ജീവിതത്തിന്റെ അനവധി ചോദ്യങ്ങൾക്ക് അർത്ഥവും ഉത്തരവും കിട്ടുന്നിടമായിത്തീരുകയാണ് എനിക്കാവശ്യം, നമ്മുടെ സഭ അർത്ഥപൂർണ്ണമായ പാരമ്പര്യങ്ങളുടെയും ആരാധനാകർമ്മങ്ങളുടെയും പിൻബലത്തോടെ കലാനുസൃതമാകുന്നതാണ് എനിക്കാവശ്യം.

ഞാൻ ഇതാഗ്രഹിക്കുന്നു-എനിക്കിതുവേണം-ഞാൻ മാത്രമല്ല പലരും ഇതാഗ്രഹിക്കുന്നു-പലർക്കും ഇതു വേണം. ഞാനെന്തു ചെയ്യണം എന്ന് അറിയില്ല. ദയവായി സഹായിച്ചാലും.

ഈ കത്തിലെ പരാമർശങ്ങൾക്കുനേരെ കണ്ണടച്ചിട്ടോ, കണ്ണിറുക്കിയിട്ടോ കാര്യമില്ല. ചെയ്യേണ്ടതു യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യണം. അതു ചെയ്യുവാനാണ് ഭരണസമിതികളും, പ്രധാന ചുമതലക്കാരും, ജനങ്ങളിൽ നിന്നു സഭാദിനപ്പിരിവായി പിരിച്ചെടുക്കുന്ന പണവും. ഇതു ചോദിച്ചു വാങ്ങുവാൻ ഇടയാകാതെ കാലത്തെ മനസിലാക്കി മനസ്സറിഞ്ഞു ചെയ്യുന്നതാണ് അഭികാമ്യം.



# യുദ്ധ സാധ്യത കൂടുന്നു: അതിർത്തിയിൽ പടയൊരുക്കം



ജമ്മുകാഷ്മീരിലെ ഭീകര ആക്രമണത്തോടനുബന്ധിച്ചുണ്ടായ യുദ്ധ സന്നാഹങ്ങൾ ഇന്ത്യ ശക്തിപ്പെടുത്തി. നിയന്ത്രണ രേഖയിൽ പടയൊരുക്കം ശക്തമാണ്. അന്താരാഷ്ട്ര സമ്മർദ്ദം മൂലം ഇന്ത്യയുടെ യുദ്ധാഹ്വാനം നീണ്ടു പോകുകയാണ്. എങ്കിലും ദിവസവും അതിർത്തിയിൽ ഏറ്റു മുട്ടലുകൾ വർദ്ധിക്കുന്നു. പാക്കിസ്ഥാൻ പട്ടാളത്തോടൊപ്പം അൽഖയിദാ ഭീകരരും കാഷ്മീർ യുദ്ധത്തിനു സന്നദ്ധമാണെന്നു മാധ്യമങ്ങൾ വെളിപ്പെടുത്തുന്നു. ഇതിനിടയിൽ പാക്കിസ്ഥാൻ മിസൈൽ പരീക്ഷണം ആവർത്തിക്കുകയാണ്. ഇന്ത്യയെ തകർക്കാൻ തക്കവണ്ണം തങ്ങളുടെ കൈയ്യിൽ അണുവായുധമുണ്ടെന്ന് കൂടെക്കൂടെ മുഷറഫ് ഓർമ്മിപ്പിക്കുന്നു. അണുവായുധത്തെ സംബന്ധിച്ച് ഇന്ത്യയുടെ നിലപാട് തങ്ങൾ അത് ആദ്യം ഉപയോഗിക്കുകയില്ലയെന്നതാണ്.

പരമാവധി ക്ഷമിച്ചു എന്നും ഇനിയും ക്ഷമിക്കുവാൻ ആകില്ലയെന്നും പ്രധാനമന്ത്രി വാജ്പേയി പ്രസ്താവിച്ചു. പാക്കിസ്ഥാനെ ഒരു പാഠം പഠിപ്പിക്കണമെന്ന ആവശ്യത്തിന് ശക്തി വർദ്ധിക്കുകയാണ്.

യുദ്ധത്തിന്റെ പിരിമുറക്കത്തിൽ സമാധാനവും സമ്പത്തും ജീവനും നഷ്ടപ്പെടുന്ന കാഷ്മീർ നിവാസികൾ. അതിർത്തിയോടടുത്ത ഗ്രാമങ്ങളിൽ നിന്നും ആയിരിക്കണക്കിനു ആൾക്കാരെ ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ചുകൊണ്ടിരിക്കുന്നു. ശാശ്വതമായി യുദ്ധം സമാധാനം നൽകുകയില്ലായെന്ന് ചരിത്രം പഠിപ്പിക്കുന്നു.

ദുരിതമനുഭവിക്കുന്ന ജനങ്ങൾക്കു വേണ്ടിയും രാജ്യം കാക്കുന്ന പട്ടാളക്കാർക്ക് വേണ്ടിയും പ്രാർത്ഥിക്കണമെന്ന് പ. കാതോലിക്കാ ബാവാ ആഹ്വാനം ചെയ്തു.

## യൂത്ത് ക്യാമ്പ് സമാപിച്ചു

ബാംഗ്ലൂർ:- അഖില മലങ്കര യുവജന സമാജം വാർഷിക ക്യാമ്പ് സമാപിച്ചു. ബാംഗ്ലൂറിൽ വച്ചു നടന്ന ഈ വർഷത്തെ ക്യാമ്പിൽ അഞ്ഞൂറോളം മെമ്പേഴ്സ് സംബന്ധിച്ചു. യുവജനപ്രസ്ഥാനം പ്രസിഡന്റ് ഡോ. യാക്കോബ് മാർ ഐറേനിയോസ്, വൈസ് പ്രസിഡന്റ് ഫാ. ജോൺസൺ കല്ലിട്ടതിൽ, ജനറൽ സെക്രട്ടറി ഫാ. കെ.വൈ. വിത്സൺ തുടങ്ങിയവർ ക്യാമ്പിനു നേതൃത്വം നൽകി.

---

*എഡിറ്റോറിയൽ...........*

**മേല്പറഞ്ഞ കത്തിലെ പ്രധാന സൂചനകൾ താഴെപ്പറയുന്നവയാണ്:**

(1) സഭ കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് അതിനോട് അർത്ഥവത്തായി പ്രതികരിക്കണം.

(2) സ്ത്രീകൾക്ക് സഭയിൽ മാന്യമായ അംഗീകാരവും, അവസരങ്ങളും കൊടുക്കണം.

(3) ആരാധന, മലയാളത്തിലാണെങ്കിലും ഇംഗ്ലീഷിലാണെങ്കിലും ഹിന്ദിയിലാണെങ്കിലും, യുവതലമുറയ്ക്ക് മനസ്സിലാകുന്ന തരത്തിലാകണം; അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.

(4) ഇടയ ശുശ്രൂഷയിൽ ജനങ്ങളോടുള്ള ബന്ധത്തിന് പ്രത്യേക ഊന്നൽ നൽകണം.

(5) സമയക്ലിപ്തതയും, ഔചിത്യബോധവും ഉള്ള വിധത്തിൽ ഞായറാഴ്ച ആരാധന ക്രമീകരിക്കപ്പെടണം.

(6) സഭ, സഭാംഗങ്ങൾക്ക് ആത്മസംതൃപ്തി നൽകുവാൻ പര്യാപ്തമാകണം. അല്ലെങ്കിൽ ജനം അതു കിട്ടുന്നിടത്ത് പോകും.

ഈ പ്രശ്നങ്ങളെക്കുറിച്ച് നമ്മുടെ വൈദികർ ഗൗരവമായി ചിന്തിക്കുന്നതിന്റെ തെളിവാണ് ബാഹ്യകേരള വൈദിക കോൺഫ്രൻസിന്റെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും (ഈ ലക്കത്തിൽ അന്യത്ര ചേർത്തിരിക്കുന്നു). അതോടൊപ്പം നമ്മുടെ സഭയുടെ കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളിലെ പ്രധാന വളർച്ച ബാഹ്യകേരളത്തിലാണെന്ന വസ്തുത വെളിപ്പെടുത്തുന്നതാണ് മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ (ഈ പ്രവർത്തനങ്ങളെക്കുറിച്ച് സഭാമിഷൻബോർഡ് പ്രസിദ്ധീകരിച്ചിരിക്കുന്ന വിവരങ്ങൾ ഈ ലക്കത്തിൽ അന്യത്ര ചേർത്തിരിക്കുന്നു.).

ഇനിയും ഒരു ചോദ്യം: പരസ്പരം പഴിചാരാതെ, കൈമലർത്താതെ, നമുക്കു ചെയ്യാവുന്നതെന്തെന്ന് മാത്രം ആലോചിക്കുവാൻ, നിർദ്ദേശങ്ങൾ പങ്കുവയ്ക്കുവാൻ നമുക്കു മലങ്കരസഭയിൽ ഒരു വേദി ഒരുക്കിയാലോ? ശ്രദ്ധേയമായ പ്രതികരണങ്ങൾ, അടുത്ത ഏതാനും ലക്കങ്ങളിൽ "ബാഹ്യകേരളവേദി"യിൽ പ്രസിദ്ധീകരിക്കുന്നതാണ്.

# I DON'T MEAN TO....

SUSAN THOMAS, CHENNAI

***(Anxiety, aspirations of an outside - Kerala Youth - A Letter)***

I don't mean to criticize nor do I mean to point fingers but really-how relevant is my church. Parts of the country are burning with the violence in Gujarat, the passing of the POTO bill, the state of readiness for war with Pakistan and so many many other violent acts - what is my church doing. Forget protests, forget representations to the government, forget even aid or help for those harmed - have we even once prayed for the people of Gujarat? Not that I know of... we must be saying some global prayers for peace, general prayer for the suffering etc but have we once been specific. I don't know. I'm sure God wants us to be specific.

I don't mean to compare but why is it that only in my church my face is invisible when important decisions are reached? I'm consulted at home before any decision is taken. I'm looked upon to make decisions affecting a large number of people at work. I'm recognized as an equal in all the different social settings I am a part of but suddenly when it comes to church-I'm invisible! Except, of course, to make the Vatta-appam on Maundy Thursday which I don't even know how to!! A couple of weeks ago I had attended service in one of the chapels and there was a discussion after service-inside the church-about forming a new parish. I was sitting there in the congregation without a voice (obviously as I am invisible!) but having to wait till all the discussion is over before I can put in my offertory and kiss the cross. No one is concerned or even sensitive to the fact that 50% of the congregation is waiting needlessly.

I don't mean to flog the gender issue too much but why is it that a senior IAS lady officer from our church is made to help the church in her official capacity in the Government but will not be given a voting right in our church! Is this not really illogical?

I don't mean to be a cynic but will our church ever change? Perhaps it will, like it took 2000 years before allowing a girl baby to be taken into the altar at her baptism! But do we need to wait that long for any other changes to take place. I'm most definitely not asking for changes in faith - all I am asking is for changes in religious practices.

I don't mean to find fault but why is it that there is no fixed timing in our church? However late I arrive to church, I still will go away spending an hour atleast! While the service is so fixed in its prayers, songs all the same Sunday after Sunday but yet, we can never say when we can go home on Sunday. If there is no sermon everyone heaves a sigh of relief (!) but lo and behold there will be 3 kalpanas and announcements will take 30 minutes itself! I would not like to tread on sensitivities but are nuances in kalpana's understood by congregations outside Kerala? I know I would much rather be explained the gist.

I don't mean to sound snobbish but I find it very difficult to understand Malayalam. I know it is my mother tongue and I am ashamed of not knowing it too well but the fact is-I don't! In fact I can read Malayalam But there are still many parts of the service quite a mystery to me. Also when we have a particularly enthusiastic priest who uses a lot of Syriac in the service, it's best to be a passive observer during the Qurbana! But actually, I don't even think it's the Malayalam that is bothering me. Even when (rather rarely) we think of having an English service, there are portions which I can't understand. So I'm really not sure if the language is a problem or our liturgical translation is difficult. For example there is a portion in the English qurbana that is repeated 3 times which says "Meet it is and right to do so" I can understand every word separately but really, what does it mean together?

I don't mean to complain but why is it that our priests are never available for house visits. I live opposite a marthomite's house and I have seen their Achen many more times at home - mine doesn't know where I live! I suppose that reflects the marthomite (who is rather active in church) and not the Achen but it is a fact. I have been told that Achens are busy in other more important issues but, shouldn't a shepherd know his flock-especially the prodigals?

I don't mean to flog the gender issue too much but why is it that a senior IAS lady officer from our church is made to help the church in her official capacity in the Government but will not be given a voting right in our church! Is this not really illogical?

I don't know why I am writing this-but the truth is I am selfish. I am extremely concerned about the future of my daughter (16 months old) in our church. I who have gone to church every Sunday for over 20 years and pretty often since then for another decade, have begun questioning. I who have participated in Sunday school, been very active in the MGOCSM and in the choir am beginning to wonder what it is that is keeping me in this church. Is it just a habit and a sense of belonging or is it something more meaningful than that. I'm finding it dis-loyal to say this, but the truth is that it is the former that is bringing me to church and not the latter. My worry is those first 2 reasons can very easily be substituted in any other church- The question is How can I make my church, the Orthodox church meaningful to children, to the youth, to the adolescent, to the young adult, to the middle aged and to the elderly.

I do want my daughter and my husband to come to Broadway with the confidence that they will go back content after the Sunday service. I want our church to be a place where we can find meaning to a lot of life's questions. I want our church to be a place where we can be peaceful and meditate. I want our church to be modern yet holding on to its meaningful traditions and rituals.

I want and I need.... I also believe that many want and many need..... I do not know what I can do about this - please help me.





# My Lost Bloom

Varghese Tharakan, U.S.A.

It was dusk when I saw her first,
A little bud difficult to reach, down from my window
For she was small and shy, down at ground
And I forgot of all about her

After a week I looked out to see
If she was anywhere to be seen
To my wonder I saw her stand
At my window with a smile

The gentle breeze that witnessed this smile
Next day came in with a fragrance I noticed from her only
But he was sad and dismal, Oh!
I asked, "tell me tell me my gentle breeze",

'Who took off my lovely bloom'?

# ബൈബിൾ കടങ്കഥകൾ

പി.വി. വർഗ്ഗീസ്, കരയാംപറമ്പ്

കവിതയിലൂടെ കടങ്കഥ ചൊല്ലാം ബൈബിളിലെ കഥകൾ
കേഴ്‌വിക്കാരൊരു നിമിഷം ചിന്തിച്ചുത്തരമോതിടുമോ?

1. നാലായ്യിരമാണ്ടിനു മുമ്പു മരിച്ചിട്ടിതുവരെയും
ചേലിലടക്കം ചെയ്യാതുള്ളൊരു ജഢമുണ്ടറിയാമോ?
കാര്യം ഗൗരവമാണിതുപക്ഷേ കേസ്സില്ലിതുവരെയും
ആരുടെയാണീ ജഢമെന്നോതുക വത്സല സ്നേഹിതരെ
ഉത്തരമറിയണമെങ്കിൽ വേഗം നോക്കുവിനുല്പത്തി
പത്തൊൻപതിലെ ഇരുപതുമാറും ചേർന്നൊരു വാക്യത്തെ.

2. ജീവിതകാലം കൊന്നതിനേക്കാൾ കൂടുതലാളുകളെ
ജീവൻ പോകും നേരം കൊന്നവനാരെന്നറിയാമോ?
കേട്ടാലാർക്കുമിതേറ്റം നുണയായ് തോന്നിടുമെന്നാലും
ഒട്ടും വേണ്ടാ സംശയമാർക്കും മുഴുവൻ നേരാണ്
ന്യായാധിപരുടെ പുസ്തകമതിലെ പതിനാറവസാനം
പോയാലുത്തര മവിടുണ്ടല്ലോ കണ്ടു പിടിച്ചീടാം.

(തുടരും....)



Sheela, Muambai | Anu Aby Varghese, Valankara | Lali Roy, Kodumon | Susy Joseph, Ahemedabd | Kunjumol Samuel, Ahemedabd | Annamma Mathai, Ahemedabd

## A Statement from the Conference of Priests representing the Dioceses Outside Kerala, held from 8 -10 January, 2002 at St. Thomas Orthodox Mission Centre, Bhilai, Chattisgarh.

We, the 37 priests and two deacons belonging to the Dioceses of Delhi, Calcutta and Bombay gathered under the leadership of H.G. Stephanos Mar Theodosius, H.G. Mathews Mar Severios, and H.G. Geevarghese Mar Coorilos, affirm the following:

1) Though we are far from Kerala, we are the growing edge of the Malankara Orthodox Syrian Church (MOSC), and expect to be considered an integral part of the mother church.

2) The priests working in the dioceses outside Kerala face situations and issues that require responses which are quite different from those faced by our brother priests in Kerala and require a greater deal of vision and commitment.

3) We affirm moral support to H.H. the Catholicos and the Holy Apostolic Synod of the MOSC for conducting the Malankara Association in March 2002.

4) We regret that MOSC has expended a great deal of energy and precious resources in the court cases. It is high time that we turn our attention and abilities to more constructive activities, considering the dire need of a spiritual renewal in the church.

**PROPOSALS: A) TO THE HOLY SYNOD:**

1) We strongly propose a separate Mission Board to plan and execute new mission and social projects outside Kerala, with due consideration for the local context. This Board should look into the overall management of the mission activities outside Kerala, including the placement, salaries, housing and other problems faced by the workers in the field. The educational institutions of the various dioceses outside Kerala should put aside some (percentage of) funds for the activities of the New Mission Board and (for the support of the Spiritual Organizations).

2) We are not in favour of the proposal for the transfer of Metropolitans because, among other things, it is against the tradition of the Orthodox family of Churches. Many of the projects, now running in the dioceses, are born out of the interest and commitment of the present Metropolitans.

3) Considering the Kalpana of H.H. the Catholicos, restricting the participation of priests of other denominations, we abide by its instructions. However we request the Holy Synod to provide us with the methods of more positive co-operation with priests of other denominations in some sacraments like marriage and funeral, especially in the light of ecumenism. We have found that some of our Bishops allow such participation and some, like the late Mar Theophilus of Mumabi gave specific directions for this purpose.

4) St. Thomas Orthodox Theological Seminary (STOTS) at Nagpur is commended for its leadership and support to the four dioceses outside Kerala. We expect the following to be implemented in due course.

a) refresher course for priests, preferably in the metropolitan cities, which will allow more priests to participate, than if it is held in Nagpur.

b) short residential courses for youth seeking deeper commitment should be held in STOTS during the vacations

c) till proper infrastructure is created within STOTS, facilities in Nagpur like NCCI, should be used to organize short courses for women members of the MOSC

d) to start various types of distance education, especially in the field of pastoral counselling for the priests.

e) the proposed periodical from STOTS should include information and news concerning social issues

f) the resources of STOTS should be used to co-ordinate all the spiritual organisations of the dioceses outside Kerala.

5) Hindi translations of the most -used liturgical offices such as house blessings, marriages and funerals are to be edited to help our youth to understand them, and also for the benefit of the non-Malayalees who attend such functions.

6) With increasing concern for the number of divorces in the Church, we propose that Pre-Marital counselling sessions be made compulsory for couples, either at the parish or at the diocesan level. Counselling cells could be initiated which would advise the married couples even at a distance through correspondence, email, or telephone.

7) The Church should discourage "dual membership' and insist on "permanent membership" especially in the outside Kerala parishes. The Church should also monitor and if necessary, disallow sacraments that are being conducted in Parishes within Kerala after they have been refused or delayed due to technical reasons by the original parish outside Kerala.

8) The Church should focus more on the holistic idea of mission as social transformation of the entire community of a place irrespective of caste or creed.

ശേഷം 10-ാം പേജിൽ





# കേരളത്തിലെ സഭാ മേലധ്യക്ഷന്മാരും എക്യുമെനിക്കൽ ബന്ധങ്ങളും

ഫാ. ഡോ. ജേക്കബ് കുര്യൻ

(മെമ്പർ, കത്തോലിക്ക-ഓർത്തഡോക്സ് ജോയിന്റ് ഇന്റർനാഷണൽ കമ്മീഷൻ)

കേരളത്തിലെ ക്രൈസ്തവസഭകൾ തമ്മിൽ ഏതാനും ദശാബ്ദങ്ങളായിട്ട് അഭിമാനകരവും, മാതൃകാപരവുമായ ഒരു ബന്ധത്തിന്റെ ചരിത്രമാണുള്ളത്. ഈ ബന്ധത്തിന്റെ വ്യക്തമായ തെളിവുകളാണ് നിലയ്ക്കൽ എക്യുമെനിക്കൽ സെന്ററും, കേരള സഭയെക്കുറിച്ച് സമീപകാലത്ത് സംയുക്തമായി പ്രസിദ്ധീകരിച്ച ഗ്രന്ഥവും. ഈ എക്യുമെനിക്കൽ സംസ്ക്കാരം കെട്ടിപ്പെടുക്കുവാൻ കേരളത്തിലെ സഭാ മേലധ്യക്ഷന്മാർ ത്യാഗപൂർണ്ണമായ നേതൃത്വം നൽകുന്നുമുണ്ട്. എന്നാൽ അടുത്തകാലത്ത് ഒരു സഭാമേലധ്യക്ഷന്റെ നടപടി സൂചിപ്പിക്കുന്നത് ചിലർ ചരിത്രം മറക്കുവാൻ ശ്രമിക്കുന്നുവെന്നോ, ചരിത്രം പഠിക്കുന്നില്ലയെന്നോ ആണ്. വെള്ളം കലക്കി മീൻ പടിക്കുവാനോ, തമ്മിൽതല്ലിച്ച് താല്പര്യം നേടാനോ, പരസ്യമായി രംഗത്തിറങ്ങുവാൻ എക്യുമെനിക്കൽ സംസ്ക്കാരത്തിന്റെ ഗന്ധമുള്ളവരാരും ഇന്നു ശ്രമിക്കുമെന്നു തോന്നുന്നില്ല.

മലങ്കര ഓർത്തഡോക്സ് സഭയിലെ യഥാർത്ഥ പ്രശ്നം എന്താണെന്നോ, സഹോദരീസഭകൾ * എടുക്കേണ്ട നിലപാടുകൾ എന്താണെന്നോ അല്പവും ചിന്തിക്കാതെയാണ് അഭിവന്ദ്യ പുന്നക്കോട്ടിൽ പിതാവ് കോതമംഗലത്തെ വിഘടിത ഗ്രൂപ്പിന്റെ ഉപവാസ പ്രഹസനത്തിൽ സംബന്ധിച്ചു പ്രസംഗിച്ചത് എന്ന് പറയേണ്ടിവന്നതിൽ ഖേദിക്കുന്നു. സ്വന്തം രൂപതയിൽ ഏതെങ്കിലും പള്ളിയിൽ ഒരു വിഘടിത ഗ്രൂപ്പു രൂപപ്പെട്ടാൽ അതിനു പിന്തുണ നൽകാൻ ഓർത്തഡോക്സു സഭയിലെ ഒരു മെത്രാൻ ചെല്ലുന്നത് അഭിവന്ദ്യ പിതാവിന് എത്ര മാത്രം രുചിക്കും എന്നറിയില്ല. എങ്കിലും ഊഹിക്കാവുന്നതേയുള്ളൂ. അങ്ങനെ പ്രവർത്തിക്കുന്ന മെത്രാനെ മാത്രമല്ല, അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന സഭയെ മുഴുവനായും ആ സഭയിലെ പക്വമതികളായ മറ്റനേകം മെത്രാന്മാരെയും കൂടി അധിക്ഷേപിക്കുന്ന നടപടിയായിരിക്കും അത് എന്നതിനും തർക്കമില്ല. മൂന്നു കാര്യങ്ങൾ മാത്രം സൂചിപ്പിക്കട്ടെ.

1. മലങ്കര ഓർത്തഡോക്സു സഭയിലെ പ്രശ്നം പ. പത്രോസിന്റെ സ്ഥാനത്തെയോ അധികാരത്തേയോ സംബന്ധിച്ചുള്ളതല്ല. ഓർത്തഡോക്സു പാരമ്പര്യത്തിൽപെട്ട ഒരു സഭയെ മലങ്കരയിലുള്ളൂവെന്ന് സുപ്രീംകോടതിയിൽ ആവർത്തിച്ചു പറയുകയും സഭാഭരണഘടനയോട് വിധേയത്വം പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ള ഒരേ സഭയിലെ ഇരുവിഭാഗങ്ങളുടെ ആഭ്യന്തര പ്രശ്നമാണ് നിലനിൽക്കുന്നത്. സുപ്രീംകോടതി നൽകുന്ന തീർപ്പിനെ അംഗീകരിക്കുമെന്ന് പ്രതിജ്ഞാബദ്ധവുമാണ് രണ്ടു വിഭാഗങ്ങളും. പ്രസ്തുത വിധി തീർപ്പ് ആസന്നമായ ഘട്ടത്തിൽ, വിഘടിതരായി മാറി, നിയമനിഷേധം നടത്തുന്നവരുടെ യോഗത്തിന് പോയത് ഒരു മെത്രാന് യോജിക്കുന്ന നടപടിയല്ല.

*ഒരു സഭയിൽ ആഭ്യന്തരപ്രശ്നമുണ്ടെങ്കിൽ അതിനെക്കുറിച്ച് പഠിച്ച്, അനുരഞ്ജനത്തിനുള്ള പാത തെളിയിക്കുകയെന്നതാണ് സഹോദരീ സഭകൾക്ക് ചെയ്യാവുന്നത്. കത്തോലിക്കാസഭയിൽ "കൽദായവൽക്കരണ" ത്തിന് അനുകൂലവും പ്രതികൂലവുമായ വിവാദത്തിലോ പൗരസ്ത്യകാനോനോ, ലത്തീൻ കാനോനോ എന്ന പ്രശ്നത്തിലോ, മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളാരും അഭിപ്രായ പ്രകടനം നടത്താഞ്ഞത്, പ്രസ്തുത പ്രശ്നങ്ങളുടെ വ്യാപ്തിയും പ്രസക്തിയും മനസ്സിലാക്കാഞ്ഞതുകൊണ്ടല്ല; സഭാപരമായ ഒരു മാന്യത കാത്തുസൂക്ഷിക്കുവാനാണ്.*

2. അഭിവന്ദ്യ പിതാവ് തങ്ങളുടെ യോഗത്തിൽ സംബന്ധിച്ചാൽ ഓർത്തഡോക്സ് സഭ പ്രകോപിതമാവുമെന്നും കത്തോലിക്കാ സഭയ്ക്കെതിരെ അവർ പ്രതികരിക്കുമെന്നും അതിൽകൂടി കത്തോലിക്കാസഭയെ മുഴുവൻ തങ്ങളുടെ പിന്തുണയ്ക്കു കിട്ടുമെന്നും വിഘടിത വിഭാഗം കണക്കുകൂട്ടി. കാത്തലിക് ബിഷപ്സ് കോൺഫ്രൻസും, വത്തിക്കാനും ഒക്കെയായി ഉന്നതതല എക്യുമെനിക്കൽ ബന്ധം സൂക്ഷിക്കുന്ന മലങ്കര ഓർത്തഡോക്സ് സഭ ഇത്തരം വിലകുറഞ്ഞ കണക്കുകൂട്ടലുകൾക്ക് ഇരയാവുകയില്ല. അതുകൊണ്ട് പ്രകോപിതരാവാതെ തന്നെ, സഭാംഗങ്ങളായ സാമാന്യജനങ്ങളുടെ അസന്തുഷ്ടി രേഖപ്പെടുത്തുവാൻ മാത്രം ഈ വേദി ഉപയോഗിക്കുകയാണ്.

3. ഒരു സഭയിൽ ആഭ്യന്തരപ്രശ്നമുണ്ടെങ്കിൽ അതിനെക്കുറിച്ച് പഠിച്ച്, അനുരഞ്ജനത്തിനുള്ള പാത തെളിയിക്കുകയെന്നതാണ് സഹോദരീ സഭകൾക്ക് ചെയ്യാവുന്നത്. കത്തോലിക്കാസഭയിൽ "കൽദായവൽക്കരണ" ത്തിന് അനുകൂലവും പ്രതികൂലവുമായ വിവാദത്തിലോ പൗരസ്ത്യകാനോനോ, ലത്തീൻ കാനോനോ എന്ന പ്രശ്നത്തിലോ, മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളാരും അഭിപ്രായ പ്രകടനം നടത്താഞ്ഞത്, പ്രസ്തുത പ്രശ്നങ്ങളുടെ വ്യാപ്തിയും പ്രസക്തിയും മനസ്സിലാക്കാഞ്ഞതുകൊണ്ടല്ല; സഭാപരമായ ഒരു മാന്യത കാത്തുസൂക്ഷിക്കുവാനാണ്. ഉദയമ്പേരൂർ സൂന്നഹദോസിനെ കത്തോലിക്കാസഭയിൽ തന്നെയുള്ള മേലധ്യക്ഷന്മാർ വ്യത്യസ്ത കാഴ്ചപ്പാടിൽ കണ്ട് വാദപ്രതിവാദം നടത്തുന്ന രംഗങ്ങൾക്ക് സാക്ഷ്യം വഹിച്ച ഓർത്തഡോക്സ് നേതൃത്വത്തിലുള്ള പലരും അതിനെ മുതലെടുക്കുവാൻ ശ്രമിച്ചിട്ടില്ല എന്നതും സമീപകാലചരിത്രത്തിന്റെ ഭാഗമാണ്.

അതുകൊണ്ട് സംയമനത്തിന്റെയും വിവേകത്തിന്റെയും പുതിയ അധ്യായങ്ങൾ രചിക്കുവാൻ നമ്മുടെ എക്യുമെനിക്കൽ ബന്ധങ്ങൾക്ക് കഴിയട്ടെ എന്ന് ആശിക്കുന്നു, പ്രാർത്ഥിക്കുന്നു.

* ഈ പദപ്രയോഗത്തോട് കർദിനാൾ റാറ്റ്സിംഗർ ക്ഷമിക്കും.

8-ാം പേജിൽ നിന്നു തുടർച്ച

9) Taking into consideration the greater involvement of women in all walks of life, we propose that women should be given participation in our church decision-making bodies. This should be incorporated in the constitution at the earliest.

**B) TO OUR FELLOW PRIESTS:**

1) In this age of globalization, newer forms of ministry need to be incorporated to face social and bio-ethical challenges like HIV/AIDS, cloning as well as poverty and marginalisation of people.

2) Special concern was felt for the aged. We propose that Old Age Homes be provided at least at the Diocesan level. In cities needy young people can be encouraged to stay with the elderly, provided they are given free food and accommodation. The youngsters should, in return, help the elderly by looking after some of their needs like shopping, accompanying them to the hospital e.t.c.,

3) Special nurture should be given for those who are unable to participate fully in the life of the Church or have dropped out due to one reason or other.

4) The faith and teachings of the Church should be communicated using the latest forms of media and information technology and through art forms like drama under spiritually mature supervision.

5) With the increasing number of interfaith marriages in our churches, we propose that proper guidance should be given by the priests to the non-Christian partner to nurture him/her in the Orthodox faith and furthermore the congregation should be encouraged to integrate them into the community.

6) Showing a great concern for the children and the youth in the parishes, the priests

a) felt the new syllabus which is being prepared by the special committee of the OSSAE, outside Kerala will go long way to attract the children to Sunday School.

b) agreed to use more of Hindi and English in our services to help them to better understand and appreciate the liturgy.

7) Our parishes should be the centres for ecumenical meetings. This would ensure that our people get involved in the ecumenical and interfaith activities both at the local and at the national level. People especially youngsters from other denominations can be invited to our services when liturgy is celebrated in Hindi or English and to our youth and students meeting.

N.B. We hope our church leadership would consider these recommendations favourably. We commit ourselves to incorporate these changes within our dioceses and parishes.

കവിത

# 51-ാം മസ്മൂറ

**എം.കെ. കോര**

സർവ്വേശ്വര!നിന്നുടെ കൃപയാ-
ലെന്നോടു നീ കൃപ ചെയ്യണമേ
നിന്റെയനുഗ്രഹ ബഹുത്വത്താ-
ലെന്നുടെ ദുഷ്കൃതി മായ്ക്കണമേ
കഴുകണമെന്നിലെയന്യായം
വെടിപ്പോടകറ്റുകയെൻപാപം
എന്നിലെയതിക്രമമെപ്പോഴും
എനിക്കെതിരായി മുഴങ്ങുന്നു.
എൻപാപങ്ങൾ നിനക്കു വിരോധം
തിരുസവിധേയെൻ തിന്മകളും
നിൻവചനത്താൽ നീതിലഭിക്കും
ന്യായവിധിക്കായ് ജയവും നേടും
എൻജനനമനീതിയിൽ നിന്നും
പാപങ്ങളിലെൻ മാതാവിൻ ഗർഭം
നീതിയിൽ നീ തിരുമനസ്സായി
നിൻജ്ഞാനത്തിന്നതിരഹസ്യങ്ങൾ
എന്നെനീയറിയിക്കുവതായി
വെടിപ്പാക്കണമേ നിൻ സോപ്പായാ-
ലതുമൂലം ഞാൻ വെണ്മയുമാകും
തൃപ്തിവരുത്തുക നിൻ സന്തോഷാ
ലാനന്ദവുമെനിക്കേകണമേ.
ക്ഷീണിച്ചെന്നസ്ഥികൾ സന്തോഷിച്ച്
നിൻ മുഖമെൻപാപത്തീന്നും മാറ്റി
എന്റെയതിക്രമമെല്ലാം നീക്കി
എൻസർവ്വേശ്വരനാമെൻ സ്രഷ്ടാവേ!
പാവനമാക്കുകയെൻ ഹൃദയം
സ്ഥിരമുള്ളവനാം നിൻ റൂഹായെ
എന്നുള്ളിൽ നവമാക്കീടണമേ
നിൻമുന്നിൽ നിന്നെന്നെ തള്ളരുതേ
പരിപാവനനാം നിൻ റൂഹായെ
എന്നിൽ നിന്നെടുക്കയുമരുതേ
നിൻ രക്ഷയുമാനന്ദവുമെന്നിൽ
തിരികെ ലഭിപ്പാറാകണമേ.
നിൻറൂഹായിൻ മഹത്വം കൊണ്ടെന്നെ
വീഴ്ചയിൽ നിന്നു മുയർത്തണമേ
അതുമൂലം ഞാനതിക്രമിയെ
പഠിപ്പിക്കും നിൻ വഴി നന്നായ്
പാപികളെത്തും നിൻ സവിധേ
രക്തപ്പകയിന്നെന്നെയകറ്റി
എന്നെരക്ഷിക്കുകയെൻ സർവ്വേശാ-
നിൻ നീതിയെയെൻനാവു സ്തുതിക്കും
എന്നധരങ്ങൾ തുറക്കണമേ
നിൻ സ്തുതി കീർത്തിക്കും ഞാനെൻ - വായാൽ
ബലികളെ നീ ഗണിക്കുന്നില്ല
ഹോമബലിയിൽ നിരപ്പായില്ല
താഴ്മയുള്ളാത്മാവിനെയല്ലോ നീ
നിൻബലിയായി ഗണിച്ചിടുന്നു
നുറുങ്ങിയ ഹൃദയം നിന്നിഷ്ടം
ദൈവമതിനെ നിരസിക്കില്ല
നല്ലവരായി മരിച്ചോർക്കിടമാം
സെഹിയോനൊടു നീ നിന്നിഷ്ടത്താൽ
നന്മചെയ്യുന്നതിരില്ലാതെ
ഊർശ്ലേമിൻ മതിലുകൾ തീർക്കുക
നീതിബലിയും ഹോമബലിയും
ആമോദത്തോടു വീക്ഷിക്കും ദൈവം
നിൻ ബലിപീഠം ശുദ്ധമതാകും
കാളകളതിന്മേൽ ബലിയായ്തീരും
ദൈവമേ സ്തുതി എന്നേയ്ക്കുമാമ്മീൻ.



ലേഖനം

*"As moves my fragile bark across the storm-swept sea,*
*Great waves beat o'er her side, as north wind blows;*
*Deep in the darkness hid lie threat'ning rocks and shoals;*
*But all of these, and more, my pilot knows" - Thomas Curtis Clark.*

# My Shepherd

**Philipose Vaidyan**

Our life is like a frail ship moving across a storm -swept sea, and hidden beneath the great waves are dangerous rocks and shoals. But there is one who knows all these and more, and He is my Pilot.

Psalm 23:1 states: "The LORD is my shepherd". About the wide usage of this Psalm says Henry Ward Beecher: "This Psalm has flown like a bird up and down the earth, singing the sweetest song ever heard. It has changed more griefs to happiness than all the philosophies of the world. It will go on singing to your children, and to my children, till the end of time". Now there can be truth about physical or spiritual things. Something that is true can always be depended upon. As an illustration of physical truth, there is a story about the suspension bridge at Punalur. It was designed by a English man. But when it was completed, people feared to use it. But the engineer who was aware of the truth about its stability, had no difficulty to stand with his family on a boat beneath the bridge, when elephants were moving along the bridge overhead!

But spiritual truth is far greater than physical truth. A Biblical statement expresses a spiritual truth, and about its immutability says Mark 13:31: "Heaven and earth shall pass away: but my words shall not pass away". The three Hebrew children Shadrach, Meshach and Abednego, had known the truth about the goodness of the living God, and therefore unhurt they came out of the burning fiery furnace of king Nebuchadnezzar (Dan. 3:27). As another example, note the following event in the life of George Mueller of Bristol: One day he was going to Quebec in a ship. But, because of fog, the captain of the steamer had been on the bridge twenty-four hours and never left it. But Mueller went to him, and said, "Captain, I have come to tell you that I must be in Quebec Saturday afternoon". But the captain replied that it was impossible. Then Mueller said, "Very well, if your ship cannot take me, God will find some other way. I have never broken an engagement for fifty-seven years. Let us go down into the chart-room and pray". "What lunastic asylum can this man have come from?", the captain thought to himself looking at that man of God. He then said, "Mr. Mueller, do you know how dense this fog is?" "No", he replied, "My eye is not on the density of the fog, but on the living God, who controls every circumstance of my life". After that he knelt down and prayed one of the most simple prayers. He then calmly said, "Captain, get up and open the door, and you will find the fog gone". When he looked out, the fog was indeed gone. And Mueller was in Quebec on Saturday afternoon itself! (Streams in the Desert).

J. Hudson Taylor, the famous missionary in China, said: "The Lord is my shepherd", is on Sunday, is on monday and is through every day of the week; is in January, is in December, and every month of the year; is at home, and is in China; is in peace, and is in war; in abundance, and in penury". Note that the tense of the verb is 'is'. Someone asked David Livingstone how he could endure the hardships in Africa. He replied that the following words of the Lord Jesus Christ kept ringing in his ears: "Lo, I am with you always, even unto the end of the world" (Matt. 28:20). He also said, "without Christ, not one step; with him, anywhere". The presence of the good shepherd made the difference!

**MATRIMONIAL**

Orthodox Parents retired defence Officer settled in Madras invite marriage alliance from orthodox parents for their son, deacon completed seminary studies and BE, 31/167 c.m., fair complexion. Girls with teaching/medical qualificaion willing to work at North India may respond preferably with a photograph.

**Box. No. 276**
**Malankara Sabha**
**Devalokam, Kottayam-686038**

## KRISHNA CHARITABLE TRUST'S

## KRISHNA HOSPITAL AND MEDICAL RESEARCH CENTRE, KARAD.

**(750-bedded hospital to Krishna Institute of Medical Sciences, the well-known medical college in western Maharastra.)**


Applications are invited from candidates for admission to the **General Nursing and Midwifery,** 3years course (Recognized by Indian Nursing council and Maharastra Nursing Council) 19th batch commencing from 1st August 2002. Candidate desirous of admission to this course must fulfill the following conditions.

XII Th std. Pass preferably science
Age between 17 and 25 years
Knowledge of English

Prescribed forms are available from principal, college of Nursing, Krishna Hospital & Medical Research Centre, Karad, Dist-Satara, Maharastra on payment of Rs, 125/- per form on all working days. Payment may be made in cash, money order or demand Draft in favour of Krishna Hospital & MRC on any Nationalized Bank Payable at Karad.

Last date for submission of completed forms is 8th July 2002.


### 1-ാം ചരമ വാർഷികം
### (23-6-2002)



**REV. FR. M.T. EASO**

**ALACKAL, CHERUKULANJI, RANNI**

23.06.2002 ഞായറാഴ്ച സെ. മേരീസ് ഓർത്തഡോക്സ് ചർച്ച്, കരിമ്പനാം കുഴിയിൽ വി. കുർബ്ബാനയും തുടർന്ന് ധുപ പ്രാർത്ഥനയും ഉണ്ടായിരിക്കും.

*എന്ന് സന്തപ്ത കുടുംബാംഗങ്ങൾ*

### പാവന സ്മരണയ്ക്ക്



**ഡോ. അന്നമ്മ ഏബ്രഹാം**

(സുരേഷ് നേഴ്സിംഗ് ഹോം സ്ഥാപക)

തൊണ്ടുവേലിൽ,

ചങ്ങനാശ്ശേരി

*സന്തപ്ത കുടുംബാംഗങ്ങൾ*



# പ്രവാസ ലോകത്തുനിന്ന്...

സി.പി. മാത്യു, അടൂർ (ഷാർജജ)

നിർമ്മാണ മേഖലയിലുണ്ടായ പൂർത്തീകരണവും ആഗോള വിപണിയിലുണ്ടായ മാന്ദ്യവും മൂലം ആയിരങ്ങൾ തൊഴിലെടുത്തുവന്നിരുന്ന ഗൾഫ് മേഖലയിലെ തൊഴിലാളികൾ ഇന്ന് അത്യന്തം വിഷമാവസ്ഥയിലാണ്.

ഒരു വർഷത്തിലേറെയായി വേതനം ലഭിക്കാത്തവർ, പുതിയ കരാർ ലഭിക്കാത്തതു മൂലം കടത്തിലായ മാനേജ്മെന്റുകൾ, ഭക്ഷണത്തിനുപോലും ബുദ്ധിമുട്ടുന്ന അനേകർ ഈ മേഖലയിലുണ്ട്. അവരെ ആശ്രയിച്ചുമാത്രം കഴിയുന്ന അവരുടെ ആശ്രിതർ ഇങ്ങ് കേരളക്കരയിലും അതിന്റെ ഭാരം പേറി കഴിയുന്നു. പല ഗൾഫ് രാജ്യങ്ങളും അവിദഗ്ദ മേഖലയിൽ തൊഴിലാളികളെ കരാറടിസ്ഥാനത്തിൽ കൊണ്ടുവരുന്നതിന് വിലക്കുകൾ ഏർപ്പെടുത്തിത്തുടങ്ങി. പഴയ പേർഷ്യാക്കാരന്റെ രൂപവും അവനോടുള്ള മനോഭാവവും ഇനിയെങ്കിലും മാറേണ്ടിയിരിക്കുന്നു. 90 കൾക്കു മുൻപ് ഗൾഫിലെത്തിയവർക്ക് അവരുടെ അടിസ്ഥാന വിദ്യാഭ്യാസത്തിനതീതമായ തൊഴിൽ ലഭിച്ചിരുന്നുവെങ്കിൽ, ഇന്ന് സി.എ. ക്കാർക്കുപോലും ക്ലർക്ക് തസ്തിക കൊണ്ട് തൃപ്തിപ്പെടേണ്ടി വരുന്നു. തന്റെ തൊഴിൽ കൊണ്ട് തന്നെ ആശ്രയിച്ച് മാത്രം കഴിയുന്ന കുടുംബത്തിന് ഉപജീവനം കഴിക്കുവാനെ ഇന്ന് സാധ്യമാകുന്നുള്ളൂ എന്നതാണ് നഗ്നസത്യം. കോടിക്കണക്കിനു വിദേശനാണ്യം നേടിത്തരുന്നു എന്ന ഘോഷണമല്ലാതെ പ്രവാസികളുടെ നാളെക്കുവേണ്ടി നാളിതുവരെ ആരും ചിന്തിച്ചിട്ടുപോലുമില്ല.

നമ്മുടെ സഭക്ക് പ്രധാന ഗൾഫ് കേന്ദ്രങ്ങളിലെല്ലാം തന്നെ ശക്തമായ ഇടവകകളുണ്ട്. ഗൾഫിലെ നല്ലവരായ ഭരണാധികാരികളുടെ ദയയും വിശാലമനസ്ക്കതെയുമാണ് സൗജന്യമായി നമുക്കു ലഭിച്ച സ്ഥലങ്ങളും, ആരാധനാ സ്വാതന്ത്ര്യവും. വളരെയധികം ഇടവകാംഗങ്ങളുമുണ്ട്. ഇതിന്റെ അഞ്ചും, ആറും ഇരട്ടി അംഗങ്ങൾ ദുഃഖവെള്ളിയാഴ്ച, ക്രിസ്തുമസ്സ് തുടങ്ങിയ ദിനങ്ങളിൽ പങ്കെടുക്കാറുണ്ട്. അത്തരക്കാരെക്കൂടി മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഇന്നുള്ളവർ ശ്രദ്ധിക്കണം. സാമ്പത്തികമായും ജോലി, സമയ, ദൂരം മുതലായ കാരണങ്ങൾ ഉണ്ട്. മാത്രമല്ല ചുരുങ്ങിയ വിലയ്ക്ക് ലഭിക്കുന്ന മദ്യം മൂലം ഒഴിവു ദിനം ഏറെ ആഘോഷിക്കുന്നവരുണ്ട്. വിദേശത്തുള്ളവർ അതാത് ഇടവകകളിൽ അംഗത്വം കൂടണമെന്ന് സഭ നിഷ്കർഷിച്ചിട്ടുണ്ട്. പക്ഷേ പലരും ഇത് പ്രാവർത്തികമാകാറില്ല. നിർമ്മാണം പൂർത്തിയായ പല ഇടവകകളും ഇന്നും നിർമ്മാണ ഫണ്ടെന്ന പേരിൽ ആയിരങ്ങൾ നൽകിയാലേ ഇടവകകളിൽ അംഗത്വം നൽകുകയുള്ളൂ എന്ന് നിർബന്ധം പിടിക്കുന്ന ചില പഴമക്കാരുമുണ്ട്. നമ്മുടെ വിശ്വാസത്തിൽ നിന്ന് മറ്റ് വിശ്വാസത്തിലേക്ക് ആളുകൾ പോയിട്ടുണ്ടെങ്കിൽ അതിന്റെ ഏറ്റവും വലിയ പങ്ക് ഗൾഫ് മേഖലയിൽ നിന്നാണ്. ചെറിയ ചെറിയ ഗ്രൂപ്പുകൾ ഓരോ വ്യക്തിയിലും ശ്രദ്ധകേന്ദ്രീകരിച്ച് അവരുടെ ജീവിതത്തിൽ വേണ്ടതായ സാഹചര്യങ്ങൾ ഒരുക്കി നമ്മിൽ നിന്ന് വേർപെടുത്തിക്കൊണ്ടിരിക്കുന്നു.

ഉറ്റവരേയും ഉടയവരേയും ഉപേക്ഷിച്ച് മണലാരണ്യത്തിൽ ഒറ്റപ്പെട്ടുകഴിയുന്നവരെ കാണുവാൻ, ഇടവകയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ സഭക്ക് കടമയുണ്ട്, പ്രാർത്ഥനാ കൂട്ടായ്മകൾ ആയതിനായി ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. ഇടവകയുടെ ഈ ചെറിയ മണ്ഡലത്തിൽ ഉൾപ്പെടുന്ന എല്ലാ അംഗങ്ങളുമായി പരസ്പരം സഹകരണം ഉണ്ടാക്കിയെടുക്കാം. പള്ളിയിൽ പതിവായി വരുവാൻ വാഹനസൗകര്യം ഇല്ലെങ്കിൽ വാഹനമുള്ള /താൽപ്പര്യമുള്ള ഒരാളിനെ ചുമതലപ്പെടുത്താം. സൺഡേസ്കൂൾ പഠിക്കുവാൻ കുട്ടികളെ സജ്ജരാക്കാം. ബുദ്ധിമുട്ടും, പ്രയാസത്തിലുമിരിക്കുന്നവരുടെ വിഷമങ്ങൾ പരസ്പരം പങ്കുവെയ്ക്കാം. തൊഴിലില്ലാത്തവർക്ക് തൊഴിൽ നേടുവാനായി സഹായിക്കാം. അങ്ങനെ സമസ്ത മേഖലകളിലും ദൈവസ്നേഹം പങ്കുവെയ്കകാം. ഈ മേഖലയിൽ സേവനം അനുഷ്ഠിക്കുന്ന പുരോഹിതർക്ക്, അവരുടെ സേവനകാലയളവിൽ ലഭിക്കുന്ന വേതനം ഒരു ഗൾഫുകാരന്റെ ആയുസ്സു മുഴുവൻ കൊണ്ട് നേടാൻ കഴിയാത്ത അത്രയാണ്. ഈ സേവനത്തിനുവേണ്ടിയുള്ള മാൽസര്യവും, സേവനകാലത്തിനുശേഷമുള്ള സഭക്കും, ദൈവത്തിനും അതീതമായുള്ള അച്ചൻമാരുടെ പ്രവർത്തനങ്ങളും, ജീവിതചര്യകളും പലപ്പോഴും സഭാംഗങ്ങൾക്ക് മനഃക്ലേശത്തിനിടയാക്കാറുണ്ട്.

ഇക്കഴിഞ്ഞ മലങ്കര അസോസിയേഷനിൽ ഈ ഇടവകകളിൽ നിന്ന് സ്വന്തം ചിലവിൽ സംബന്ധിച്ചത് ഇവിടങ്ങളിലുള്ളവർക്ക് സഭയോടുള്ള സ്നേഹം വ്യക്തമാക്കുന്നുണ്ട്. എന്നാൽ സഭ, ഭദ്രാസനതലത്തിലും, അദ്ധ്യാത്മിക പ്രസ്ഥാനങ്ങളും ഗൾഫിലുള്ളവരെ എത്രമാത്രം പങ്കാളികളാക്കുന്നുവെന്ന് ചിന്തിക്കുന്നത് നന്നായിരിക്കും.

ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ വേനലവധിക്കെത്തുന്നവർക്കായി "ഒയാസിസ്" എന്നൊരു പരിപാടി യുവജന പ്രസ്ഥാനത്തിന്റ ചുമതലയിൽ പരുമലയിൽ വച്ച് രണ്ട് വർഷം നടത്തിയിരുന്നു. ഏവർക്കും പ്രയോജനകരമായിരുന്ന പ്രസ്തുത പരിപാടി ഒരോർമ്മയായി അവശേഷിക്കുന്നു.

സഭയ്ക്കും സമൂഹത്തിനും വിദേശങ്ങളിലുള്ളവരിൽ നിന്ന് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ ധാരാളമാണ് നമുക്കിന്നുള്ള എല്ലാ സമ്പത്തിന്റെയും, സ്ഥാപനങ്ങളുടെയും ഒരു ഭാഗം അത്തരത്തിൽ ലഭിച്ചതാണ്. എന്നാൽ ലക്കും ലഗാനുമില്ലാതെ ആഡംബരങ്ങൾക്കും, അനാവശ്യങ്ങൾക്കുമായി ഇന്നും ഈ കറവപ്പശുവിനെ നിർദ്ദയം ഉപയോഗിക്കുകയാണ്. വിദേശ സഹായം മാത്രം ലക്ഷ്യമാക്കിയാണ് സഭയുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന മിക്ക സ്ഥാപനങ്ങളും, പ്രസ്ഥാനങ്ങളെല്ലാം എന്നത് ഖേദകരമായ വസ്തുതയാണ്. നമ്മുടെ പ്രസ്ഥാനങ്ങളുടെ സ്ഥാപനങ്ങളും ദൈനംദിന ചിലവിനെങ്കിലും സ്ഥിരമായ വരുമാനം ഭാവിയിൽ കണ്ടെത്തേണ്ടിയിരിക്കുന്നു.



# The dynamics of family Life

Fr. George Panackamattom

## Introduction

Dietrich Bonhoeffer sitting in a Nazi prison cell once wrote to a married person "Marriage is more than your life for each other, has a higher dignity and power for it is God's holy ordinance, through which he wills to perpetuate the human race till the end of time. In marriage you are a link in the chainof generations, which God causes to come and to pass away to His glory and calls in to His Kingdom. In marriage you are placed at a post of responsibility towards the world and mankind". The real value of family life is very well expressed here.

Family:- A family is more than the sum of its parts husband, wife, daughters, sons, grand parents, Uncles, Aunts, and grand children, Each has a unique view point, needs, duties and responsibilities within the larger unity of the family. Each has his or her strong and weak points, individual traits and personalities. The interaction of these family members can result in friction, tensions, headaches. At the same time this interaction can produce joy. accomplishment and a sense of well-being for each member of the family. This article deals with certain causes of conflicts in the family and the dynamics of a healthy stable and happy family life.

**Conflicts:-** Because of the deficiency in the togetherness of family life, "a taste of honey" may some time turn to sour and sometime bitter. Because of differences in personality, in physiological capacities, or in emotional needs conflicts may arise. Other factors may also lead to marital disturbances. Cultural, religious educational differences, social and economical factors may be sufficiently acute to become a cause of serious difficulties in a marital relationship. Un employment, illness, lack of adequate housing, in-law interference frequently cause anxieties and conflicts in a relationship that might otherwise have been very satisfactory. Technological advances, particularly the increasing participation of women in industrial and professional life, the progressive dimunition of her economic dependence on her husband, labour-saving devices in the home-all of these are affecting the character of marriage and family life today.

### Role:- expectation and performance:-

In every culture the male has been the 'provider' and the woman the 'preparer'. Today these roles are being modified. Today the woman works, earns money and helps 'with providing'. She may expect her husband to participate in preparing. This change in the previously well defined roles of men and women adds new stress and strains to the family life. Many are confused by these factors and are not ready or equipped to recognize and accept them.

### Problem of mutuality:-

The transition from an authoritarian patriarchal family system to a democratic organisation brings further problems. Here the problem of mutuality arises. Now the husband and wife both expect to have mutual interests, mutual tastes, mutual attitudes to families and friends and also mutual sexual gratifications. Since this is not always possible, one or the other or both may feel that there is something wrong in the relationship.

### Infertility:-

Infertility can become a difficult psychological problem in marriage. The lack of ability to procreate is a severe blow to self esteem and the knowledge of it leads to a feeling of inadequacy. There may also exist deep seated anxieties which contribute to the infertility. The resulting conflicts may lead to much marital dissatisfaction.

**Infidelity:-** Infidelity is another threat to marriage today. In the past infidelity of a husband was facitly accepted but today the right or risk of extra-marital relationship is treated equally in the case of men and women. This adds another difficulty to maintain a stable happy family unit.

**Family dynamics:-** The dynamics of a happy, healthy & stable marriage consist of mature mutual love, mutual respect, mutual understanding, mutual caring, sharing in parethood, sexual responsiveness, true awareness of dependence, awareness of responsibilities, emotional security inner unity, harmony and continuous adjustments in life.

### The family values and worth of human relationship

family values and worth of human relationship within the family are very important. Joseph Addison said "The grand essentials in this life are something to do, something to love, and something to hope for." A fine house can be constructed easily with valuable components but it depends on each individual of a family to build up a home".

> "Marriage is more than your life for each other, has a higher dignity and power for it is God's holy ordinance, through which he wills to perpetuate the human race till the end of time. In marriage you are a link in the chainof generations, which God causes to come and to pass away to His glory and calls in to His Kingdom. In marriage you are placed at a post of responsibility towards the world and mankind"

### Flexible mature personality

The interrelationship that results from the interaction of two different personalities of husband and wife make the kind of family life for a couple. In marriage the two individuals have to adjust themselves to each other as well as to many others and situations not of their own choice, the spouses family, relatives, friends and a new and different way of life. They have to be able to give up much of the personal freedom. They must be able to share the basic satisfaction that men and women seek in marriage - the security of love, companionship, a home and a family. For such a satisfactory marriage a person has to have a flexible mature personality.

### Dignity of woman

The forgotten dignity of woman was brought to light and its value acknowledged. The rights of wife are equally great and sacred with those of man. Wife is a fellow heir with man of eternal life. Between the husband and the wife there exists a bond of love more holy, tender, and firm. The image of self sacrifice, devotion and fidelity to each others and to other are to be realised in the family relationship.

### Love and emotional security

Men and women are of varying degrees of emotional development. They seek love and emotional security in marriage. The need for this, remains a need throughout the life of the adult. A mature love relationship between man and woman is a soure of security. In mature love it seeks not merely the satisfaction of the self but even more. So the satisfaction of the beloved partners. It is also different from romantic or carnal love in which the loved one is endowed with all the qualifications one would wish to find is him/her. Mature love is expressed to the person loved with word and gesture, with signs of affection and tenderness. Lack of demonstrativeness becomes a source of irritation and resentment. A woman seems to have a constant need for reassurance and support from a husband. Mature love and an ability to express it and give it freely is an essential base for a good marriage. "Express one's feelings to the extent of one's capacity".

### Sexual Responsiveness:

The Sexual incompatability of a married couple may wreck their family life. Ignorance in sexual matters enhances family problems. One is uncertain as to what is moral and what is immoral. In married life self control and abstinence have a significant place. Every one should be conscious of the need of self control, spiritual enlightenment and discipline. Premarital Sex and sex outside marriage will spoil healthy married life. Social laws, conventions, customs and regulations to be remembered for a better life in the society, breaking of which may disturb one's peace of mind. Pre-marital sex and sex outside marriage do not result in absolute satisfaction and happiness, because of fear, anxiety and worry etc. Illegitimate sex prevents a person from giving absolute love and satisfaction to the partner. And consequently they become estranged day by day. Children born of promisous sex, may develop unhealthy character and outlook in life

and go astray. They are likely to be victims of sexually transmitted diseases and abnormality.

In married life the sexual satisfaction derived from husband-wife relationship is not only physical but also emotional, psychological and spiritual . Sex is God-given and holy. If manipulated in a noble manner sex is a great force that brings light and life to family living. Men and women seek mutual response in their sex relations. A couple fully grown to maturity should bring a healthy hetero sexual attitude to their marital relations. This will express itself in a mutually pleasurable response. This good feeling extends to other areas in their relationship and facilitate the required adjustments in life. The ability to work out a mutually satisfactory sex relationship demonstrates an ability to consider not only one's own needs but those of the mate as well. The satisfaction of a mate's needs may be justifiable even when they are not necessarily mutual. Couples have to accept each other in the sex relations without resentment.

### Effect of communication

Marriage is a real partnership for life. Where the couple can "talk each others language" and freely communicate with each other will find their life together richly rewarding. Marriage has been described as the "art of human relationship at its best". Every husband and wife has the right to know each other's minds, about each other, and about everything which concerns their marital relationship. "Intimate and friendly communication between husband and wife tends to weld them together, where as a decided decline in this type of communication tends to break up existing attachments" (a remark of a sociologist in "Happiness in marriage-").

Now a days many family problems are due to the lack of communication and understanding of the truth. Mind of openness and free talks among the members, conveying the thoughts, desires and problems of a member to the partner bring relief to all the members of the family. Problem one faces could easily be understood and solutions could be brought out before catering in to a breaking situation. Mental agony makes a person sick and with the interaction of that particular person the whole family may go to a troubled and confused situation. Real communication between the partners make such situations relieved which brings happiness to the family" Communication in marriage is putting love into practice".

**Happiness:-** "Laugh and the world laughs with you; weep and you weep alone. A smile is an inexpensive way to happiness. Think of all, one has to be grateful for. Getters generally don't get happiness, but giveers get it" (Book. Simple ways to make your family happy) Each one has a goal to be happy in life. A person could get happiness out of the manner of his dealings. If he wants to see the other members of the family happy, first of all make himself happy. A smile on the lips and a twinkle in the eyes make others happy and so also the family as a whole. Learn to enjoy the simple pleasures of life. "Love other Love others, express it express it through words and deeds, make happiness for a lifetime."

### Confidence and mutual trust

Have confidence in oneself and in others is very important in family life. If this is lost the whole family will be is trouble. With confidence one can empower the other which will develop communication and contacts. Mutual trust, mutual honesty and mutual frankness are absolutely necessary for a good and happy married life.

**Mutual sharing:-** The relationship between husband and wife is the most abiding and deep. For this reason husband and wife should not desist from the emotional sharing of joys and sorrows in life. They should also appreciate each other's aptitudes and abilities, taking into account the fact that the family and social background of the one may be different from the other's. The relationship become strengthened when the husband and the wife have a sharing attitude.

### Mutual respect

Nobody wants insults and humiliations. Blaming others, nagging, getting angry, throwing funtrums, shouting, bickering etc will only 'pour oil on fire'. partners should not be criticised in front of others. Admit the mistakes one makes. Self respect and mutual respect have value in the family life.

### Awareness of dependence

Family life requires the cultivation of an awareness of mutual dependence between husband and wife. Develop an attitude of co-operation and consultation between husband and wife. Where necessary, children also should be consulted which will assure them of their important place in the family. Mutual understanding, Mutual caring of or the needs of each partner, sharing together all the good and bad experiences of life together etc are to be seen as the few forms of a healthier family life.


### Awareness of responsibilities.

A family as a whole and each member individually should bear in mind their duties and responsibilities towards God, towards the society, towards each other, towards oneself, towards the parents, towards in-laws, and towards children &

ശേഷം 28-ാം പേജിൽ



# ബൈബിൾ പദപ്രശ്നം XIV



**വലത്തോട്ട്**

1. അബ്രഹാമിനെ അനുഗ്രഹിച്ച ദൈവത്തിന്റെ പുരോഹിതൻ (6)

2. ഏറ്റവും കൂടുതൽ അത്ഭുത പ്രവൃത്തികൾ ചെയ്ത പഴയനിയമ പ്രവാചകൻ. (2)

6. ബൈബിളിൽ ആദ്യം പറയപ്പെട്ടിരിക്കുന്ന പർവ്വതം (4)

8. പത്രോസ് ശ്ലീഹായ്ക്കുള്ള മറ്റൊരു പേർ. (3)

10. പടയിൽ വച്ച് നിലവിളിച്ച രാജാവ്. (5)

12. യേശു പത്തു കുഷ്ഠരോഗികളെ സൗഖ്യമാക്കിയതെവിടെ വച്ചായിരുന്നു. (3)

15. യേശു സാത്താനേ എന്നു വിളിച്ചതാരെ? (3)

16. സഹോദരിയെ വിവാഹം ചെയ്തവൻ (3)

17. തുബ്ദേൻ എന്ന വാക്കിന്റെ അർത്ഥം (5)

19. പുതിയ നിയമത്തിലെ ഒരു പ്രവാചകി. (2)

20. സത്യത്തിനുവേണ്ടി ശിരഛേദം ചെയ്യപ്പെട്ടവൻ (8)

**താഴോട്ട്**

1. 'അവകാശമുള്ളവൻ' ആര്? (3)

2. മിസ്രയിമ്യനെ കൊന്നു മണലിൽ കുഴിച്ചിട്ടവൻ (2)

3. ഹബെക്കുക്ക് പുസ്തകത്തിൽ അവസാനം പ്രയോഗിച്ചിരിക്കുന്ന പദം. (2)

4. റിബെക്കായുടെ ധാത്രി (3)

5. ഭൃത്യനു മകളെ വിവാഹം കഴിച്ചു കൊടുത്തവൻ (3)

7. അധർമ്മികളുടെ ഇടയിൽ വസിച്ചിരുന്ന നീതിമാൻ. (2)

9. വെള്ളത്തിൽ നിന്നും വലിച്ചെടുക്കപ്പെട്ടവൻ (2)

10. എന്റെ അതിർ വിസ്താരമാക്കണമെന്നു പ്രാർത്ഥിച്ചവൻ. (3)

11. മരണത്തിനു മുമ്പായി യോശുവാ ഇസ്രയേലുമായി ഉടമ്പടി ചെയ്തതെവിടെ വച്ചായിരുന്നു. (2)

12. സ്വന്തം പുത്രന്മാരെ ന്യായാധിപന്മാരാക്കിയ പ്രവാചകൻ. (4)

13. ദൈവത്തിന്റെ പർവ്വതം (3)

14. ബഥാന്യയിലെ രണ്ടു സഹോദരിമാരിൽ ഒരാൾ. (3)

18. വെളിച്ചത്തിനു സാക്ഷ്യം പറഞ്ഞവൻ ആര്? (4)

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം
ജോർജി പി. മാത്യു
പാലനിൽക്കുന്നതിൽ
കല്ലിശ്ശേരി പി.ഒ.
ചെങ്ങന്നൂർ 689124

ഉത്തരങ്ങൾ അയയ്ക്കേണ്ട അവസാന തീയതി : 10-7-200

## പദപ്രശ്നം XII (ശരിയുത്തരം)

### സമ്മാനം നേടിയവർ

1. ഡോ. (Mrs.) ഏലിയാമ്മ ഐസക്; പുത്തൂർ
2. സാറാമ്മ തമ്പി, കോയമ്പത്തൂർ
3. വിനി വി. ജോൺ, കൊടുമൺ.

4) ശോശാമ്മ വർഗീസ്, പാണ്ടങ്കരി; 5) ആലീസ് ഏബ്രഹാം, കോയമ്പത്തൂർ; 6) അന്നമ്മ മത്തായി, ആലുവ; 7) മോളി മാത്യു, നാരങ്ങാനം; 8) റേച്ചൽ അലക്സാണ്ടർ, പിമ്പ്രി, പൂനെ; 9) ഏലിസബേത്ത് തമ്പി, കൊച്ചി; 10) ലിനി ഡാനിയേൽ, ചെന്നൈ; 11) മോളി ചാക്കോ, തിരുവനന്തപുരം; 12) സാബു ജോർജ്ജ്, ആലുവാ; 13) എം. ജോയി, തുമ്പമൺ, ഏറം; 14) അനു ജോർജ്ജ്, ആലുവാ; 15) പി. എം. അന്ത്രയോസ്, കുറോപ്പട; 16) ഏലിയാമ്മ തോമസ്, നിരണം; 17) റെജിനി റെജി, കളമശ്ശേരി; 18) മേരിക്കുട്ടി പാപ്പച്ചൻ, ന്യൂഡൽഹി; 19) കെ. ജോസഫ്, കലയപുരം.

| | | | | | | | |
|---|---|---|---|---|---|---|---|
| 1 കാ | 2 തോ | 3 ലി | ക്ക | 5 കൂ | റി | ലോ | സ് |
| തോ | മ്മ | 4 ലി | ബി | 7 യ | ന്ത്ര | മു | ട്ടി |
| ലി | സ് | യോ | 12 ബ | റ | ബ്ബാ | സ് | 11 ശൗ |
| ക്കാ | 8 മ | ലാ | ഖി | 9 മി | ഷാ | യേ | ൽ |
| 6 ദി | 19 നോ | 10 റോ | സോ | യ | 16 ഡി | ഡാ | ക്കി |
| നം | 13 ഹ | 14 മാ | ർ | ത്തോ | മ്മാ | ശ്ലീ | ഹാ |
| 15 ഗ്രീ | ന്ന | 17 പാ | ത്രി | യാ | ർ | ക്കി | സ് |
| ക്ക് | 18 സ | ദ്യ | ശ്യ | വാ | ക്യ | ങ്ങ | ശ് |

# സഭയുടെ ബാഹ്യകേരള മിഷൻ പ്രവർത്തനങ്ങൾ

### ക്രിസ്തുശിഷ്യാ ആശ്രമവും ബാലഭവനവും, തടാകം.

തെക്കേ ഇന്ത്യൻ മിഷൻ പ്രവർത്തനങ്ങൾക്കായി ബിഷപ്പ് ഹെർബർട്ട് പാക്കൻ ഹാം വാൽഷ് ജൂലൈ-15ന് സ്ഥാപിച്ചതാണ് തടാകം ക്രിസ്തുശിഷ്യാശ്രമം. ഗ്രാമീണ മിഷന് ഊന്നൽ നൽകി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 1997-ൽ സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാം സ്ഥാപിച്ചു. 15 കുട്ടികൾ ഇപ്പോൾ ഉണ്ട്. ഇതോടനുബന്ധമായി നല്ല നിലയിൽ പ്രവർത്തിക്കുന്ന ബിഷപ്പ് വാൽഷ് മെമ്മോറിയൽ ആശുപത്രിയും ഉണ്ട്. 1994-ൽ ആരംഭിച്ചതും



അഞ്ചാം ക്ലാസ് വരെയുള്ളതുമായ ബിഷപ്പ് വാൽഷ് മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽ ഏകദേശം 150 കുട്ടികൾ ഇപ്പോൾ ഉണ്ട്.

വിലാസം: ക്രിസ്തുശിഷ്യാശ്രമം, തടാകം, കോയമ്പത്തൂർ-641108, ഫോൺ:- 0422 - 858228

### സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാം, നിർമ്മലഗിരി, യാച്ചാരം.

കുഷ്ഠരോഗികളുടെ കുഷ്ഠരോഗമില്ലാത്ത കുഞ്ഞുങ്ങളെ എടുത്തുവളർത്തി ഭാവി ശോഭനമാക്കുന്നു. 90 ഏക്കർ സ്ഥലമുണ്ട്. 105 കുട്ടികൾ ഇപ്പോൾ താമസിച്ച് പഠിക്കുന്നു. ഇതോടനുബന്ധിച്ച് 60 കിടക്കകളോടുകൂടിയ ഒരു ആശുപത്രി, 2001-ൽ ആരംഭിച്ച കണ്ണാശുപത്രി എന്നിവ വളരെ വിജയകരമായി പ്രവർത്തിക്കുന്നു. അനേക ഗ്രാമങ്ങളിലെ പാവപ്പെട്ട രോഗികൾക്ക് ഒരു വലിയ ആശ്വാസമാണ് ഈ ആശുപത്രികൾ. കൂടാതെ കുട്ടികൾക്ക് തൊഴിലവസരത്തിനായി ബസ്സേലിയോസ് മാത്യൂസ് ദ്വിതീയൻ ഐറ്റിസി. ആരംഭിച്ചു പ്രവർത്തിക്കുന്നു.

വിലാസം: സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാം, നിർമ്മലഗിരി, യാച്ചാരം പി.ഒ., ഇബ്രാഹിം പട്ടണം, ആർ.ആർ. ഡിസ്ട്രിക്ട്, ആന്ധ്രാ പ്രദേശ്., ഫോ:- 08414-432324

### സെന്റ് തോമസ് കെയർ ഹോം, തണ്ടാലം

അനാഥരായ കുഞ്ഞുങ്ങളെ താമസിപ്പിച്ചു പഠിപ്പിക്കുന്നു. ഇപ്പോൾ 32 കുട്ടികൾ ഇവിടെ ഉണ്ട്.

വിലാസം:- സെന്റ് തോമസ് കെയർ ഹോം തണ്ടാലം, ശ്രീപെരുമ്പത്തൂർ, ചെന്നൈ-600083.

### നാംസ് സ്നേഹ സദൻ, ബാംഗ്ലൂർ

മലങ്കര സഭാ മിഷൻ ബോർഡിന്റെ കീഴിലുള്ള നാഷണൽ അസ്സോസിയേഷൻ ഫോർ മിഷൻ സ്റ്റഡീസിന്റെ ബാംഗ്ലൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ 1994 ഡിസംബർ 25-ന് ആരംഭിച്ചു. നിർധനരായ കുട്ടികളെ താമസിപ്പിച്ച് അവർക്ക് വിദ്യാഭ്യാസവും തൊഴിലും നൽകുകയാണ് ലക്ഷ്യം. ഇപ്പോൾ 35 കുട്ടികൾ ഉണ്ട്.

വിലാസം:- നാംസ് സ്നേഹസദൻ, നമ്പർ 28, ബാടാറാഹലി വില്ലേജ്, വിദ്യാരൺയപുര, ബാംഗ്ലൂർ-560099, ഫോ. 080-8561975.

### സ്നേഹ ഭവൻ വെല്ലൂർ

വെല്ലൂർ മെഡിക്കൽ കോളേജിൽ ചികിത്സാർത്ഥം വരുന്ന നിർദ്ധനരായ രോഗികൾക്ക് കുറഞ്ഞ ചിലവിൽ ഇവിടെ താമസിക്കാം. രോഗികളും അവരെ ശുശ്രൂഷിക്കുന്നവരും കൂടി 25 പേർക്ക് താമസിക്കുന്നതിനുള്ള സൗകര്യം ഉണ്ട്.

വിലാസം:- സ്നേഹ ഭവൻ, 107 ഫേസ് -, സേതുവച്ചേരി പി.ഒ., വെല്ലൂർ-632009

### മാർ ഗ്രീഗോറിയോസ് ബഥേൽ കാരുണ്യാ സെന്റർ, കരാശ്ശേരി

തിരുനൽവേലിക്കു സമീപം കാരാശ്ശേരിയിൽ കുഷ്ഠരോഗികളുടെ കുഷ്ഠമില്ലാത്ത കുഞ്ഞുങ്ങളെ എടുത്തു വളർത്തുന്ന ബഥേൽ കരുണ്യാ സെന്റർ പ. പരുമല തിരുമേനിയുടെ നാമത്തിൽ 1991 ജൂലൈ 3-ന് ആരംഭിച്ചു. കാരുണ്യ പ്രവർത്തനവും, ആതുരശുശ്രൂഷയുമാണ് ലക്ഷ്യം. 60 കുട്ടികൾ ഇപ്പോൾ ഇവിടെ ഉണ്ട്.

വിലാസം: മാർ ഗ്രീഗോറിയോസ് ബഥേൽ കാരുണ്യാ സെന്റർ, കാരാശ്ശേരി, തത്തലക്കുളം പി.ഒ., തമിഴ്നാട്-628622. ഫോൺ: 04630-63274

### ബഥേൽ കോൺവെന്റ് & ബഥേൽ സ്നേഹഭവൻ, തമിഴ്നാട്.

പാവപ്പെട്ടവരും അനാഥരുമായ പെൺകുട്ടികളെ എടുത്തു വളർത്തുക എന്ന ലക്ഷ്യത്തോടെ തമിഴ്നാട്ടിൽ ബഥേലിന്റെ കീഴിൽ തുടങ്ങിയ ഒരു സ്ഥാപനമാണ് ഇത്. ഇവിടെ അഞ്ചും പത്തും വയസിനിടയിൽ ഉള്ളവർക്കാണ് പ്രവേശനം ഉള്ളത്.

വിലാസം:- ബഥേൽ സ്നേഹഭവൻ, ബഥേൽപുരി, അമ്പാലം പി.ഒ., മൂലൈ കരിപെട്ടി, തിരുനെൽവേലി ഡിസ്ട്രിക്ട്, തമിഴ്നാട്-627354

### ബഥേൽ ഓൾഡ് ഏജ് ഹോം, തമിഴ്നാട്

ആശ്രയ രഹിതരായ വൃദ്ധരെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. ഇപ്പോൾ 20 അന്തേവാസികളുണ്ട്.

വിലാസം: ബഥേൽ ഓൾഡ് ഏജ് ഹോം, അമ്പാലം പി.ഒ., മൂലൈകരിപെട്ടി, തിരുനെൽവേലി, ഡിസ്ട്രിക്ട്, തമിഴ്നാട്.

### ബ്രഹ്മവാർ മിഷൻ, കർണ്ണാടക

കത്തോലിക്കാ സഭയിൽ നിന്നും ഓർത്തഡോക്സ് സഭയിൽ ചേർന്നവരുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കായി 1888-ൽ അൽവാറീസ് മാർ യൂലിയോസ് ആണിത് ആരംഭിച്ചത്. ഒരു ഡിഗ്രി കോളേജ്, ഒരു ജൂനിയർ കോളേജ്, രണ്ട് യു.പി. സ്ക്കൂൾ, ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ ഇവയുണ്ട്.

വിലാസം: സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച്, ഉടുപ്പി, ഡി.കെ. ജില്ല, കർണ്ണാടക-576 213

### Bombay diocese

Education Institutions, Medical Centres and Balawadies of Bombay diocese

School Administrated by M.O.C.C.B

1) St. Mary's School , Vashi; 2) St. Thomas School, Kalyan; 3) St. Mary's Valsad;

**School administrated by Trust**

1) St. George School, Mulund. Ph: 022-5605620; 2) Basil School, Baroda, Ph:0265-336948; 3) St. Thomas School, Rajkot; 4) St. Thomas Public School, Kirkee; 5) St. Gregorios H.S., Jamnagar; 6) St. Gregorios H.S., Chembur

**Schools Administrated by local parishes**

1) St. Basil School, Baroda; 2) St. Mary's School, Malad. Ph: 022-8754276; 3) M.G.M. School, Baroda; 4) St. Mary's School, Ahemadabad. Ph: 079-5355456, 2811345

**Medical Centres/Free Clinics**

1) Mar Theophilos Memorial Charitable Clinic, Baroda; 2) St. Mary's Medical Centre, Dadar. Ph:022-4124891; 3) St. Mary's Medical centre, Ahemedabad. Ph:079-5355456; 4) St. Mary's Charitable Clinic, Donbivil, Ph: 0251-451772; 5) St. John's Charitable Clinic, Andheri, Ph: 022-8501694; 6) St. Gregorios Charitable Clinic, Chembur. Ph: 022-5516773; 7) Mar Theophilos Charitable Clinic, Borivli, Ph: 022-8924747

**Balawadi**

1) St. Thomas Balawadi, Dadar. Ph: 022-4124891;

**Technical Institute**

1) Dr. Mar Theophilos Memorial Technical Institute, Vashi. Ph: 7636427 (O); 7656751 (R)

### സെന്റ് ജോർജ്ജ് ബാലികാ ഗ്രാമം, ദേഹു റോഡ്, പൂന.

1993-ൽ ആരംഭിച്ചു. കുഷ്ഠരോഗികളുടെ കുഷ്ഠം ഇല്ലാത്ത പെൺ കുഞ്ഞുങ്ങളെ എടുത്തു വളർത്തുക എന്നതാണ് ലക്ഷ്യം. ഇപ്പോൾ മുപ്പതോളം കുഞ്ഞുങ്ങൾ ഇവിടെ ഉണ്ട്. ബാലികാ ഗ്രാമിനോട് ചേർന്ന് സെന്റ് 'ജോർജ്ജ് സ്ക്കൂളും നടത്തിവരുന്നു.

വിലാസം: സെന്റ് ജോർജ്ജ് ബാലികാഗ്രാം, പി.ബി. നം. 1, ദേഹുറോഡ് പി.ഒ., പൂന. ഫോൺ: 020-7671066

കൽക്കട്ട

### സെന്റ് തോമസ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, നാഗപ്പൂർ.

വടക്കേ ഇന്ത്യയിലെ സുവിശേഷ പ്രവർത്തനങ്ങൾ ഫലപ്രദമായ രീതിയിൽ നടപ്പാക്കാൻ വേണ്ട പ്രവർത്തകരെ വാർത്തെടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 1995 ഒക്ടോബർ മാസം 19-ന് ഉദ്ഘാടനം ചെയ്തതാണ് സെന്റ് തോമസ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി. അഭിവന്ദ്യ ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനിയുടെ പ്രധാന ചുമതലയിൽ സ്ഥാപിതമായി വളർന്നുകൊണ്ടിരിക്കുന്നു. നാല്പതോളം വിദ്യാർത്ഥികൾ പഠിക്കുന്നു.

വിലാസം: സെന്റ് തോമസ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി. പി.ബി. നം.27, നാഗപ്പൂർ-440001, ഫോ: 07118-71696

### ഫാ. സി.കെ. തോമസ് മെമ്മോറിയൽ ബാലഗ്രാം.

ദിവംഗതനായ ഫാ. സി.കെ. തോമസ് റൂർക്കലയിൽ ഗ്രീഗോറിയോസ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ സ്ഥാപിച്ചു. അതിന്റെ വരുമാനം ഉപയോഗിച്ച് 1990 ഡിസംബർ 2-ന് മാർ സേവേറിയോസ് ചാരിറ്റബിൾ ഡിസ്പെൻസറി ആരംഭിച്ചത് ഗ്രാമീണർക്കും, ആദിവാസികൾക്കും വളരെ സഹായകമായി. തൊഴിൽ രഹിതരായ യുവാക്കളെ സഹായിക്കുവാൻ യൂത്ത് ട്രെയിനിംഗ് സെന്റർ, റവ. ഫാ. സി.കെ. തോമസ് മെമ്മോറിയൽ ബാലഗ്രാം എന്നിവയും ഇതൊട

നുബന്ധിച്ച് നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നു.

വിലാസം: ഫാ. സി.കെ. തോമസ് മെമ്മോറിയൽ ബാലഗ്രാം, സിവിൾ ടൗൺഷിപ്പ്, റൂർക്കല, ഒറീസ്സാ-769004

### സെന്റ് തോമസ് മിഷൻ സെന്റർ, ഭിലായ്.

1972 ജൂലൈ 3-ന് ആരംഭിച്ചു. വടക്കേ ഇന്ത്യൻ മിഷനാണ് ഇതിന്റെ ലക്ഷ്യം. 35 ഏക്കറിൽ സ്ഥിതിചെയ്യുന്ന മിഷൻ കേന്ദ്രത്തിൽ സെന്റ് തോമസ് ആശ്രമം, സെന്റ് തോമസ് കോൺവെന്റ്, കൽക്കട്ട ഭദ്രാസന കേന്ദ്രം അച്ചടി പരിശീലനകേന്ദ്രം, ജീവൻ ജ്യോതി ബാലവാടികൾ, കൃഷി, മീൻവളർത്തൽ, എൻജിനീയറിംഗ് കോളേജ്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായുള്ള ഹോസ്റ്റൽ എന്നിവയെല്ലാം പ്രവർത്തിക്കുന്നു. മറ്റ് പതിനൊന്ന് ബാലവാടികളും തയ്യൽസ്ക്കൂളും ഇതിനോടനുബന്ധിച്ച് നടക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി മക്കോഡിയാ മിഷൻ പ്രോജക്ടും പ്രവർത്തിക്കുന്നു.

വിലാസം: സെന്റ് തോമസ് മിഷൻ സെന്റർ, പി.ബി. നം. 24, ഭിലായ്, ദുർഗ്ഗ്-490001, ഫോൺ: 0788-381309, (Fax:383266)

### സെന്റ് പോൾസ് ബാലഗ്രാം, ഇറ്റാർസി.

ഭോപ്പാൽ-നാഗപ്പൂർ നാഷണൽ ഹൈവേയ്ക്കു സമീപം റൈസൽപൂർ ഗ്രാമത്തിൽ 8.5 ഏക്കർ സ്ഥലത്ത് ഈ സ്ഥാപനം സ്ഥിതിചെയ്യുന്നു. കുഷ്ഠരോഗികളുടെ കുഷ്ഠമില്ലാത്ത ആൺകുട്ടികളെ സംരക്ഷിക്കുന്നതിനുവേണ്ടി ആരംഭിച്ചതാണ് ഈ സ്ഥാപനം. ഇപ്പോൾ മുപ്പത്തഞ്ച് കുട്ടികളുണ്ട്. ചികിത്സാ സംവിധാനവും, തൊഴിൽ സംവിധാനവും വിപുലപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്.

വിലാസം: സെന്റ് പോൾസ് ബാലഗ്രാം ഇറ്റാർസി, പി.ബി. നം. 45, മദ്ധ്യപ്രദേശ്, ഫോൺ: 07572-73940

### Educational Institutions

1) M.P. Christian College of Engineering and Technology, Bhilai Mission

2) (a) St. Thomas Arts & Science College Bhilai; (b) St. Thomas College of Medical Technology/DMLT (2 years diploma course) and Research Centre affiliated to AIMETA Delhi, Bhilai Mission; (c) St. Thomas College of Coumputer Education, Delhi, Bhilai Mission.

3) M.G.M. Higher Secondary School, Korba, M.P., Bhilai Mission; 4) M.G.M. Secondary School, Dimapure, Nagland, Bhilai Mission; 5) M.G.M. Secondary School, Ittarsi, M.P., Bhilai Mission; 6) M.G.M. (elementary) School, Raipur, Bhilai Mission; 7) M.G.M. (Elementary) School, Bagdona, Sasni, M.P., Bhilai Mission; 8) M.G.M. Primary School, Dewar, M.P., Bhilai Mission; 9) M.G.M. Primary School, Indore, M.P., Bhilai Mission; 10) M.G.M. Primary School, Pithapur, M.P. , Bhilai Mission; 11) M.G.M. Hindi Medium primary School, Devakala, M.P., Bhilai Mission; 12) Mar Baselios Vidyalaya (Secondary), Bhilai, M.P., Bhilai Mission; 13) St. Mary's Nursery School, Bokao, Bhilai, Bhilai Mission; 14) M.G.M. Sr. Secondary School, Bhilai, M.P., Bhilai Mission; 15) M.G.M. Higher Secondary School, Hathital, Jabalpur, Bhilai Mission; 16) St. Mary's Higher Secondary School VFJ, Jabalpur M.P., Bhilai Mission; 17) St. Mary's H.S.S. (Hindi Medium) VFJ Jabalpur, M.P., Bhilai Mission; 18) M.G.M. Higher secondary School, Rourkala, orkissa; 19) M.G.M. Higher Seconday School, Bokoro, Bhilai, Bhilai Mission; 20) M.G.M. Nursery (Elementary) School, Bhopal, M.P., Bhilai Mission; 21) M.G.M. Nursery School, Nagpur, Maharastra State, Bhilai Mission

### Charitable Institutions and activities

The rural areas where the Diocese of calcutta has parishes are backward both.

#### കലഹണ്ടി ഡവലപ്മെന്റ് പ്രോജക്ട്

(ഓപ്പറേറ്റഡ് ബൈ മലങ്കര ഓർത്തഡോക്സ് ചർച്ച് മിഷൻ സൊസൈറ്റി)

ഇന്ത്യയിലെ പട്ടിണി മരണം ഏറ്റവും കൂടുതൽ ഉണ്ടാകുന്ന ഏറ്റവും പിന്നോക്കമായ ജില്ലയാണ് ഒറീസ്സയിലെ കലഹണ്ടി. ദാരിദ്ര്യവും; പട്ടിണിയും, രോഗവും, നിരക്ഷരതയും മറ്റുമായി വലയുന്ന അവിടുത്തെ ജനവിഭാഗത്തിന്റെ സർവ്വതോന്മുഖമായ പുരോഗതി ലാക്കാക്കി ആരംഭിച്ചതാണ് കലഹണ്ടി ഡവലപ്മെന്റ് പ്രോജക്ട്. ഇതിന്റെ കീഴിൽ ഒരു ഹോസ്പിറ്റൽ, നാല് സാറ്റ്ലൈറ്റ് ഡിസ്പെൻസറികൾ, മൊബൈൽ ക്ലിനിക്, ഒരു ബാലഗ്രാം, അനേക ഗ്രാമങ്ങളിൽ ബാലവാടികൾ എന്നിവ പ്രവർത്തിക്കുന്നു. ബാലഗ്രാമിൽ മുപ്പതോളം കുഞ്ഞുങ്ങൾ വളരുന്നു.

വിലാസം:- ബി.എം.പി. ഹോസ്പിറ്റൽ; ഉദിത്നാരായൺപൂർ പി.ഒ., ഭവാനിപട്ടണം, കലഹണ്ടി ഡിസ്ട്രിക്ട്, ഒറീസ്സ., ഫോൺ: 06670-31099

### മക്കോഡിയാ മിഷൻ

ഉത്തരേന്ത്യൻ മിഷൻ ലക്ഷ്യമാക്കിക്കൊണ്ട് സ്ഥാപിതമായ ഭിലായ് മിഷന്റെ കീഴിലുള്ള മക്കോഡിയാ മിഷൻ ഗ്രാമീണ പ്രേഷിത പ്രവർത്തനങ്ങൾ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. ഇതിന്റെ കീഴിൽ 70 ഗ്രാമങ്ങളിലായി ബാലവാടികൾ, അംഗൻവാടികൾ, ആതുര ചികിത്സാർത്ഥം ഹോസ്പിറ്റൽ, മൊബൈൽ ക്ലിനിക്ക്, ബോധവൽക്കരണ ക്ലാസ്സുകൾ, എം.ജി.എം. സ്ക്കൂൾ, ജനകീയ പങ്കാളിത്ത പ്രവർത്തനങ്ങൾ തുടങ്ങിയവ പ്രവർത്തിക്കുന്നു.

വിലാസം:- അഭയ നികേതൻ, മക്കോഡിയ, ഹിരൺകേഡ പി.ഒ., ഹോശങ്കാബാദ് - 461 221, മദ്ധ്യപ്രദേശം., ഫോൺ: 07572-73764, 73704.

### 4. ന്യൂ ഡൽഹി

### ശാന്തിഗ്രാം

1998-ൽ ആരംഭിച്ചു. കുട്ടികൾക്കായുള്ള വിദ്യാഭ്യാസം, സ്ത്രീകൾക്ക് തൊഴിൽ പരിശീലനം, ആരോഗ്യ സംരക്ഷണം മുതലായവ ലക്ഷ്യമാക്കി പ്രവർത്തിച്ചുവരുന്നു.

വിലാസം: ശാന്തി ഗ്രാം, C/o ഡൽഹി ഓർത്തഡോക്സ് സെന്റർ, 2, ഇൻസ്റ്റിറ്റ്യൂഷണൽ ഏരിയ, ന്യൂ ഡൽഹി-110062

*(മിഷൻ ബോർഡ് പ്രസിദ്ധീകരണത്തോട് കടപ്പാട്).*



# അമേരിക്കൻ ഭദ്രാസനത്തിലെ വളർന്നു വരുന്ന പുതിയ തലമുറ




ഡോ. തോമസ് ജോൺ

അമേരിക്കൻ ഭദ്രാസനം ശൈശവത്തിൽ നിന്നും ഇന്ന കൗമാരത്തിലേക്കും യുവത്വത്തിലേക്കും നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഭദ്രാസനം 1976-ൽ തുടങ്ങിയപ്പോൾ വെറും ശിശുക്കളായിരുന്ന പുതിയ തലുറ ഇന്ന് ഹൈസ്ക്കൂളും, കോളജും കഴിഞ്ഞ് പലവിധ തൊഴിലുകളിലേക്കു പ്രവേശിച്ചിരിക്കുകയാണ്. അവരുടെ മാതാപിതാക്കൾക്കുണ്ടായിരുന്ന ദുരഭിമാനമോ, ഇന്ന തൊഴിലേ ആകാവൂ എന്ന നിർബന്ധമോ ഇവർക്കില്ല. ബസ്സ് ഡ്രൈവേഴ്സും, പോലീസുകാരും, വൈദ്യന്മാരും, അദ്ധ്യാപകരും ഒക്കെ ഇവരുടെ കൂട്ടത്തിലുണ്ട്. എന്നാൽ മിക്കവാറും എല്ലാവരും തന്നെ അവരവരുടെ പള്ളികളിലും ഇടവകകളിലും ഉത്സാഹമായി പ്രവർത്തിയ്ക്കുന്നവരാണ്. സഭാനേതൃത്വം വഹിയ്ക്കുവാൻ ഇവർ സന്നദ്ധമാണ് എന്നു പറയുന്നതിൽ വളരെ സന്തോഷമുണ്ട്.

## ചില സത്യങ്ങൾ

1. എന്തു ജോലി ചെയ്യുന്നതിലും അവർക്കു മടിയില്ല. വീട്ടിലും നാട്ടിലും ആവശ്യമായ ജോലികളും സാമുദായിക പ്രവർത്തനങ്ങളും ചെയ്ത് കുടുംബത്തെയും സമുദായത്തെയും ഉയർത്തുന്നതിൽ അവർ തല്പരരാണ്. പരിസരങ്ങൾ ശുചിയാക്കുക, പാവപ്പെട്ടവരെ സഹായിക്കുക, ആതുരാലയങ്ങൾ സന്ദർശിക്കുക, ക്യാൻസർ, ഡയബറ്റിക്ക് എന്നീ അസുഖങ്ങൾക്കു നിവാരണം കാണാനുള്ള റിസേർച്ചിനുവേണ്ട പണം പിരിക്കുക, എന്നുവേണ്ട സർവ്വവിധ കാര്യങ്ങളിലും നമ്മുടെ യുവതീയുവാക്കൾ വളരെ തല്പരരാണ്.

2. സഭയോടും ഇടവകയോടുമുള്ള താല്പര്യം ഏത് ഓർത്തഡോക്സ് പള്ളികളിൽ നാം ചെന്നാലും യുവതീയുവാക്കൾ കാണിക്കുന്ന താല്പര്യം അസൂയാജനകമത്രേ. കാതോലിക്കാദിനവും ഭദ്രാസന ദിനവും സൺഡേ സ്ക്കൂളും എല്ലാം പുതിയ തലമുറകൾക്കായി വിട്ടുകൊടുത്തിരിക്കുകയാണ്. ആണ്ടു തോറും നടത്തുന്ന ഫാമിലി യൂത്ത് കോൺഫറൻസ് കൂടുതൽ ശതമാനവും യുവതീയുവാക്കളാണ് ഏറ്റെടുത്തു നടത്തുന്നത്.

3. കേരളത്തിലെ കുടുംബത്തിന്റെ പേരും പറഞ്ഞ് നേതൃത്വം പ്രതീക്ഷിക്കുന്നവരല്ല അമ്മേരിക്കയിലെ യുവതലമുറ. അവരവരുടെ കഴിവിന്റെ അടിസ്ഥാനത്തിൽ മാത്രമെ മറ്റുള്ളവരിവരെ കാണുന്നതിൽ താല്പര്യമുള്ളു. മാതാപിതാക്കളുടെ സ്ഥാനമാനങ്ങളുടെ മറവിൽ പിടിച്ചു നിന്ന് കീർത്തി ശേഖരിക്കുവാൻ ഇവർ തയ്യാറാകുന്നില്ല എന്നത് പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്.

4. വിവാഹ കാര്യങ്ങളിൽ പഴയ കേരളീയ അല്ലെങ്കിൽ ഭാരതീയ രീതിയ്ക്ക് ഇന്നത്തെ യുവതലമുറയ്ക്ക് വലിയ താല്പര്യമില്ല. സ്ത്രീയും പുരുഷനും പരസ്പരം കണ്ട് സ്നേഹാദരവുകൾ ഉളവായശേഷം മാത്രമേ വിവാഹത്തിനായവർ തയ്യാറാകുകയുള്ളു. ഇക്കാര്യത്തിൽ മാതാപിതാക്കളുടെ ഒത്താശയും ആശീർവാദവും അവർ വിലമതിക്കും.

5. മാതാപിതാക്കൾ അമേരിക്കയിൽ പോയി ധാരാളം പണമുണ്ടാക്കുവാൻ കാട്ടുന്ന പരാക്രമം ഇന്നത്തെ യുവതീയുവാക്കളെ സ്പർശിച്ചിട്ടു പോലുമില്ല. അവർക്കു ജീവിക്കാൻ വേണ്ടിയല്ലാതെ, പേരിനോ, പെരുമയ്ക്കും, മറ്റുള്ളവരോടു വീമ്പടിക്കുവാനും വേണ്ടി പണം സമ്പാദിക്കുവാൻ ശ്രമിച്ചുകാണുന്നില്ല. പലരും അവരവരുടെ നിരന്തര ജീവിതത്തിനല്ലാതെ മറ്റൊന്നിനും തങ്ങളുടെ തൊഴിൽ തെരഞ്ഞെടുക്കുവാൻ ശ്രമിക്കാറില്ല. ആദർശപരമായ ഒരു ജീവിതം നയിക്കാനാണെല്ലാവർക്കും താല്പര്യം. മാനുഷിക മൂല്യങ്ങൾക്കവർ പ്രാധാന്യം കല്പിക്കുന്നു. സദാചാര നിഷ്ഠയും, സമയപരിപാലനത്തിനും അവർ പ്രാധാന്യം കല്പിക്കുന്നു.

> ഭദ്രാസനം 1976-ൽ തുടങ്ങിയപ്പോൾ വെറും ശിശുക്കളായിരുന്ന പുതിയ തലുറ ഇന്ന് ഹൈസ്ക്കൂളും, കോളജും കഴിഞ്ഞ് പലവിധ തൊഴിലുകളിലേക്കു പ്രവേശിച്ചിരിക്കുകയാണ്. അവരുടെ മാതാപിതാക്കൾക്കുണ്ടായിരുന്ന ദുരഭിമാനമോ, ഇന്ന തൊഴിലേ ആകാവൂ എന്ന നിർബന്ധമോ ഇവർക്കില്ല. ബസ്സ് ഡ്രൈവേഴ്സും, പോലീസുകാരും, വൈദ്യന്മാരും, അദ്ധ്യാപകരും ഒക്കെ ഇവരുടെ കൂട്ടത്തിലുണ്ട്.

6. രാഷ്ട്രീയ പ്രവണത ഇവരിലൊക്കെയും പിടികൂടിയിട്ടുണ്ട്. അവരവരുടെ ഗ്രാമത്തിൽ, സ്റ്റേറ്റിൽ, നേതൃത്വം നേടാൻ പലരും ശ്രദ്ധിക്കുന്നു. ഏതാനും ചിലർ കൗണ്ടി (പഞ്ചായത്ത്) കൗൺസിലിലും സ്റ്റേറ്റ് നിയമസഭയിലും വിജയിതരായി. അമ്മേരിക്കയിൽ കറുത്ത തൊലിയുള്ളവരുടെ നേതൃത്വം സമ്മതിച്ചു കൊടുക്കാൻ ഇന്നും വളരെ പ്രയാസമാണെന്നു പറയേണ്ടിയിരിക്കുന്നു. അതിനാൽ മൂന്നും നാലും പ്രാവശ്യം തെരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടു വിജയം നേടാൻ കഴിയാത്ത പല മലയാളി യുവാക്കളുമുണ്ട്. കാലത്തിന്റെ പഴക്കത്തിൽ അതു മാറിയേക്കും.

### പള്ളികളിലെ പ്രവർത്തനങ്ങൾ

ഓർത്തഡോക്സ് വിഭാഗത്തിനു മാത്രം 63 പള്ളികളുണ്ട്. അവയിൽ മൂന്നിലൊന്നു സ്വന്തം പള്ളികളാണ്. അവിടെ

ശേഷം 28-ാം പേജിൽ

# സൺഡേസ്ക്കൂൾ വാർത്തകൾ

**വി**ദ്യാലയങ്ങളിൽ പുതിയ അദ്ധ്യയനവർഷം ആരംഭിക്കുകയാണ്. ചില പള്ളികളിൽ പ്രത്യേകം പ്രാർത്ഥന നടത്തുന്ന പതിവുണ്ട്. പുതിയ വർഷത്തെ പ്രവർത്തനങ്ങൾക്കു വിദ്യാർത്ഥികളെ സമർപ്പിച്ചുകൊണ്ടും, അവർക്ക് അനുഗ്രഹങ്ങൾ അപേക്ഷിച്ചുകൊണ്ടും പ്രാർത്ഥനകൾ നടത്തുന്നു. "ശുഭകരമായി പ്രവർത്തിക്കുവാൻ നിന്നെ അഭ്യസിപ്പിക്കുകയും നീ പോകേണ്ടുന്ന വഴിയിൽ നിന്നെ നടത്തുകയും ചെയ്യുന്ന ദൈവമായ കർത്താവു ഞാനാകുന്നു" എന്നുള്ള ദൈവശബ്ദം തിരിച്ചറിയുവാൻ വിദ്യാർത്ഥികൾക്കു സാധിക്കണം. മാതാപിതാക്കന്മാരും മക്കളും തമ്മിൽ ദിവസവും ഹൃദയം തുറന്നു സംസാരിക്കാൻ അവസരം കണ്ടെത്തണം. കുഞ്ഞുങ്ങൾക്കു പണവും, സുഖസൗകര്യങ്ങളും പഠനോപകരണങ്ങളും ഒരുക്കിക്കൊടുക്കുന്നതുകൊണ്ടു മാത്രമല്ല. അവർക്ക് അല്പം സമയം കൂടി കൊടുക്കണം അങ്ങനെ ചെയ്താൽ കുഞ്ഞുങ്ങൾ നേരിടുന്ന ഒട്ടേറെ പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാകും.

രസീതും വൗച്ചറുകളും:- സാമ്പത്തിക ക്രമക്കേട് നമ്മുടെ സമൂഹ ഗാത്രത്തെ പൊതുവായി ബാധിച്ചിട്ടുള്ള ഒരു രോഗമാണ്. അതിന്റെ പ്രതിഫലനം പള്ളിയിലും, ആത്മീയ സംഘടനകളിലും ചിലപ്പോൾ പ്രത്യക്ഷപ്പെടുന്നു. ഏതു തുക വാങ്ങിച്ചാലും അതിനു രസീത് നൽകുക; ഏതു കാര്യത്തിനു ചെലവാക്കിയാലും അതിനു വൗച്ചർ സൂക്ഷിക്കുക. ഇത് അക്കൗണ്ടൻസിയുടെ പ്രാഥമിക പാഠമാണ്. പള്ളികളിൽ നിന്ന് സൺഡേസ്ക്കൂൾ ദിനത്തിലെ സ്തോത്രകാഴ്ച ഹെഡ്മാസ്റ്റേഴ്സ് സ്വീകരിച്ച് ഇൻസ്പെക്ടറെ ഏൽപ്പിക്കുന്നു. ഇൻസ്പെക്ടർ അതിന് ഒരു താൽക്കാലിക രസീത് നിശ്ചയമായും നൽകണം പിന്നീട് തുക കേന്ദ്ര ഓഫീസിൽ ഏല്പിക്കുമ്പോൾ ഇവിടെ നിന്നു നൽകുന്ന രസീത് പള്ളികൾക്കു കൊടുക്കുകയും വേണം അങ്ങനെ ചെയ്താൽ പള്ളികൾക്കു പരാതി ഉണ്ടാവുകയില്ല. നമ്മുടെ എല്ലാ കൊടുക്കൽവാങ്ങലുകൾക്കും സുതാര്യത ഉണ്ടാവുകയും ചെയ്യും.

ഓരോ പിരിവും കേന്ദ്രത്തിൽ അടയ്ക്കേണ്ട തീയതി നേരത്തേതന്നെ ചുമതലക്കാരെ ഓർമ്മിപ്പിച്ചിട്ടുള്ളതാണ്. യഥാസമയം അങ്ങനെ ചെയ്താൽ പ്രവർത്തനങ്ങൾ സുഗമമാക്കാം. എന്നാൽ ചില ചുമതലക്കാർ പൊതുവിന്റെ പണം കൈയ്യിലിട്ട് ഒന്നു ഓടിച്ചതിനു ശേഷം, സൗകര്യപ്പെടുമ്പോൾ ഏൽപ്പിക്കുന്ന രീതി ഉണ്ടെന്നു പറയുമ്പോൾ പരിഭവിക്കേണ്ടതില്ല. ദൈവത്തിനുള്ളത് ദൈവത്തിന്; കൈസർക്കുള്ളത് കൈസർക്ക് എന്ന തത്വമനുസരിച്ച്, ഓരോന്നിനും നിശ്ചയിച്ചിട്ടുള്ളത് യഥാസമയം നൽകുമ്പോഴാണ് നല്ല കാര്യവിചാരകന്മാരായി നാം തീരുന്നത്.

മെയ് 19-ാം തീയതി ഞായറാഴ്ച പള്ളിക്കാണിക്ക കൈസ്ഥാനത്തുനിന്നു വാങ്ങി ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടറന്മാരെ ഏൽപ്പിക്കേണ്ടതാണ്. അന്നേ ദിവസം നടന്ന കവർപ്പിരിവ് എല്ലാവരും വിജയിപ്പിച്ചിട്ടുണ്ട് എന്നു പ്രതീക്ഷിക്കുന്നു. അതിൽ നിന്നുള്ള വീതം, ഓരോ സൺഡേസ്ക്കൂളിനും, ഡിസ്ട്രിക്ടിനും, ഭദ്രാസനത്തിനും ലഭിക്കുന്നതാണ്. കേന്ദ്രവിഹിതം 40 ശതമാനമേയുള്ളു എന്നോർമ്മപ്പെടുത്തട്ടെ.

**കുവെയിറ്റ് സൺഡേസ്ക്കൂൾ പലതിലും ഒന്നാം സ്ഥാനത്ത്**

ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ ഉള്ള സൺഡേസ്ക്കൂൾ കുവെയിറ്റിലേതാണ്. ഏറ്റവും കൂടുതൽ തുക ജീവകാരുണ്യദിനത്തിനു സംഭാവനയായി നൽകിയത് ആ സൺഡേസ്ക്കൂളാണ്. ആ തുക എത്രയെന്ന് പിന്നാലെ വെളിപ്പെടുത്താമെന്ന് ഞാൻ വാഗ്ദാനം ചെയ്തിരുന്നു. അഭിമാനത്തോടും അഭിനന്ദനത്തോടും അതറിയിക്കുന്നു.

ജീവകാരുണ്യദിനസ്തോത്രകാഴ്ച 1,01187/- രൂപായും ഇടവകയിൽ നിന്ന് സൺഡേസ്ക്കൂൾ പ്രസ്ഥാനത്തിനുള്ള വാർഷിക സംഭാവന രൂപാ 1,07373 രൂപായുമാണ് ഞങ്ങളുടെ ഹൃദയംഗമായ അനുമോദനങ്ങൾ!

എക്സിക്യൂട്ടീവ് കമ്മറ്റി:- മുൻ നിശ്ചയിച്ച പ്രകാരം അസോസിയേഷന്റെ എക്സിക്യൂട്ടീവ് കമ്മറ്റി ജൂൺ 8-ാം തീയതി ശനിയാഴ്ച കൂടുകയാണ്. 2002-ലെ പരീക്ഷകൾ, മത്സരങ്ങൾ എപ്പോൾ, എവിടെ എന്നും മറ്റുമുള്ള കാര്യങ്ങൾ അപ്പോൾ തീരുമാനിക്കും. മാത്രമല്ല, അസോസിയേഷന്റെ വകയായി പണിയുന്ന കോൺഫറൻസ്/സ്റ്റഡിസെന്ററിന്റെ നിർമ്മാണ പദ്ധതികളും അജണ്ടായിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്നേഹം നിറഞ്ഞ ആശംസകളോടെ.

**ജോഷ്വാ അച്ചൻ (ഡയറക്ടർ ജനറൽ)**

## പാവനസ്മരണയ്ക്ക്, 26-6-2002



27-6-94
വർഗ്ഗീസ് മാത്യു,
(പിതാവ്)



24-6-89
മറിയാമ്മ മാത്യു
(മാതാവ്)



15-6-93
എം. തോമസ്സ് (കുഞ്ഞച്ചൻ)
(മകൻ)



12-6-01
പെണ്ണമ്മ തോമസ്

**മാങ്കൂട്ടത്തിൽ കല്ലിശ്ശേരി**

*സന്തപ്ത കുടുംബാംഗങ്ങൾ*



# കർതൃദിനചിന്തകൾ

എം. പി. എം. വർഗീസ്, പന്തളം

### 2002 ജൂൺ 16
### പെന്തക്കോസ്തിക്കു ശേഷം 4-ാം ഞായർ
### വി. മത്തായി 14:14-23

1) ഇന്നത്തെ ഏവൻഗേലിയോൻ വായനയിൽ ശ്രദ്ധേയമായ രണ്ടു കാര്യങ്ങളെപ്പറ്റിപ്പറയുന്നു. ഒന്നാമത്തേത് തന്റെ വചനങ്ങളാൽ രോഗികളായവരെ കർത്താവ് സൗഖ്യമാക്കുന്നു. രണ്ടാമത്തേത് തന്റെ വചനങ്ങൾ ശ്രദ്ധയോടെ ശ്രവിച്ച് വിശപ്പും വിശ്രമവും മറന്ന ജനക്കൂട്ടത്തിന്റെ വിശപ്പു ശമിപ്പിയ്ക്കുവാൻ അത്ഭുതകരമായി അപ്പം വർദ്ധിപ്പിക്കുന്നു. ഇതു രണ്ടും ചെയ്യുവാൻ കർത്താവിനെ പ്രേരിപ്പിച്ചത് മനസ്സലിവ് എന്ന മഹത്തായ വികാരമായിരുന്നു. ഇന്നത്തെ വായന തുടങ്ങുന്നതു തന്നെ ഇങ്ങനെയാണ്. "യേശുതമ്പുരാൻ വന്നു വലിയ പുരുഷാരത്തെ കണ്ട് അവരിൽ മനസ്സലിഞ്ഞു."

2) മനസ്സലിവ്. ദൈവീക സ്വഭാവങ്ങളിൽ പ്രഥമസ്ഥാനം വഹിക്കുന്നത് മനസ്സലിവാണ്. ദൈവത്തിന്റെ പര്യായമായി പല ചിന്തകന്മാരും പ്രത്യേകം പറയുന്നത് മനസ്സലിവിനെയാണ്. പ്രാർത്ഥനകൾ വഴിയായി ദൈവത്തെ വിളിയ്ക്കുന്ന മനുഷ്യൻ ദൈവത്തിന്റെ വിശേഷണമായി കരുണയുള്ള ദൈവമേ എന്നു വിളിയ്ക്കുന്നു. ദൈവം സ്നേഹമാണ്. ദൈവത്തിന്റെ മനസ്സലിവാണ് സൃഷ്ടിയിൽ നാം കാണുന്നത്. സ്നേഹത്തിൽ നിന്നും സംജാതമാകുന്ന മനോഭാവമാണ് മനസ്സലിവ് അഥവാ അനുകമ്പ. പരിശുദ്ധാത്മാവിന്റെ ഫലങ്ങളെപ്പറ്റിപ്പറയുമ്പോൾ പൗലോസ് ശ്ലീഹാ ഈ മനസ്സലിവിനെപ്പറ്റിപ്പറയുന്നു. (ഗലാ. 5:22-23).

അന്യോന്യം സ്നേഹിപ്പാനും സഹായിപ്പാനും സഹകരിപ്പാനും മനുഷ്യനെ പ്രേരിപ്പിയ്ക്കുന്ന ഈ ദൈവിക ഘടകം അണയാത്ത ദീപം പോലെയും അനുസ്യൂതം ഒഴുകുന്ന അരുവിപോലെയും മനുഷ്യനിൽ ദൃശ്യമാകുമ്പോൾ സ്വർഗ്ഗരാജ്യം ഇറങ്ങി വരുന്നു. അനുകമ്പയെന്ന അരുമ അരുവി അശ്ശേഷം വറ്റി വരണ്ടു പോയോയെന്ന് സംശയിപ്പിക്കുന്ന സംഭവങ്ങളുടെ സംഖ്യകൾ അനുദിനം വർദ്ധിക്കുന്നുവെന്നുമാത്രമല്ല, മനസ്സിനെ മരവിപ്പിക്കുന്ന ക്രൂരതകൾ കൂടുതലായി സമൂഹത്തിൽ വ്യാപരിയ്ക്കുന്നു.

സ്രഷ്ടാവായ ദൈവത്തിന്റെ ദുഃഖം മനുഷ്യരിൽ നശിച്ചുകൊണ്ടിരിക്കുന്ന മനസ്സലിവിനെപ്പറ്റിയാണ്. ജീവിതത്തിൽ നമ്മിലേക്കുമാത്രം നോക്കാതെ മറ്റുള്ളവരുടെ വേദനകളിലും ദുരിതങ്ങളിലും അലിയുന്ന ഒരു മനസ്സിന്റെ ഉടമയാകുവാൻ നമുക്ക് ഇടയാകട്ടെ. തന്റെ ചുറ്റും കൂടിയ പുരുഷാരത്തെക്കണ്ട് മനസ്സലിഞ്ഞ കർത്താവ് മനസ്സലിവ് എന്ന മഹാവിഷയത്തെപ്പറ്റി നടത്തിയ ഒരു ബോധവൽക്കരണ നടപടികൂടിയായിരുന്നു അപ്പത്തിലും മീനിലും കൂടി അവതരിപ്പിച്ച അത്ഭുതമെന്നു കാണാം.

3) വലിയ അത്ഭുതങ്ങളെപ്പറ്റി ധ്യാനിക്കുവാൻ വഴി വെളിച്ചം തരുന്ന ചെറിയ അത്ഭുതമാണ് അഞ്ചപ്പത്തിന്റെയും രണ്ടു മീനിന്റെയും അത്ഭുതമെന്ന് കാണാം. മനുഷ്യന്റെ സാധാരണബുദ്ധിയുടെ അളവുകോലിൽ നോക്കുമ്പോൾ അഞ്ചപ്പം കൊണ്ട് അയ്യായിരങ്ങളെ തീറ്റി സംതൃപ്തരാക്കിയത് ഒരു വലിയ അത്ഭുതമായിത്തോന്നാം. എന്നാൽ പ്രകൃതിയിൽ സൃഷ്ടി കർത്താവ് സജ്ജമാക്കിയിട്ടുള്ള സംവിധാനങ്ങളെപ്പറ്റി ആഴമായി ചിന്തിയ്ക്കുന്നവർക്ക് ഇത് വളരെ ചെറിയ അത്ഭുതമാണ്. മനുഷ്യനെ സൃഷ്ടിച്ച് ഈ മണ്ണിൽ വസിയ്ക്കുവാനും വാഴുവാനും കൽപിയ്ക്കുന്നതിനു മുൻപ് മനുഷ്യനുൾപ്പെടെയുള്ള സർവജീവജാലങ്ങൾക്കും അവശ്യം ആവശ്യമായതെല്ലാം ദൈവം കരുതിയതിന്റെ പിൻപിലെ അത്ഭുതമാണ് ഏറ്റവും വലിയ അത്ഭുതം.

മനുഷ്യൻ മണ്ണിൽ വിതയ്ക്കുന്നതും വയ്ക്കുന്നതുമായ വിത്തുകളുടെ വളർച്ച എത്രയോ അത്ഭുതജനകമാണ്. ഒന്നിന്റെ സ്ഥാനത്ത് പത്തും മുപ്പതും അറുപതും നൂറുമായി ഫലം പുറപ്പെടുവിയ്ക്കുന്ന ദിവ്യശക്തിയുടെ ഒരു ചെറിയ അംശവും അടയാളവുമേ അപ്പം വർദ്ധിപ്പിച്ചതിൽ കാണേണ്ടതുള്ളൂ. കർത്താവിന്റെ കയ്യിൽ അത്ഭുതവിധേയമായ രണ്ടു മീൻ കണ്ടുകൊണ്ട് കടലും കായലും നദികളും അതിലെ സമ്പത്തുകളും എത്രമാത്രം അത്ഭുതജനകമെന്ന് നമുക്ക് ചിന്തിയ്ക്കാം. അപ്പവും മീനും സംബന്ധിച്ച അത്ഭുതം തുടർന്നുള്ള രണ്ടു മൂന്നാഴ്ചകളിലും നമ്മുടെ മുൻപിൽ വായിക്കപ്പെടും. അപ്പോൾ കൂടുതൽ കാര്യങ്ങൾ ധ്യാനവിഷയമാക്കാം.

### 2002 ജൂൺ 23
### പെന്തക്കോസ്തിക്കുശേഷം 5-ാം ഞായർ
### വി. ലൂക്കോ. 9:10-17

1) ഒന്നിനുപിറകെ വേറൊന്നായി പരീക്ഷണങ്ങളുടെ പരിശീലനക്കളരികൾ ദൈവം തന്റെ മക്കൾക്കായി ഒരുക്കുന്നത് ധ്യാനയോഗ്യമായ വിഷയമാണ്. അപ്പൊസ്തോലന്മാരും മറ്റു ശിഷ്യന്മാരും കർത്താവ് അവരെ അധികാരപ്പെടുത്തിയതിലും അധികമായി ഗ്രാമങ്ങളിലും നഗരങ്ങളിലും ഒക്കെ പോയി വേല ചെയ്തശേഷം മടങ്ങിവന്ന് സംതൃപ്തിയോടെ സമർപ്പിക്കുന്ന റിപ്പോർട്ട് ശ്രദ്ധേയമാണ്. ഇന്നത്തെ വേദവായനയുടെ തുടക്കം തന്നെ ആ റിപ്പോർട്ടിനെ സൂചിപ്പിച്ചുകൊണ്ടാണ്. "ശ്ലീഹന്മാർ തിരിച്ചുവന്ന് തങ്ങൾ ചെയ്തിട്ടുള്ള സകലവും യേശുതമ്പുരാനെ ഗ്രഹിപ്പിച്ചു". തങ്ങളുടെ മുൻ പ്രവർത്തനങ്ങളിൽ തൃപ്തി പൂണ്ട ശിഷ്യന്മാർ കരുതിയത്

## ഞായർദിന ചിന്തകൾ

അവർ ഏതൊക്കെയോ, ആരൊക്കെയോ ആയിത്തീർന്നുകഴിഞ്ഞുവെന്നാണ്. "ഭൂതങ്ങളും ദുരാത്മാക്കളും കൂടി തങ്ങൾക്കു കീഴടങ്ങുന്നുണ്ടെന്ന് അവർ കർത്താവിനു സമർപ്പിച്ച റിപ്പോർട്ട് ഈ സന്ദർഭത്തിൽ ഓർക്കുക. (വി. ലൂ. 10:17). യേശുതമ്പുരാൻ ശിഷ്യന്മാരുടെ വേലകൾക്ക് വലിയ വില കൽപ്പിച്ചുവെങ്കിലും അവരെ കുടുതൽ വിജ്ഞാനികളുമാക്കിത്തീർക്കുവാനുള്ള ഉദ്ദേശ്യത്തോടെ പ്രശ്ന സങ്കീർണ്ണമായ കളരികളിലേക്കും കളങ്ങളിലേക്കും കൊണ്ടുപോകുന്നു. മരുഭൂമിയെന്ന കളരിയും കളവും.

2) "കർത്താവ് അവരെ തനിയെ ബെത്സയിദയിലെ ഒരു വിജനപ്രദേശത്തേക്കു കൊണ്ടുപോയി." ഈ പ്രദേശം തികച്ചും മരുഭൂമിയുമായിരുന്നു. ഈ പ്രദേശം തുടർന്നുള്ള പ്രവർത്തനങ്ങൾക്കോ താൽക്കാലിക അധിവാസത്തിനോ യോഗ്യമല്ലെന്ന് ശിഷ്യന്മാർ തീർച്ചയായും കരുതിക്കാണും. പക്ഷെ ഈ വിജനപ്രദേശത്തെ ഒരു വലിയ ദൈവിക വിദ്യാലയമാക്കുവാൻ കർത്താവ് മുൻകൂട്ടി കരുക്കൾ നീക്കുകയായിരുന്നു. ശിഷ്യന്മാർ മാത്രമല്ല, മരുഭൂമിയെ വെറുക്കുന്നവരും ഭയക്കുന്നവരുമായ വലിയ പരുഷാരവും പുറകേ പോകുന്നു. ഈ വിജനപ്രദേശം അഞ്ചപ്പം കൊണ്ട് അയ്യായിരങ്ങളേ പോഷിപ്പിച്ച അത്ഭുത സംഭവത്തിന്റെ സാക്ഷാൽ അടിസ്ഥാനശിലയാണ്.

3) ദൈവനടത്തിപ്പിലെ നിഗൂഢതകൾ അത്യത്ഭുതങ്ങളാണ്. ഭയത്തിന്റെയും പ്രയാസത്തിന്റെയും നിരാശയുടെയും നിസ്സഹായതയുടെയും പ്രതീകമാണ് മരുഭൂമി. അവിടെ നിന്നും ധൈര്യത്തിന്റെയും പ്രത്യാശയുടെയും സഹായത്തിന്റെയും സന്തോഷത്തിന്റെയും അനുഭവപാഠങ്ങളും ഫലങ്ങളും നമുക്കായി ഒരുക്കുന്ന ദൈവത്തിന്റെ തിരുസന്നിധിയിൽ അന്ന് അധികനേരം ചെലവഴിച്ച പുരുഷാരത്തോടൊപ്പം കുറേനേരം നമുക്കും ധ്യാനത്തിൽ കഴിയാം.

4) നമ്മുടെ ഊഹങ്ങൾക്കും ഉദ്ദേശങ്ങൾക്കും അപ്പുറമായി വ്യാപരിയ്ക്കുന്ന ദൈവശ്ശക്തിയെപ്പറ്റി ചിന്തിയ്ക്കാം. ശിഷ്യന്മാർ അടുത്തുചെന്ന് "നാം ഈ വിജനപ്രദേശത്താക കൊണ്ട് ചുറ്റുമുള്ള ഗ്രാമങ്ങളിലേക്കോ കുടികളിലേക്കോ പോയി പാർക്കുവാനും ഭക്ഷണം കഴിപ്പാനുമായി പുരുഷാരത്തെ പിരിച്ചുവിടണമേ എന്നറിയിച്ചു". ഈ അറിയിപ്പിനെത്തുടർന്നുള്ള കർത്താവിന്റെ പ്രതികരണവും പ്രവൃത്തിയും മറ്റൊരു അത്ഭുതവിഷയമാണ്.

ഇന്നത്തെയോഗം അവസാനിച്ചിരിയ്ക്കുന്നു; എല്ലാവരും പിരിഞ്ഞുപോകുവീൻ എന്നുള്ള കൽപ്പന കേട്ട് പിരിഞ്ഞ് പോകുന്ന പുരുഷാരത്തെ ഭാവനകളിൽ കണ്ടു നിന്ന ശിഷ്യന്മാരുടെ ഊഹാപോഹങ്ങളും ഉദ്ദേശങ്ങളും കാറ്റിൽ പറത്തിക്കൊണ്ട് കരുണയുടെയും മനസ്സലിവിന്റെയും മണവാളൻ മൊഴിഞ്ഞ വാക്കുകൾ ശിഷ്യ സമൂഹത്തെ സംഭ്രമചിത്തരാക്കി. "നിങ്ങൾ അവർക്ക് ഭക്ഷണം കൊടുപ്പീൻ".

### 2002 ജൂൺ 30
### പെന്തക്കോസ്തിക്കുശേഷം 6-ാം ഞായർ; മത്താ. 15:32-39 (ശ്ലീഹന്മാരുടെ ഓർമ്മ)

ഇന്നത്തെ വായനയിലെ പ്രധാന ചിന്താവിഷയവും അപ്പവും മീനും വർദ്ധിപ്പിച്ച് പുരുഷാരത്തെ പോഷിപ്പിച്ചതാണ്. വ്യത്യാസമുള്ളത് അപ്പത്തിന്റെയും ആളുകളുടെയും എണ്ണത്തിലാണ്. രണ്ട് സ്ഥലത്തുവച്ച് അത്ഭുതപോഷണം നടത്തിയതായി കണക്കാക്കാം രണ്ടു സ്ഥലങ്ങളും വിജനവും മരുഭൂമിയും ആയിരുന്നു. മരുഭൂമിയാകുന്ന പരിശീലനക്കളരിയിൽ വച്ച് ശിഷ്യന്മാർ ശ്രമിച്ചത് "നിങ്ങൾ അവർക്ക് ഭക്ഷണം കൊടുപ്പീൻ" എന്നായിരുന്നു. ഈ നിർദ്ദേശം കേട്ട് നിലയില്ലാക്കയത്തിൽ നീന്തിത്തുടിക്കുന്ന വല്ലാത്ത വികാരപരവേശത്തിൽ ശിഷ്യന്മാർ വിഷമിയ്ക്കുന്നു.

1) ഈ വിജനദേശത്ത് ഇത്രയും ആളുകൾക്ക് ആഹാരം നൽകുവാൻ ഞങ്ങൾക്ക് എങ്ങനെ സാധിക്കും? പോംവഴികൾ കാണാതെ ശിഷ്യന്മാർ പരിതപിച്ചപ്പോൾ പോംവഴികൾ കാട്ടിക്കൊടുക്കുന്ന കർത്താവിന്റെ കരുണയും കരുതലും ഒരു ദിവസത്തേക്കോ ഒരാഴ്ചത്തേക്കോ മാത്രമായിട്ടുള്ള ചിന്താവിഷയമായി ഒതുങ്ങുന്നില്ല. അന്തമില്ലാത്ത ചിന്താതന്തുക്കളാൽ ബന്ധിക്കപ്പെട്ട വിഷയമാണ് ദൈവത്തിന്റെ കരുണയും കരുതലും. പ്രശ്നങ്ങളുടെ പ്രളയങ്ങളിൽ നമുക്ക് എത്തിപ്പിടിക്കുവാനുള്ള ഏതെങ്കിലും പോംവഴികൾ ദൈവം നമുക്കുവേണ്ടി മുൻകരുതുന്നു. അസാദ്ധ്യതകളുടെ സമയത്തും സ്ഥലത്തും സാദ്ധ്യതകളുടെ നേരിയ ചരടുകൾ നമുക്കു വേണ്ടി കർത്താവ് കരുതുന്നു. എല്ലാവർക്കും കൊടുക്കുവാൻ തക്കവണ്ണം എണ്ണത്തിൽ അവിടെ അപ്പമൊന്നുമില്ലെങ്കിലും അല്പമെങ്കിലും അപ്പമുണ്ടോയെന്ന കർത്താവിന്റെ അന്വേഷണത്തിലെ അർത്ഥം നമ്മേ ഉണർത്തട്ടെ. വെള്ളമില്ലാത്തിടത്ത് മുങ്ങിമുറിവേൽക്കാൻ കർത്താവ് നമ്മോട് ഒരിയ്ക്കലും കൽപിയ്ക്കയില്ല. ഒരു തരിയോ, തരിമ്പോ, എന്തെങ്കിലും നമ്മുടെ മുൻപിൽ ഇട്ടിട്ട് നമ്മിലുള്ള ദിവ്യ ചൈതന്യത്തെ ചലിപ്പിയ്ക്കുവാൻ കർത്താവ് ചോദിയ്ക്കുന്നു. നിങ്ങളുടെ പക്കൽ എന്തുണ്ട്.?

2) ഒരാൾക്കുപോലും വിശപ്പടക്കുവാൻ മതിയാകാത്ത വിധം അഞ്ചോ ഏഴോ അപ്പവും ഒന്നുരണ്ടു ചെറുമീനും തങ്ങളുടെ പക്കലുണ്ടെന്ന് അറിയിച്ചപ്പോഴും അടങ്ങാത്ത സംഭ്രമവും സംശയവും ഉള്ളിലൊതുക്കിയ ശിഷ്യന്മാർ അപ്പോഴും പഴയ തിരുമൊഴികൾ മറന്നു. "എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല" എന്ന് മുൻപ് എപ്പോഴോ അവർ കേട്ടതാണ്. ആതായത് എന്നോടൊത്തും എന്നോടു സഹകരിച്ചും നിങ്ങൾക്ക് വൻകാര്യങ്ങൾ ചെയ്യാം. നിങ്ങൾ നിങ്ങളുടെ പങ്ക് നിർവഹിക്കുക. അപ്പോൾ എന്റെ പങ്ക് ഞാനും നിർവ്വഹിക്കും.

3) നിങ്ങളുടെ പക്കലുള്ളത് എന്റെയടുക്കൽ കൊണ്ടുവരുവീൻ. ശിഷ്യന്മാർ പരിമിതമായ അപ്പവും മീനുമായി കർത്താവിനെ സമീപിയ്ക്കുന്നത് നമുക്ക് ഭാവനയിൽ കാണാം. അത്ഭുതങ്ങളുടെ അത്ഭുതമായ ദൈവപുത്രന് ഉടനടി അവിടെ അപ്പങ്ങളുടെ കുട്ടകൾ ഇറക്കാൻ കഴിയുമായിരുന്നില്ലേ? പക്ഷെ അപ്പോൾ അവിടെ ലഭിച്ച അപ്പം ഉപയോഗിച്ച് ശിഷ്യന്മാരുടെ കഴിവിന്റെ പങ്കാളിത്തത്തോടുകൂടി സ്വർഗ്ഗത്തെയും ഭൂമിയേയും സംയോജിപ്പിച്ചുകൊണ്ട് സ്വാഭാവികരീതിയിൽ കർത്താവ് അത്ഭുതം പ്രവർത്തിച്ചു. ദൈവം നമുക്കു നൽകിയിട്ടുള്ള നൽവരങ്ങളും അനുഗ്രഹങ്ങളും സിദ്ധികളും ദൈവത്തിന്റെ കൈയ്യിൽ ഏൽപിക്കുമ്പോൾ വാഴ്വുകൾ വന്നെത്തുന്നു.

4) അപ്പവും മീനും കയ്യിലെടുത്ത് സ്വയം മന്ത്രം ചൊല്ലി അത്ഭുതം പ്രവർത്തിപ്പാനല്ല യേശു നാഥൻ മുതിർന്നതെന്നുള്ളത് പ്രത്യേകം ശ്രദ്ധിച്ച് ധ്യാനിക്കുക. ദൈവപുത്രനായി അവതാരം ചെയ്ത തനിക്ക് അത് ആകാമായിരുന്നു. എങ്കിലും നമ്മെ അനുസരണത്തിന്റെ അലങ്കാരം അണിയിക്കുവാൻ കുരിശിലെ മരണത്തോളം അനുസരണത്തിന്റെ മാതൃക കാട്ടിയ കർത്താവ് അപ്പവും മീനും കയ്യിലെടുത്ത് ആകാശത്തിലേക്കു നോക്കി വാഴ്ത്തിയതിലെ അത്ഭുതം പ്രത്യേക ധ്യാനമാണ്. സർവ്വശക്തിയുള്ള പിതാവും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവുമായ പിതാവിന്റെ അനുഗ്രഹത്തിനും അനുവാദത്തിനും ആശീർവാദത്തിനുമായി കർത്താവ് ആകാശത്തിലേക്കു നോക്കി. കർത്താവു കയ്യിലെടുത്തു പിതാവിനോട് പ്രാർത്ഥിച്ചു. സ്വർഗസ്ഥ പിതാവ് ആശീർവദിച്ച് പുത്രനെ ഏൽപ്പിയ്ക്കുന്ന അപ്പവും മീനും പെരുകിയതിൽ നാം അത്ഭുതപ്പെടുമ്പോൾത്തന്നെ, ദൈവത്തിന്റെ അത്ഭുത വ്യാപാരങ്ങളെപ്പറ്റി അധികമായി ചിന്തിപ്പാൻ ആത്മാവും അവസരവും നമുക്ക് ലഭിയ്ക്കട്ടെ.

### 2002 ജൂലൈ 7
### പെന്തക്കോസ്തിക്കുശേഷം 7-ാം ഞായർ
### വി. മർക്കൊ. 3:20-30

1) പരിശുദ്ധാത്മാവിന് എതിരായി ദൂഷണം പറയുന്ന മഹാപാപത്തെപ്പറ്റി ഇന്നത്തെ വായനയിൽ പരാമർശിക്കുന്ന ഭാഗം ധ്യാനിവിഷയമാക്കാം. മനുഷ്യന്റെ മഹത്വത്തിന് മുഖ്യനിദാനമായിട്ടുള്ള ഒരു ദാനമാണ് അവന്റെ നാക്ക്. മനുഷ്യൻ മലാഖയ്ക്ക സദൃശമാകുവാൻ അവനേ സഹായിക്കുന്ന അവയവങ്ങളിൽ അഗ്രിമസ്ഥാനമാണ് നാക്കിനുള്ളത്. ദൈവത്തെ മഹത്വസ്തുതികളാൽ പുകഴ്ത്തുവാനും സത്യത്തിന്റെയും സ്നേഹത്തിന്റെയും സാക്ഷ്യങ്ങൾ സഹോദര മനുഷ്യർക്ക് നൽകുവാനും നമ്മുടെ നാവുകൾ ചലിപ്പിക്കുമ്പോൾ മനുഷ്യരെന്ന പേരിന് നാം അർഹരാകുന്നു. ഈ ആശയത്തിനും ആദർശത്തിനും എതിരായി നാവുകൾ ഉപയോഗിക്കപ്പെടുന്നത് മഹാപാപമെന്നുമാത്രമല്ല, ഒരിക്കലും ക്ഷമിക്കപ്പെടാത്ത പാപമാണെന്ന് യേശുനാഥൻ ഇന്ന് നമ്മോടു പറയുന്നത് നമ്മുടെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുവാനും ആത്മപരിശോധനയ്ക്ക് നമ്മേ വിധേയരാക്കുവാനുമാണ്.

2) കർത്താവിന്റെ എതിരാളികളായിരുന്ന യഹൂദന്മാരിൽ ചിലർ അസത്യം എന്ന ആയുധമേന്തി കർത്താവിനോട് പോരാടുന്നു. അപ്പവും മീനും വർദ്ധിപ്പിച്ച് പുരുഷാരത്തെ പോറ്റിയതും രോഗികളെ സൗഖ്യമാക്കുന്നതും ഒക്കെ ദൈവശക്തിയാൽ അല്ലെന്നും പിശാചുകളുടെ തലവനായ ബേൽസ്സബൂബിനെകൊണ്ടാണെന്നും യഹൂദന്മാർ പറഞ്ഞു. അവരുടെ അന്തഃകരണത്തിലും ആത്മാവിന്റെ ആഴത്തിലും അത്യന്തം തെളിവായി അവർക്ക് അറിയാമായിരുന്നു യേശുവിന്റെ ദിവ്യശക്തിയെപ്പറ്റി. എന്നിട്ടും സത്യത്തിന്റെ സന്ദേശത്തെ അവർ എതിർത്തു. പരിശുദ്ധാത്മാവിന് എതിരായ ഈ പാപത്തെപ്പറ്റി നാം നമ്മുടെ ധ്യാനത്തിൽ കൂടുതലായി ചിന്തിക്കുക.

3) സ്വന്തം താൽപര്യങ്ങളും സ്ഥാനങ്ങളും ഉറപ്പിയ്ക്കുവാനുള്ള ഉത്സാഹത്തിൽ അഹന്ത കൊണ്ടും അസൂയ കൊണ്ടും മറ്റും സത്യത്തിനു ഘടകവിരുദ്ധമായി സംസാരിയ്ക്കുകയും അതിനനുസരണമായി പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള സന്ദർഭങ്ങളെപ്പറ്റി നമുക്ക് ഓർക്കാം. സന്ദർഭവശാൽ യാദൃശ്ചികമായി നമ്മിൽ തെറ്റുകുറ്റങ്ങൾ വന്നുവെന്ന് വരാം. എന്നാൽ അരുതെന്ന് മനസ്സാക്ഷിക്കൂടെക്കൂടെ വിലക്കിയിട്ടും വകവയ്ക്കാതെ വീണ്ടും വീണ്ടും കരുതിക്കൂട്ടിച്ചെയ്യുന്ന പാപങ്ങൾ പരിശുദ്ധാത്മാവിന് എതിരേയുള്ള പാപങ്ങളാണ്. പാപം, മരണം, ന്യായവിധി, എന്നിവയെപ്പറ്റി അപ്പപ്പോൾ പരിശുദ്ധാത്മാവ് ബോധനം നൽകിയാലും അതൊക്കെ അവഗണിച്ച് നാം നമ്മുടെ സ്വാർത്ഥതകൾ ഉറപ്പിക്കുവാൻ ഉദ്യമിച്ചിട്ടുള്ള സന്ദർഭങ്ങളിലേക്ക് തിരിഞ്ഞു നോക്കാം.

## ഞായർദിന ചിന്തകൾ

4) സത്യത്തിന്റെ കണിക പോലും ഇല്ലാത്ത കഠിനവാക്കുകൾ യഹൂദന്മാർ ഉപയോഗിച്ചു. ഇവന് ഭ്രാന്തുപിടിച്ചിരിക്കുന്നു; ഭൂതങ്ങളുടെ തലവനെ ഇവർ സേവിയ്ക്കുന്നു എന്നെല്ലാം വെറും എതിരിനുവേണ്ടി പറഞ്ഞുപരത്തിയ യഹൂദന്മാരുടെ നാവുകൾ ഇന്ന് സഭാന്തരീക്ഷത്തിലും സമൂഹത്തിലും സജീവമാണ്. പരിശുദ്ധാത്മാവിനെപ്പറ്റി പ്രസംഗിക്കുകയും പരിശുദ്ധാത്മാവിന്റെ കൃപകൾക്കുവേണ്ടിയുള്ള കൂദാശകൾ അനുഷ്ഠിക്കുകയും ചെയ്യുന്ന അതേസമയം തന്നെ പരിശുദ്ധാത്മ നിഷേധം നിർവഹിയ്ക്കുന്ന നാവുകളുടെ ദുരുപയോഗത്തെപ്പറ്റി യാക്കോബ് ശ്ലീഹാ പ്രബോധിപ്പിക്കുന്ന ഭാഗം കേൾക്കാം.

ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ടു നടക്കുവാൻ ശക്തനായി സൽഗുണ പൂർത്തിയുള്ള പുരുഷൻ ആകുന്നു; കുറഞ്ഞ തീ എത്ര വലിയ കാടു കത്തിയ്ക്കുന്നു; നാവും ഒരു തീ തന്നെ; അത് ജീവചക്രത്തിന് തീ കൊളുത്തുകയും നരകത്തിൽ അതിനു തീ പിടിക്കയും ചെയ്യുന്നു; നാവിനെ ആർക്കും മരുക്കാവതല്ല; അത് അടങ്ങാത്ത ദോഷം; മരണകരമായ വിഷം നിറഞ്ഞത്. (യാക്കോ. 3:2-8)

ദൂഷണങ്ങൾ ചില ദുർബല നിമിഷങ്ങളിൽ നമ്മുടെ വാക്കുകളിൽ വന്നാൽത്തന്നെയും അനുതപിച്ച് തെറ്റു തിരുത്തുക. പക്ഷെ തികച്ചും സത്യവിരുദ്ധമായി പരിശുദ്ധാത്മാവിന് എതിരായി ഒന്നും പറയാതിരിപ്പാൻ ശ്രദ്ധിക്കുക. അത് പരിശുദ്ധാത്മാവിന് എതിരായ മഹാപാപമാണ്. അത് ക്ഷമിയ്ക്കപ്പെടുകയുമില്ല.



P.J. Varghese
Joda



ഒരു വിശ്വാസി
കുറിച്ചി


മലങ്കരസഭ ജൂൺ 2002

# Ist Death Anniversary

K.G. KOCHUMMAN VAIDYAN (17-5-2001)




MARIAMMA VAIDYAN (24-7-2001)

**Naduvila Kizhakke Puthen Veedu, Kadapa-Mynagapally, Kollam.**

*നിന്റെ മഹത്വമുദിക്കും നാൾ*
*നിൽക്കണമിവർ വലഭാഗത്തിൽ*

എന്ന് ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

| മക്കൾ | | മരുമക്കൾ | |
|---|---|---|---|
| മോളി | കുഞ്ഞുമോൾ | കുഞ്ഞുമോൻ | ജയ് |
| രാജു | സജി | ജോളി | റിനി |
| ബാബു | ഉഷ | മണി | റോയി |
| തോമസ്കുട്ടി | | മോളി | |


## ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നു സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 782053- രൂപയുടെ സൗജന്യചികിത്സ, അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 7031 ഓപ്പറേഷൻ ആകെ നടത്തിയതിൽ 2488-ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 1304 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവൃത്തിയെന്ന നിലയിൽ ഗിവ്സൈറ്റ് പ്രോജക്ടിലേക്ക് സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)




# ദുഃഖിക്കുന്നവർ ഭാഗ്യവാൻമാരാകുന്നതെങ്ങനെ?

**- ഗുരുജി**

ഈ ലോകജീവിതത്തിൽ ദുഃഖം വേണമെന്നാഗ്രഹിക്കുന്നതായി ആരാണുള്ളത്? സന്തോഷവും സൗഭാഗ്യവുമാണ് എല്ലാവരുടെയും സ്വപ്നം. എന്നാൽ യേശു തന്റെ ശിഷ്യന്മാരോടും തന്നെ അനുഗമിച്ച പുരുഷാരത്തോടും പറഞ്ഞു. 'ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ' (വി. മത്തായി 5:4). മനുഷ്യന്റെ ബുദ്ധിക്കും യുക്തിക്കും ചേരാത്ത ഒരു പ്രസ്താവനയായി ഇതിനെ വ്യാഖ്യാനിക്കുന്നവരുണ്ട്. ദുഃഖിക്കുന്നവരെ എങ്ങനെ ഭാഗ്യവാൻമാരായി കാണാനൊക്കും?

എന്നാൽ ഈശ്വരനോട് ദുഃഖം വരമായി ചോദിച്ച ഒരു കഥാപാത്രമാണ് മഹാഭാരതത്തിലെ കുന്തീദേവി. മഹാഭാരതയുദ്ധം കഴിഞ്ഞ് ശ്രീകൃഷ്ണൻ തന്റെ സ്വന്തം ദേശമായ ദ്വാരകയിലേക്ക് മടങ്ങിപ്പോകുവാൻ തീരുമാനിച്ചപ്പോൾ തന്റെ അച്ഛന്റെ സഹോദരിയും പാണ്ഡവരുടെ മാതാവുമായ കുന്തിയെ വിളിപ്പിച്ച് പറഞ്ഞു 'മാതാവേ ഇതാ യുദ്ധത്തിൽ ജയിച്ചിരിക്കുന്നു, രാജ്യം തിരികെ കിട്ടിയിരിക്കുന്നു. മക്കളെല്ലാവരും അപകടം കൂടാതെ രക്ഷപെട്ടിരിക്കുന്നു. സന്തോഷമായില്ലേ? ഇനി ഞാൻ എന്താണ് ചെയ്യേണ്ടത്?' കുന്തീദേവിയുടെ മറുപടി ഇങ്ങനെയായിരുന്നു: "സർവ്വേശ്വരാ! എനിക്ക് സുഖം മാത്രമല്ല, ഇടയ്ക്കിടെ ദുഃഖവും തരണം. എങ്കിൽ മാത്രമേ ഈശ്വരനെക്കുറിച്ചുള്ള ചിന്ത എന്നിൽ ഉണ്ടാവുകയുള്ളൂ". ഈശ്വരസാമിപ്യം അനുഭവിച്ചറിയാൻ ദുഃഖം വരമായി ചോദിച്ചു വാങ്ങുകയായിരുന്നു കുന്തീദേവി. ജീവിതത്തിൽ എല്ലാം ഭംഗിയായി നടക്കുമ്പോൾ ദൈവത്തെ ഓർക്കാൻ മറന്നുപോകുമെന്നാണ് കുന്തി നമ്മെ ഓർമ്മപ്പെടുത്തുന്നത്. പ്രശ്നങ്ങൾ നമ്മെ ശക്തീകരിക്കുകയും ദൈവത്തിങ്കലേക്ക് അടുക്കാൻ സഹായിക്കുകയും ചെയ്യുമ്പോൾ അനുഗ്രഹകരമായിത്തീരുന്നു. ഐശ്വര്യവും സൗഭാഗ്യവും ദൈവത്തിൽ നിന്ന് നമ്മെ അകറ്റുമ്പോൾ അതു ശാപമായി തീരുമെന്ന് കുന്തി വിശ്വസിച്ചു.

സ്നേഹസമ്പന്നനായ ദൈവം മനുഷ്യനെ ശുദ്ധീകരിക്കാൻ കഷ്ടപ്പാടിനെ എന്തിനാണ് ഒരായുധമാക്കി ഉപയോഗിക്കുന്നത്? ഇതിനുത്തരം മനോഹരമായി പ്രതിപാദിക്കുന്ന ഒരു വേദഭാഗം വി. പൗലൂസ് റോമർക്കെഴുതിയ ലേഖനത്തിലുണ്ട് (5:3-4). ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ കഷ്ടപ്പാടിന്റെ തീച്ചൂളയിൽ വളർന്നവരാണ്. എന്നാൽ അവർക്ക് ദൈവം വരുത്തിയ എല്ലാ ദുഃഖത്തിനും ഒരു നല്ല വശം ഉണ്ടെന്ന ദ്ദേഹം അവരോട് പറഞ്ഞു. കാരണം, ദുഃഖം സഹിഷ്ണതയെ വളർത്തുന്നു, സഹിഷ്ണത സ്വഭാവത്തെ ശുദ്ധീകരിക്കുന്നു, സ്വഭാവം പ്രത്യാശയെ വളർത്തുന്നു, പ്രത്യാശ സ്നേഹത്തെ വളർത്തുന്നു, സ്നേഹം ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുന്നു, ഭാവിയെക്കുറിച്ച് കൂടുതൽ ആത്മവിശ്വാസം തരുന്നു. ദുഃഖത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് കൊരിന്ത്യരോട് തന്റെ സ്വന്തം അനുഭവം വിശദീകരിച്ചുകൊണ്ട് വി. പൗലൂസ് ഇങ്ങനെ വീണ്ടും പറഞ്ഞു. (1) നമുക്കുണ്ടാകുന്ന ദുഃഖം യേശുക്രിസ്തു സഹിച്ച, ഇതിലും വലിയ ദുഃഖത്തെക്കുറിച്ച് നമ്മേ ബോധവാൻമാരാക്കുന്നു. (2) നമ്മുടെ അഹങ്കാരത്തെ നീക്കി നമ്മേ കൂടുതൽ ശുദ്ധീകരിക്കാൻ ദുഃഖം നമ്മെ സഹായിക്കുന്നു. (3) ഈ ലോകത്തിലെ ഹ്രസ്വജീവിതത്തിനപ്പുറമായി നിത്യജീവിതത്തെ നോക്കികാണാൻ ദുഃഖം നമ്മെ സഹായിക്കുന്നു. (4) നമ്മുടെ ദൈവത്തിലുള്ള വിശ്വാസത്തെ കുറയ്ക്കുകയല്ല മറിച്ച്, മറ്റുള്ളവരുടെ മുമ്പിൽ നമ്മുടെ വിശ്വാസം തെളിയിച്ചുകൊടുക്കാനുള്ള ഒരവസരമാണ് ദുഃഖം സൃഷ്ടിക്കുന്നത് (5) ദൈവത്തിന്റെ ശക്തി സംശയാതീതമായി ബോദ്ധ്യപ്പെടുത്തിതരാൻ ദുഃഖം സഹായിക്കുന്നു. (6) മറ്റുള്ളവരോട് സഹാനുഭൂതി ഉണ്ടാകുവാനും സഹായിക്കുവാനും ഉള്ള ബാദ്ധ്യതയാണ് ദുഃഖം പ്രദാനം ചെയ്യുന്നത്. (2 കോരി. 1:3-7). (7) മുമ്പോട്ട് ആഞ്ഞ് പ്രവർത്തിക്കുവാൻ ദുഃഖം പ്രചോദനം തരുന്നു. (ഫിലി: 2: 13,14).

ദുഃഖത്തെ ഇഷ്ടപ്പെടുന്നതുകൊണ്ടോ, അതു സൃഷ്ടിക്കുന്ന ദുരന്തങ്ങളുടെ ആഴം മനസിലാക്കാഞ്ഞിട്ടോ അല്ല കഷ്ടപ്പാട് സന്തോഷിക്കാനുള്ള സമയമാണെന്ന് വി. പൗലോസ് പറയുന്നത്. മറിച്ച്, ദുഃഖം നമ്മെ ആത്മിയമായി വളരാൻ സഹായിക്കുന്നുവെന്നതുകൊണ്ടാണ്. നമുക്ക് വളരാൻ ദൈവം തരുന്നതായ അവസരങ്ങൾക്ക് വാസ്തവത്തിൽ നാം ദൈവത്തോട് കടപ്പെട്ടിരിക്കുകയാണ് വേണ്ടത്. ഈ പാഠം പഠിക്കുന്നവരാണ് ഭാഗ്യവാൻമാർ. ദൈവത്തിന്റെ ചട്ടങ്ങൾ പഠിപ്പാൻ തക്കവണ്ണം ഞാൻ കഷ്ടതയിൽ ആയിരുന്നത് എനിക്ക് ഗുണമായി എന്ന് സങ്കീർത്തനക്കാരൻ (119:71) രേഖപ്പെടുത്തുന്നു.

കഷ്ടപ്പാടിനേയും പ്രയാസത്തേയും ഈലോകജീവിതവുമായി മാത്രം ബന്ധപ്പെടുത്തുമ്പോഴാണ് പലർക്കും പ്രശ്നങ്ങൾ ഉണ്ടാകുന്നത്. ഒളിമ്പിക്സിൽ മെഡൽ നേടാൻ ഓടുന്ന അത്‌ലറ്റുകളെ നാം ടെലിവിഷനിൽ കാണാറില്ലേ? അവസാനനിമിഷംവരെ എന്തു ശാരീരിക ക്ലേശവും, മാനസിക സമ്മർദ്ദവും അനുഭവിച്ചതിനുശേഷമാണ് അവർ ലക്ഷ്യസ്ഥാനത്തെത്തുന്നത്. അതുപോലെ ഈലോകജീവിതയാത്രയ്ക്കിടക്ക് നമുക്കും എന്ത് സംഭവിക്കുന്നു എന്നതാവരുത് പ്രശ്നം. ജീവിതത്തിന്റെ അന്ത്യത്തിൽ ശാശ്വതമായ സന്തോഷവും സമാധാനവും പ്രദാനം ചെയ്യുന്ന നിത്യജീവിതത്തിന് നാം അർഹരാകുന്നുണ്ടോ എന്നതാണ് പ്രധാനം. കഷ്ടപ്പാടും, പ്രയാസവും അനുഭവിക്കുമ്പോൾ ദൈവസാന്നിദ്ധ്യം അടുത്തറിയാൻ സാധിക്കുന്നതുവഴി നാം നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. അങ്ങനെ അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം കിട്ടുവാൻ ഹേതുവാകുമ്പോൾ (2 കോരി. 4:16-18) ദുഃഖം ഭാഗ്യമായിതീരുന്നു.

ശാസ്ത്രം ഇത്രമാത്രം വളർന്നിട്ടും ദുഃഖത്തിനൊരു പരിഹാരം കാണാൻ

ശേഷം 34-ാം പേജിൽ

## The Dynamics of Family life

16-ാം പേജിൽ നിന്നു തുടർച്ച

others. A mind of sacrifice and an effective co-operation between the husbad and the wife to fulfil these responsibilities are forces behind a successful family life.

### Succesful parenting

Succesful parenting is an essential force ie family life. There is a basic and powerful urge in women to conceive and to bear children. Planning and spacing children have become increasingly discussed among all social strata. Children have always been cherished and looked upon as the most vaulable resources and the best hope for the future. Helping children to become good and well adjusted adults is an essential function. More than performing parental duties of giving food, clothing, better education and modern facilities, better attention to be given for the development of their personalities and formation of good character. They can never be spoilt if brought up together by the husband and the wife giving them of love.

### Fellowship and service

People have begun to feel alienated, lonely, disillusioned, having set up nuclear families. Disillusionment and loneliness may lead them to take drinks and drugs. The remedy for this is fellowship. This is experience of translating love in to action through selfless service to those who are in need, poor, miserable and helpless. This experience is a dynamic force to liberate a person in a family from the clutches of loneiness, alienation, drinks and drugs.

### Inner unity and harmony

Formerly families were held together in spite of conflicts by external pressures of law, religions and society. Today these forces have begun to lose their effectiveness. So now marital stability depends more on the coherent power of an inner unity and harmony than on the adhesive forces of social power.

### Conclusion

Marriage is a dynamic relationship and family life is not a bed of noses. It requires plenty of hardwork, dollops of fact, good humour, patience, maturity and continual mutual adjustments of the partners throughout the lives, to make it happy, healthy and stable.

A happy, healthy and stable marriage makes the family "a paradise on earth".

## അമ്മേരിക്കൻ ഭദ്രാസനത്തിലെ....

21-ാം പേജിൽ നിന്നു തുടർച്ച

എല്ലാം വി. കുർബ്ബാന കൂടാതെ പ്രാർത്ഥനായോഗം, സ്ത്രീസമാജം, എം.ജി.ഒ.സി.എസ്.എം., സ്ത്രീസമാജം, സൺഡേസ്ക്കൂൾ എന്നിവ ഭംഗിയായി നടക്കുന്നുണ്ട്. ഇവയ്ക്കു പുറമെ ഇപ്പോൾ ഒരു പുരുഷസമാജവും സംഘടിപ്പിച്ചിട്ടുണ്ട്. ഇടവകകൾ ശക്തിപ്പെടുത്താനും, പുരുഷന്മാരുടെ ഇടയിൽ സന്മാർഗ്ഗ ജീവിതമുണ്ടാക്കുവാനും, സ്ത്രീകളെ അവഹേളിച്ച് കുടുംബത്തിൽ കലഹങ്ങൾ ഉണ്ടാക്കുന്നതു ശമിപ്പിക്കാനും, ഇടവകാംഗങ്ങൾക്ക് എല്ലാക്കാര്യങ്ങളിലും വികാരിയോടൊപ്പം നേതൃത്വം നൽകുവാനും പുരുഷസമാജം സഹായിക്കും. എല്ലാ ഇടവകകളിലേയും പ്രായപൂർത്തി ആയ പുരുഷന്മാർക്കിതിൽ സംബന്ധിക്കാം. ഇതിൽ യുവജനങ്ങളും മുതിർന്നവരും ഒരുപോലെ അംഗങ്ങളാകാം.

പല ഇടവകകളിലും "Soup Kitchen" ഉണ്ട്. പാവപ്പെട്ടവർക്കു ചൂടുള്ള ഭക്ഷണം ഒരു നേരമെങ്കിലും നൽകുന്നതിനവർ ശ്രമിയ്ക്കുന്നു.

പ്രായമുള്ള ആൾക്കാർ തനിയെ താമസിക്കുന്ന അനേക ഭവനങ്ങൾ അമ്മേരിക്കയിലുണ്ട്. കൂടാതെ അങ്ങനെയുള്ളവരെ കൂട്ടമായി താമസ്സിപ്പിക്കുന്ന "Oldage Homes" ധാരാളമുണ്ട്. അത്തരം വീടുകളിൽ നമ്മുടെ യുവതീയുവാക്കൾ പ്രതിഫലേച്ഛ കൂടാതെ ചെന്ന് വീട് വൃത്തിയാക്കുക, ഡോക്ടേഴ്സ് & നേഴ്സ് ആണെങ്കിൽ മെഡിക്കൽ ശുശ്രൂഷ ചെയ്യുക, കടയിൽ നിന്നും ഭക്ഷണ സാധനങ്ങൾ വാങ്ങി കൊടുക്കുക, അവരെ വിനോദയാത്രക്കു കൊണ്ടുപോകുക തുടങ്ങിയ കാര്യങ്ങൾ ചെയ്യാറുണ്ട്.

കേരളീയ യുവതീയുവാക്കൾക്ക് കലയുമായി കൂടുതൽ ബന്ധമുണ്ട്. എല്ലാ സ്ക്കൂളുകളിലും സാമുദായിക സമ്മേളനങ്ങളിലും, പള്ളികളിലും കേരളീയരുടെ പാട്ടും, ഡാൻസും ഒരു സാധാരണ സംഭവമായി തീർന്നിരിക്കുകയാണ്. അവരൊക്കേയും ആധുനിക സംഗീതസന്നാഹങ്ങളോടെയാണ് പാട്ടുകച്ചേരിയും നൃത്ത പ്രദർശനവും നടത്തുന്നത്. അമ്മേരിക്കൻ കലാപ്രേമികൾക്ക് അവർ കലാവിരുന്ന് ഇടയ്ക്കിട ഒരുക്കാറുണ്ട്.

ചുരുക്കി പറഞ്ഞാൽ കേരളീയരുടെ അടുത്ത തലമുറ നമ്മുടെ പേരും പെരുമയും നല്ലതുപോലെ കാത്തുസൂക്ഷിക്കുന്നുണ്ട്. മലയാളം പറയുകയോ അതു കേട്ടാൽ മനസ്സിലാകുന്നവരോ ആണ് നമ്മുടെ മക്കൾ. ഫേക്കാന എന്ന മലയാളി സംഘടനാ അതിനു സാക്ഷ്യം വഹിക്കുന്നു. അവരുടെ ഭാവിശാശ്വതമാകട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

### ക്ഷമാപണം

കഴിഞ്ഞ ലക്കം മലങ്കരസഭയിൽ 'ഉൾത്തുടിപ്പുക' ളിൽ വന്ന പിശകും, പ്രൂഫ് വായനയിൽ വന്ന ശ്രദ്ധക്കുറവും സദയം ക്ഷമിക്കണം എന്ന് അപേക്ഷിക്കുന്നു. തെറ്റുപറ്റിയതിൽ നിർവ്യാജം ഖേദിക്കുന്നു. - പ.



# വിശ്വാസപാഠം

ഫാ. പി. എം. സഖറിയ പള്ളിക്കപ്പറമ്പിൽ

ഒരു വിശ്വാസിയുടെ ചോദ്യമിതാണ്. ഞാൻ മാമോദീസാ ഏറ്റു എന്നതിന് തെളിവുണ്ടോ? കർത്താവ് 30-ാം വയസിലാണ് സ്നാനമേറ്റതെങ്കിൽ നമുക്കും അതു പോരെ?

ഈ സംശയവുമായി ജീവിക്കുന്ന ഒരുപാട് സഭാംഗങ്ങൾ ഉണ്ട്. ശിശുസ്നാനത്തെപ്പറ്റി ഇവിടെ പ്രതിപാദിക്കുന്നുമില്ല. നാം മാമോദീസാ ഏറ്റു എന്നതിന്റെ നല്ലൊരു തെളിവ് 30 വയസുവരെയും, അതിനുശേഷവും നാം നയിക്കുന്ന ക്രൈസ്തവ ജീവിതം തന്നെയാണ്. നാമൊക്കെ ജനിച്ചത് ക്രിസ്തീയ ഭവനത്തിലായിരിക്കുമല്ലൊ? ആ അന്തരീക്ഷത്തിൽ 30 വയസുവരെ അക്രൈസ്തവ ജീവിതവും, 30 വയസിനുശേഷം ക്രൈസ്തവ ജീവിതവും സ്വാഭാവികമായി നയിപ്പാൻ കഴിയുമോ എന്ന് ചിന്തിക്കുക. ശിശുവായിരുന്നപ്പോൾ എനിക്ക് വിശ്വാസം ഏറ്റുപറയാൻ സാധിച്ചില്ലാ എങ്കിലും അതിനു കഴിവുള്ള മാതാപിതാക്കൾ ബന്ധുക്കൾ തുടങ്ങി സഭയിലെ വിശ്വാസികളുടെ സമൂഹം എനിക്കു വേണ്ടി വിശ്വാസം ഏറ്റുപറഞ്ഞ് അവരുടെ സമൂഹത്തിലേക്കാണ് ഞാൻ എത്തിച്ചേർന്നത്. മലങ്കര ഓർത്തഡോക്സ് സഭയിൽ ഒരു ശിശു സഭയുടെ അംഗമാകാൻ ചില നിബന്ധനകൾ ഉണ്ട്.

(a) മാതാപിതാക്കളിൽ ഒരാളെങ്കിലും സഭയുടെ അംഗമായിരിക്കണം.

(b) ശിശുവിനെ ആത്മീയ വളർച്ചയ്ക്ക് മേൽനോട്ടം വഹിക്കാൻ സന്നദ്ധതയുള്ള ഒരു സഭാംഗം ശിശുവിനുവേണ്ടി ജാമ്യം നിൽക്കണം. (തലതൊടണം).

ഈ നിബന്ധനകൾ പാലിച്ചെങ്കിലെ ശിശുവിന് മാമോദീസാ നൽകൂ. കുഞ്ഞുങ്ങളെ തല തൊടുന്നവർ ഗൗരവമേറിയ ചുമതലയാണ് വഹിക്കുന്നത്. അവർക്കു വേണ്ടി പ്രാർത്ഥിക്കുക, കർത്താവിലുള്ള വിശ്വാസത്തിൽ അവരെ വളർത്തുക എന്നീ കാര്യങ്ങൾ വിസ്മരിക്കരുത്. ഒരു സ്നാനിയുടെ തലതൊട്ടയാൾ ചുമതലയനുസരിച്ച് ഒന്നും ചെയ്യാതെ സ്നാനി വീഴ്ചക്കാരനായാൽ ശിക്ഷ തലതൊട്ടയാളിനും ഉണ്ടാകും.

മദ്ധ്യസ്ഥൻ ഉപദേശിച്ചിട്ടും, അവൻ മനഃപൂർവ്വം തെറ്റിപ്പോകുന്നെങ്കിൽ മദ്ധ്യസ്ഥൻ നിരപരാധിയായിരിക്കും. കരാറുകളെ പാലിക്കേണ്ടത് ഏവന്റെയും ചുമതലയാണ്. ശിശുക്കൾ വളർന്നുവരുന്നതനുസരിച്ച് ക്രിസ്തുവിൽ അവരെ വളർത്തണം: അല്ലാതെ 30 വയസുവരെ അക്രൈസ്തവരായി ജീവിക്കുവാൻ നാം അവരെ വിടുന്നില്ല.

കർത്താവ് 30-ാം വയസിൽ സ്നാനമേറ്റത് ഒരു മാതൃകയായി നാം സ്വീകരിക്കണമോ?

യോഹന്നാനാണ് സ്നാപനം നടത്തുന്ന രീതി ആദ്യമായി ആവിഷ്കരിക്കുന്നത്. അതുകൊണ്ടു തന്നെ അദ്ദേഹം "സ്നാപകൻ" എന്നറിയപ്പെട്ടുവാൻ ഇടയായി. അദ്ദേഹം യേശുവിന്റെ മുന്നോടിയായിരുന്നതുപോലെ അദ്ദേഹത്തിന്റെ മാമോദീസായും ക്രിസ്തീയ മാമോദീസായുടെ മുന്നോടിയായിരുന്നു. എന്നാൽ കർത്താവ് യോഹന്നാനിൽ നിന്നും ഏറ്റ സ്നാനമല്ല നാം ഇപ്പോൾ ഏൽക്കുന്നത് യോഹന്നാന്റെ മാമോദീസാ അനുതാപത്തിന്റെയും, മാനസാന്തരത്തിന്റെയുമായിരുന്നു. ആ സ്നാപനത്തിൽകൂടി ഒരു വലിയ സമൂഹത്തെ മശിഹായുടെ ആഗമനത്തിനായി യോഹന്നാൻ സജ്ജമാക്കുകയായിരുന്നു. അങ്ങനെയെങ്കിൽ യേശു എന്തിന് യോഹന്നാനിൽ നിന്നും സ്നാനമേറ്റു?

ഈ ചോദ്യ ആദിമസഭയിലും, ഇന്നും പ്രസക്തമാണ് അതിനുള്ള മറുപടി വി. മത്തായി 3:15 ഉണ്ട്. "ഇപ്പോൾ ഇതു നടക്കട്ടെ. ഇങ്ങനെ സകല നീതിയും പൂർത്തീകരിക്കപ്പെടേണ്ടത് ഉചിതമല്ലൊ". ഇതു മനസിലായിട്ടില്ലെന്ന് അറിയാം. വിശദമാക്കാം.

ആരുടെ രക്ഷയ്ക്കായി ക്രിസ്തുവന്നുവോ; അവരുമായി യേശു താദാത്മ്യപ്പെട്ടുകൊണ്ടാണ് സ്നാനമേറ്റത്. അല്ലാതെ അവിടുത്തേക്ക് അനുതാപമോ, മാനസാന്തരമോ ആവശ്യമായിട്ടില്ല. മാമോദീസായിൽകൂടി അവിടുന്ന് രക്ഷണ്യപ്രവർത്തനത്തിനുള്ള പരസ്യശുശ്രൂഷ ആരംഭിക്കുകയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ യോഹന്നാനിൽ നിന്നും യേശു കൈക്കൊണ്ട മാമോദീസാ, കർത്താവിന് ഏൽക്കേണ്ടിയിരുന്ന മറ്റൊരു മാമേദീസായുടെ (മരണം) തുടക്കമായിരുന്നു. മാർ അപ്രേം പറയുന്നു: തന്റെ മനുഷ്യത്വത്തിന്റെ യാഥാർത്ഥ്യത്തെ വെളിപ്പെടുത്തുവാനായി ക്രിസ്തു മാമോദീസായ്ക്ക് അടുത്തുവന്നു. ക്രിസ്തുയഥാർത്ഥമനുഷ്യനും കൂടിയായിരുന്നു എന്നു വെളിപ്പെടുത്തുകയായിരുന്നു തന്റെ മാമോദീസായിലൂടെ.

യോഹന്നാന്റെ മാനസാന്തര സ്നാനമേറ്റ 12 പേരെ വി. പൗലോസ് അപ്പോസ്തോലൻ വീണ്ടും സ്നാനം കഴിപ്പിച്ചതായി അപ്പോസ്തോല പ്രവൃത്തികളിൽ കാണാം (അപ്പോ.പ്ര. 19:1-7 വരെ വായിക്കുക). അതിനാൽ ഈയൊരു കാര്യത്തിൽ കർത്താവിനെ അനുകരിക്കേണ്ടതില്ല. (30-ാം വയസിലെ മാമോദീസായുടെ കാര്യത്തിൽ). "സകല നീതയും പൂർത്തീകരിക്കുന്ന" കർത്താവിന്റെ ജീവിതത്തെ പിൻതുടരുവാൻ കർത്താവിന്റെയടുക്കലേക്ക് ശിശുക്കളെ അയയ്ക്കുന്നത് കർത്തൃവചനപ്രകാരമാണ് (മർക്കോസ് 10:4) മുപ്പതാം വയസിൽ സ്നാനം ഏറ്റിട്ട്, മുപ്പത്തിമൂന്നാം വയസിൽ കർത്താവു ക്രൂശുമരണം പ്രാപിച്ചതു പോലെ നാമും മുപ്പത്തിമൂന്നാം വയസ്സിൽ ക്രൂശുമരണം പ്രാപിക്കണം എന്ന് പഠിപ്പിക്കുന്നില്ലല്ലോ.

ക്രിസ്തീയ മാമോദീസായെ യോഹന്നാന്റെ സ്നാനത്തിൽ നിന്നും വ്യത്യസ്തമാക്കുന്നത് പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമാണ്. പാപമോചനത്തിനും മാനസാന്തരത്തിനും മാത്രമായി നൽകപ്പെട്ടിരുന്ന യോഹന്നാന്റെ മാമോദീസാ, യേശുക്രിസ്തുവിന്റെ മാമോദീസാ മൂലം പരിശുദ്ധാത്മാവിനെ നൽകാൻ കഴിവുള്ള ക്രിസ്തീയ സ്നാനമായി രൂപാന്തരപ്പെട്ടു. അതാണ് ഇന്നു അപ്പോസ്തോലിക സഭയിൽ നടക്കുന്നത്.

# ബൈബിൾ പഠനം

ഫാ. ഒ.പി. വർഗീസ്, മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ, പുത്തൻകുരിശ്, കൊച്ചി-682 308

ചോദ്യം

## 2 കൊരിന്ത്യർ 5, 6

1. താല്ക്കാലികമായ കൂടാരവാസം എങ്ങനെയാണ് അവസാനിപ്പിക്കുന്നത്?
2. ഈ കൂടാരത്തിൽ ഇരിക്കുമ്പോൾ ഭാരപ്പെട്ട് ഞരങ്ങുവാനുള്ള കാരണം എന്താണ്?
3. ക്രിസ്തുവിശ്വാസികൾ എങ്ങനെയാണ് നടക്കേണ്ടത്?
4. വിശ്വാസികൾക്ക് ആശ്വാസവും ധൈര്യവും പകർന്നു മരണത്തെ അഭിമുഖീകരിക്കുവാൻ ശക്തി നൽകുന്നത് ആരാണ്.
5. നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടുന്നത് എന്തിനാണ്?
6. 5:21-ാം വാക്യത്തിൽ കാണുന്ന മൂന്ന് ആശയങ്ങൾ മാത്രം എഴുതുക.
7. സഹനം, മരണം, ദാരിദ്ര്യം, സമ്പത്ത് എന്നിവയെല്ലാം എന്തിന്റെ വെളിച്ചത്തിലാണ് പൗലോസ് വിലയിരുത്തുന്നത്?
8. 6:11-13 വരെയുള്ള വാക്യം ആധാരമാക്കി ഇന്നത്തെ ആത്മീയ പിതാക്കന്മാർ വിശ്വാസികളെ എങ്ങനെ കരുതണമെന്നാണ് പഠിപ്പിക്കുന്നത്?
9. 6:14 ലെ ഇണയില്ലാപ്പിണ കൂടരുത് എന്നതിന്റെ അർത്ഥം എഴുതുക?
10. വിശ്വാസികൾ പ്രധാനമായും ദൈവവുമായി രണ്ട് ബന്ധമുള്ളവരാണ് എന്നു 6:15-17 വരെപറയുന്നു. ആ രണ്ടു ബന്ധങ്ങൾ എഴുതുക.


## MATRIMONIAL

Orthodox Parents Seek marriage proposal for their 30-year old daughter. Very Brilliant High School Teacher in America 5' 5" tall, medium complexion. Cherish Kerala culture. Prefer Orthodox boy in any technical field willing to emigrate to U.S.A. Parents are professionals and very much involved in the American Diocese.

*Contact:*- 0481-597062 or
001 - 301 - 983 - 8675

**Box. No. 275**
**Malankara Sabha,**
**Devalokam, Kottayam-686038**


ഉത്തരം

## 2 കൊരിന്ത്യർ 3, 4

1. യേശു ഞങ്ങളെ പുതുനിയമത്തിന്റെ ശുശ്രൂഷകന്മാർ ആകുവാൻ പ്രാപ്തരാക്കി; അക്ഷരത്തിന്റെ ശുശ്രൂഷകന്മാർ അല്ല, ആത്മാവിന്റെ ശുശ്രൂഷകന്മാരത്രേ, അക്ഷരം കൊല്ലുന്നു, ആത്മാവ് ജീവിപ്പിക്കുന്നു. (3:6).
2. മോശയുടെ; ഇസ്രായേൽ മക്കൾ (3:8,9)
3. യേശു ക്രിസ്തുവിൽ കൂടി (3:15)
4. കർത്താവിന്റെ ആത്മാവുള്ളടത്ത് (3:17)
5. ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ (4:4)
6. ക്രിസ്തുയേശുവിനെ കർത്താവ് എന്നും, അവരെ യേശു നിമിത്തം നിങ്ങളുടെ ദാസന്മാർ എന്നും അത്രേ അവർ പ്രസംഗിച്ചത് (4:5).
7. യേശുവിന്റെ ജീവൻ അവരുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിന്. (4:10)
8. ഞങ്ങളുടെ മർത്യശരീരത്തിൽ യേശുവിന്റെ ജീവൻ വെളിപ്പെടേണ്ടതിന് (4:11)
9. വിശ്വാസത്തിന്റെ അതേ ആത്മാവ് ഞങ്ങൾക്കുള്ളതിനാൽ ഞങ്ങളും വിശ്വസിക്കുന്നു, അത്കൊണ്ട് സംസാരിക്കുന്നു. (4:13)
10. (a) ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. (b) അല്പനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം, ഞങ്ങൾക്കു കിട്ടുവാൻ കാരണം ആകുന്നു. (4:16,17).

### ശരിയുത്തരം അയച്ചുതന്നവർ

**മാർച്ച് ലക്കം**

1) റൂബി തോമസ്, കോട്ടക്കകത്ത്, കോഴഞ്ചേരി; 2) മോളി മാത്യു, നാരങ്ങാനം; 3) ആലീസ് എബ്രഹാം, ആന്താരീയേത്ത്, കോയമ്പത്തൂർ; 4) എലിസബേത്ത് മാത്യു, Plot No. N-3/422, ഒറീസ; 5) അന്നമ്മ മത്തായി, നേതാജി റോഡ്, ആലുവ; 6) ഷാജി മാമ്മൻ മാത്യു, നെയ്ശേരിൽ, കുട്ടമ്പേരൂർ; 7) തങ്കമ്മ ആന്റണി, കോടിയാട്ട്, ഒറ്റപ്പാലം; 8) ബിജി മാത്യു, കോയംബേട്ട്, ചെന്നൈ.

**ഏപ്രിൽ ലക്കം**

1) ഏലിസബേത്ത് മാത്യു, IRC Village ഭുവനേശ്വർ, ഒറീസ; 2) അന്നമ്മ മത്തായി, നേതാജി റോഡ്, ആലുവ.





# സിങ്ക്റോളിയും.... വാരണാസിയും ചില ചിന്തകളും

ഫാ. റ്റി. എ. ഇടയാടി

"ഒരു ട്രങ്ക്പെട്ടിയും ആരോടെങ്കിലും വായ്പ വാങ്ങിയ ഒരു ജോഡി വസ്ത്രവുമായിട്ടാണ് ആദ്യം ഇവിടെ വന്നത്" സിങ്ക്റോളിയിൽ കണ്ടുമുട്ടിയ ഭൂരിപക്ഷം പേരും പറയുന്നു. മൂന്നു ട്രെയിൻ കയറി, നാലുദിവസം കൊണ്ട് ആറു സ്റ്റേറ്റുകൾ കടന്ന് (കേരളം, തമിഴ്നാട്, ആന്ധ്രാ, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, മധ്യപ്രദേശ്) റയിൽവേയുടെ ഭൂപടത്തിൽ സ്ഥാനമില്ലാത്ത സിങ്ക്റോളിയിൽ എത്തുമ്പോൾ ഒരു കേരളീയന്റെ യാത്രാ താല്പര്യം അസ്തമിച്ചുകഴിയും. സിങ്ക്റോളി, കൽക്കരി ഖനികളുടെ പ്രഭവകേന്ദ്രമാണ്. കർക്കരി അസംസ്കൃത വസ്തുവായ് ഉപയോഗിച്ച് താപനിലയങ്ങൾ ഏറ്റവും അധികം പ്രവർത്തിക്കുന്നതും ഇവിടെയാണ്. ജബൽപൂരു നിന്നും രാത്രിയിൽ യാത്രയാരംഭിച്ച് പ്രഭാതത്തിൽ സിങ്ക്റോളി സ്റ്റേഷനിൽ എത്തുമ്പോൾ ഊഷരമായ ഭൂമിയുടെ വന്യദാഹം അനുഭവപ്പെടും. സഹ്യപർവ്വതങ്ങളെ ചുംബിച്ചു കിടക്കുന്ന മേഘശകലങ്ങൾ പോലെ അവിടെവിടെയായി ധൂമപടലങ്ങൾ ഉരുണ്ടുകൂടുന്നു ഒക്കെ ഖനികളുടെ, പ്രകൃതിക്കുള്ള സമ്മാനമാണ്. അൽപം യാത്രചെയ്ത് കൈലേസുകൊണ്ട് മുഖം തുടച്ചാൽ നിറംമാറുന്ന തരത്തിൽ കൈലേസിന് രൂപഭേദം വരും.

അത്യുഗ്രമായ ചൂടിലും, പ്രകൃതിയെ മലിനമാക്കുന്ന ചുറ്റുപാടിലും ഇവിടെയും ധാരാളം മലയാളികൾ. ദേവാലയങ്ങളും, അമ്പലങ്ങളും സുലഭം. സിങ്ക്റോളി സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ 43 കുടുംബങ്ങളാണുള്ളത്. കൽക്കരി ഖനികളിലും, താപനിലയങ്ങളിലും, സ്ക്കൂളുകളിലും, ആശുപത്രികളിലുമായ് സേവനം അനുഷ്ഠിക്കുന്നവർ മാസശമ്പളക്കാർ ആയതുകൊണ്ട് വലിപ്പചെറുപ്പം പറയുവാനില്ല.

മുംബെയ്, മദ്രാസ്, പൂണൈ, ബാംഗ്ലൂർ, തുടങ്ങിയ സിറ്റികളിലെ പള്ളികളിൽ പോയിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ അനുഭവമാണ് അവിടെയുള്ളത്. കേരളത്തിലെ ഹൃദയ സൗരഭ്യം നഷ്ടപ്പെടുത്തിയിട്ടില്ലാത്തവർ, നിഷ്കളങ്ക സ്നേഹത്തിന്റെ കയ്യൊപ്പുകൾ ആത്മാവിൽ സൂക്ഷിക്കുന്നവർ.

ഇടവകയുടെ ഭാവി അനിശ്ചിതത്വത്തിലാണ്. റിട്ടയർ ചെയ്യുന്നവർ കേരളത്തിലേക്കു മടങ്ങിപ്പോരുന്നു. തൊഴിൽ സാധ്യതകൾ മങ്ങുന്നു പത്തിരുപതു വർഷം കഴിയുമ്പോൾ അംഗുലിപരിമിതമായ കുടുംബങ്ങളെ ഓർത്തഡോക്സ് സഭയ്ക്ക് അവിടെ ഉണ്ടാകൂ. അതുകൊണ്ടു തന്നെ വലിയ പള്ളിപണി ഫാഷനൊന്നും അവർ കാട്ടിയില്ല.

### ഓബ്റ മാർ ഗ്രീഗോറിയോസ്

സിങ്ക്റോളിയിൽ നിന്നും 90 കിലോമീറ്റർ ദൂരം. വെറും അഞ്ച് കുടുംബങ്ങൾ മാത്രമുള്ള ഇടവക ശ്രീ. കെ.ജി. ഗീവർഗീസ് തുമ്പമണിന്റെ ഭവനത്തിൽ വച്ച് വി. കുർബ്ബാന അഞ്ചാം ഞായറാഴ്ചകളിൽ അനുഷ്ഠിക്കുന്നു.

### രേണുക്കൂട്ട് സെ. തോമസ്

സിംഗ്റലിയിൽ നിന്നും 70 കി.മീ. ദൂരം 38 കുടുംബങ്ങൾ. സ്വന്തമായി ദേവാലയം ഉണ്ട്. ആദിത്യബിർളാ ഗ്രൂപ്പിന്റെ ഹിൻഡാൽക്കോ അലുമിനിയം കമ്പനിയിൽ ജോലി ചെയ്യുന്നവർ.

### വരണാസി സെ. തോമസ് മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ

ബനാറസ് എന്നറിയപ്പെടുന്ന വാരണാസിയിൽ രണ്ടു ദിവസം ചിലവഴിച്ചു. അവിടെയും 13 ഇടവകക്കാർ ഒരു പ്രൊട്ടസ്റ്റന്റ് ഗ്രൂപ്പിന്റെ ഔദാര്യത്തിൽ ഒരു മുറി തരപ്പെടുത്തി വി. കുർബ്ബാന അനുഷ്ഠിക്കുന്നു. ഒരു പട്ടണത്തെ രാഷ്ട്രീയക്കാർക്ക് എങ്ങനെ നശിപ്പിക്കാം എന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ബനാറസ് സിറ്റി. വൃത്തിഹീനമായ വഴികളും, ദുരിതപൂർണ്ണമായ യാത്രയും. അവിടെ കൗതകമുണർത്തിയ ഒരു കാര്യം: മൂന്നു പ്രാവശ്യം ജയിച്ച സ്ഥാനാർത്ഥി വീണ്ടും ഇലക്ഷനിൽ നിന്നു. അപ്പോൾ അദ്ദേഹത്തിന്റെ അവകാശ വാദം ഇങ്ങനെ 'ആദ്യ അഞ്ചു വർഷം ഞാൻ എന്റെ കുടുംബത്തെ സേവിച്ചു. രണ്ടാം പ്രാവശ്യം ബന്ധുക്കളെ സഹായിച്ചു. മൂന്നാം പ്രാവശ്യം സുഹൃത്തുക്കൾക്ക് സഹായം നൽകി. ഇനിലഭിക്കുന്ന അടുത്ത അഞ്ചുവർഷമാണ് ജനങ്ങൾക്കുവേണ്ടി വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്' ഈ സ്ഥാനാർത്ഥി തന്നെ ജയിച്ചു എന്നത് രസകരം. പുതിയ ഒരാൾ വന്നാൽ വീണ്ടും പതിനഞ്ചുവർഷം നഷ്ടമാകുമെന്ന് ജനസംസാരം!

വാരണാസിയിൽ പോകുന്നവർ ഗംഗയിൽ പോകാതെ തരമില്ല. ഗംഗയിലേക്കുള്ള യാത്ര ഇടുങ്ങിയ ഗലികളിലൂടെയും മഠങ്ങളുടെ ഉപാന്തങ്ങളിലൂടെയും ആയിരുന്നു. പശുക്കളെ മുട്ടിയിട്ട് വഴിനടക്കണ്ട. ഗംഗയുടെ തീരങ്ങളിലെ ശ്മശാനഘട്ടുകളിലെ വിലപേശൽ ശരിക്കും കച്ചവടം തന്നെ. ആത്മാവിന്റെ ഗതിയോ ശാന്തിയോ ഒന്നും ശ്മശാനഘട്ടിലെ കർമ്മികൾക്ക് കാര്യമല്ല. കത്തിദഹിച്ചുതീരുന്നതിനുമുമ്പ് മൃതദേഹം ഗംഗയിലൊഴുക്കുന്നത് പതിവത്രേ. ഓരോ അഞ്ചു മിനിട്ടിലും രണ്ടു ശവങ്ങൾ വീതം ഗംഗയിലെത്തുന്നു.

ജീവിതാന്ത്യം കാശിയിൽ ചിലവഴിക്കുവാൻ ശ്രമിക്കുന്നവർക്ക് മഠങ്ങളുടെ പരിരക്ഷ ഒരാശ്വാസമാണ്. മുറിയോ, മുറികളോ, വളരെ ചുരുങ്ങിയ വാടകയ്ക്ക് മഠങ്ങൾ നൽകും. ആയുഷ്ക്കാലം മുഴുവൻ അവിടെ താമസിക്കാം. കച്ചവട മനസ്ഥിതി അവർക്ക് ഇല്ല എന്നത് എടുത്തുപറയേണ്ടതാണ്. വിശാലമായ ഗംഗയുടെ തീരങ്ങൾ മണൽപ്പരപ്പുകളാൽ സമ്പന്നമാണ്. കേരളക്കാരുടെ കൈയ്യിലായിരുന്നെങ്കിൽ റിസോർട്ടുകളും, അമ്യൂസ്മെന്റ് പാർക്കുകളും കൊണ്ട് അവിടെ വ്യവസായവൽക്കരിച്ചേനേ! കുളിക്കും യാത്രയ്ക്കും നിൽപ്പിനുമെല്ലാം പണം നൽകേണ്ടി വന്നേനേ.

*ശേഷം 34-ാം പേജിൽ*

# ഏകദിന വനിതാ സമ്മേളനം

**മുംബൈ:-** ബോംബെ ഭദ്രാസനത്തിലെ മർത്തമറിയം വനിതാ സമാജം, മുംബൈ റീജിയന്റെയും, ദാദർ, മലാഡ്, കല്യാൺ സോണലുകളുടെയും നേതൃത്വത്തിൽ ഏകദിനസമ്മേളനവും വേദവാക്യം-ബൈബിൾ ക്വിസ്സ്, മാർഗ്ഗംകളി തുടങ്ങിയ മത്സരങ്ങളും മുംബയിൽ വിവിധ സ്ഥലങ്ങളിൽ വച്ചു നടത്തുകയുണ്ടായി.

മുംബൈ റീജിനൽ സമ്മേളനം ഏപ്രിൽ 24-ന് മലാഡ് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ, പ്രസ്ഥാനം പ്രസിഡന്റ് ഗീവറുഗീസ് മാർ കൂറിലോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. മലങ്കര-കത്തോലിക്കാ സഭയിലെ-താനെ ബഥനി ആശ്രമ സുപ്പീരിയർ റവ.ഫാ. ജേക്കബ് ഒറവയ്ക്കൽ "ക്രിസ്തീയ കുടുംബം ദൈവീക പദ്ധതിയിൽ" എന്ന വിഷയം ആസ്പദമാക്കി മുഖ്യ പ്രഭാഷണം നടത്തി. വൈസ് പ്രസിഡന്റ് ഫാ. യൗനാൻ മുളമൂട്ടിൽ, ഭദ്രാസന ജനറൽ സെക്രട്ടറി മിസിസ്സ് ഗ്രേസിമാത്യു, എന്നിവർ പ്രസംഗിക്കുകയും റീജിനൽ സെക്രട്ടറി പ്രൊഫ. മിസിസ്സ് മറിയാമ്മ അലക്സാണ്ടർ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. വനിതാ-വൈസ് പ്രസിഡന്റ് ഡോ. മിസിസ്സ്-സൂസി മാത്യു വിശിഷ്ടാതിഥികൾക്ക് സ്വാഗതവും, സോണൽ സെക്രട്ടറി-മിസിസ്സ് പ്രിൻസസ്സ് ബാബു കൃതജ്ഞതയും പ്രകാശിപ്പിച്ചു.

തുടർന്നു നടന്ന വേദവാക്യ മത്സരത്തിൽ, മിസിസ്സ് റോസമ്മ തോമസ് ഡോംബുവലി, ഒന്നാംസ്ഥാനവും മിസിസ്സ് ഏലിയാമ്മ ജോർജ്ജ് മീരാറോഡ്, മൂന്നാം സ്ഥാനവും, ബൈബിൾ ക്വിസ്സ് മത്സരങ്ങളിൽ പവായ് യൂണിറ്റ് ഒന്നാം സ്ഥാനവും, മലാഡ് യൂണിറ്റ് രണ്ടാം സ്ഥാനവും ഡോംബുവലി യൂണിറ്റ് മൂന്നാം സ്ഥാനവും, മാർഗ്ഗകളി മത്സരങ്ങളിൽ ഡോംബുവലി യൂണിറ്റ് ഒന്നാംസ്ഥാനവും കരസ്ഥമാക്കി.


## പ്രത്യേക അറിയിപ്പ്

മലങ്കരസഭയുടെ വരിസംഖ്യ കുടിശ്ശിഖ വരുത്തിയിട്ടുള്ളവർക്ക് ഇവിടെ നിന്നും രണ്ടു പ്രാവശ്യം കാർഡുകൾ അയച്ചിരുന്നു. ഇനിയും കുടശ്ശിഖ വരുത്തിയിട്ടുള്ളവർക്ക് ജൂലൈ ലക്കം മുതൽ മാസിക അയയ്ക്കുന്നതല്ല. കുടിശ്ശിഖ എത്രയെന്ന് അറിയുവാൻ ഓഫീസ് സമയത്ത് 573234-ൽ വിളിയ്ക്കുകയോ e-mail/കത്തുമുഖേനയോ ബന്ധപ്പെടുക.

## കുടിശ്ശിഖ ജൂൺ 30 നകം അടയ്ക്കുക.

മലങ്കരസഭയുടെ ഡെസ്പാച്ച് സംവിധാനം കമ്പ്യൂട്ടർവൽക്കരിച്ചതാണ്. ജൂലൈ മുതൽ അതിന്റെ പൂർണ്ണരൂപത്തിൽ നിലവിൽ വരും. ജൂൺ 30-നകം വരിസംഖ്യ അടച്ചിട്ടില്ലെങ്കിൽ ജൂലൈ ലക്കം ലഭിക്കുന്നതല്ല. ഇനി മുതൽ വരിസംഖ്യ മുൻകൂർ ആയി അടയ്ക്കുവാൻ ശ്രദ്ധിക്കുക.

# ദേവാലയ കൂദാശ



**പന്തളം:-** മഹാഇടവകയായി പരിശുദ്ധ കാതോലിക്കാബാവാ ഉയർത്തിയ അറത്തിൽ സെ. ജോർജ്ജ് ഓർത്തഡോക്സ് പള്ളി. ഒരു കോടി രൂപാ ചെലവിൽ പണിത ഈ പള്ളിയുടെ കൂദാശ മെയ് 3, 4 തീയതികളിൽ നടത്തി.

# പരുമല തിരുമേനിയുടെ സ്വർണ്ണ കൊയിൻ

**ഷാർജ:-** പരുമല തിരുമേനിയുടെ ദേഹവിയോഗ ശതാബ്ദിയോടനുബന്ധിച്ച് പരുമല തിരുമേനിയുടെ ചിത്രം ഒരു വശത്തും മറുവശത്ത് കുരിശും മുദ്ര ചെയ്തിട്ടുള്ള സ്വർണ്ണ കൊയിൻ ഷാർജ സെ. ഗ്രീഗോറിയോസ് ഇടവക പുറത്തിറക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഈ ലക്കം മലങ്കരസഭയുടെ 2-ാം പേജ് കാണുക.

# സുവിശേഷ സംഘം സമ്മേളനം

കൊല്ലം ഭദ്രാസന സുവിശേഷ സംഘം കറ്റാനം മേഖല പ്രവർത്തക സമ്മേളനം കായംകുളം കാദീശ്ത്ത പള്ളിയിൽ വച്ച് ഫാ. ഏബ്രഹാം വർഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടി. അടുത്ത വർഷത്തേക്കുള്ള ചുമതലക്കാരെ തിരഞ്ഞെടുത്തു.

# റാങ്ക് നേടി



ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ 7-ാം റാങ്കും (585 മാർക്ക്) കോട്ടയം ഡിസ്ട്രിക്ടിൽ ഒന്നാം സ്ഥാനവും ലഭിച്ച പ്രവീൺ പി. ഏബ്രഹാം. കോട്ടയം വട്ടക്കുന്നേൽ പുല്ലാട്ട് ശ്രീ പ്രകാശ് ഏബ്രഹാമിന്റെയും ലീലാമ്മയുടെയും മകൻ. മലങ്കര സഭാ മാസികയുടെ ആയുഷ്ക്കാല വരിക്കാരനായ പ്രവീണിന് മലങ്കരസഭയുടെ ആശംസ.

# ഒ.വി.ബി.എസ്. ഗാനങ്ങൾ

2003 ലെ ഒ.വി.ബി.എസിന്റെ ചിന്താവിഷയം നല്ല കാര്യവിചാരകൻ എന്നുള്ളതാണ്. വി. മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായം 21-ാം വാക്യം അടിസ്ഥാനമാക്കിയാണ് ചിന്താവിഷയം തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത വിഷയം, വേദപുസ്തകം, വിശ്വാസസത്യങ്ങൾ എന്നിവയെ ആസ്പദമാക്കിയുള്ള ഗാനങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. ഗാനങ്ങൾ ട്യൂൺ ചെയ്ത് കാസറ്റിലാക്കി, ഓഗസ്റ്റ് 31-നകം ലഭിക്കത്തക്കവിധം ഒ.വി.ബി.എസ്. ഡയറക്ടർ, ദേവലോകം കോട്ടയം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.





# കൗൺസലിങ്ങ് പഠനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

**കോട്ടയം:-** ഓർത്തഡോക്സ് വൈദിക സെമിനാരി പ്രത്യാശ കൗൺസലിങ്ങ് സെന്റർ, കൗൺസലിങ്ങ് പഠനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു.

ബിരുദധാരികളായ സ്ത്രീ പുരുഷന്മാർക്ക് അപേക്ഷിക്കാം. വൈദികർ, കന്യാസ്ത്രീകൾ, ആദ്ധ്യാത്മിക സംഘടനാപ്രവർത്തകർ എന്നിവർക്ക് മുൻഗണന.

അപേക്ഷാ ഫോമിനും പ്രോസ്പെക്ടസിനും ഫാ. ഡോ. ഒ. തോമസ്, കോ-ഓർഡിനേറ്റർ, പ്രത്യാശ കൗൺസലിങ്ങ് സെന്റർ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം. എന്ന വിലാസത്തിൽ ജൂൺ 30-നകം അപേക്ഷിക്കണം.

# ഫാ. റ്റി.ജി. സഖറിയായുടെ ഒന്നാം ചരമ വാർഷികവും ഫൗണ്ടേഷൻ ഉദ്ഘാടനവും



മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രമുഖ വൈദികനും അരനൂറ്റാണ്ടോളം സഭാകേന്ദ്രത്തിലെ പ്രവർത്തകനും, ദീർഘകാലമായി മലങ്കരസഭ മാസികയുടെ മാനേജരും പബ്ലിഷറും ആയി പ്രവർത്തിച്ച ബഹു. റ്റി.ജി. സഖറിയാ അച്ചന്റെ ഒന്നാം ചരമ വാർഷികം മെയ് 9-ാം തീയതി പ. കാതോലിക്കാബാവാ തിരുമനസിലെ പ്രധാന കാർമ്മികത്വത്തിൽ ഉമയാറ്റുകര സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളിയിൽ സമുചിതമായി ആചരിച്ചു. പ. ബാവാതിരുമനസിലെ പ്രധാനകാർമ്മികത്വത്തിൽ വി. കുർബ്ബാനയ്ക്കുശേഷം, കബറിങ്കൽ ധൂപപ്രാർത്ഥനയും പള്ളി ഓഡിറ്റോറിയത്തിൽ സ്നേഹവിരുന്നും നടന്നു. തുടർന്നു നടന്ന അനുസ്മരണ സമ്മേളനത്തിൽ പ. ബാവാ തിരുമനസ്സുകൊണ്ട് അധ്യക്ഷത വഹിച്ചു. തികഞ്ഞ സഭാ സ്നേഹിയും, നിസ്വാർത്ഥ സേവകനും ആയിരുന്ന സഖറിയാ അച്ചനെ പ. ബാവാ വാത്സല്യ സ്മരണകളോടെ അനുസ്മരിച്ചു സംസാരിച്ചു. ഫാ. റ്റി.ജി. സഖറിയാ ഫൗണ്ടേഷന്റെ ഉദ്ഘാടനം ബഹു. കേരള ഹൈക്കോടതി ജഡ്ജി ശ്രീ. ജെ. ബഞ്ചമിൻ കോശി നിർവ്വഹിച്ചുകൊണ്ട്, സഖറിയാ അച്ചനുമായുണ്ടായിരുന്ന ആത്മബന്ധത്തെ അനുസ്മരിച്ചു സംസാരിച്ചു.

ഫാ. റ്റി.ജി. സഖറിയായുടെ ബന്ധുക്കളും സ്നേഹിതരും സമാഹരിച്ച ഫൗണ്ടേഷൻ തുക മുൻ എം.പി. ശ്രീ. തോമസ് കുതിരവട്ടം പ. ബാവായെ ഏല്പിച്ചു. ഫാ. റ്റി.ജി. സഖറിയായെ അനുസ്മരിച്ചുകൊണ്ട് മലങ്കരസഭ മാസിക ചീഫ് എഡിറ്റർ ഫാ. ഡോ. ജേക്കബ് കുര്യൻ, മലങ്കരസഭാ അത്മായ ട്രസ്റ്റി ശ്രീ പി.സി. ഏബ്രഹാം, മലയാളമനോരമ എഡിറ്റർ ശ്രീ പോൾ മണലിൽ, റവ. ഫാ. ജോൺ വർഗീസ്, ശ്രീ. പി.വി. സഖറിയാ എന്നിവർ സംസാരിച്ചു.

# തൊഴിൽ പരിശീലന കേന്ദ്രം ഉദ്ഘാടനം ചെയ്തു

**കുരിശുമുട്ടം:-** കുരിശുമുട്ടം സെന്റ്. സ്റ്റീഫൻസ് ഓർത്തഡോക്സ് ഇടവകയുടെ കനകജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ആരംഭിച്ച മാർ യൗസേബിയോസ് സപ്തതി സ്മാരക വനിതാ തൊഴിൽ പരിശീലന കേന്ദ്രം ഉദ്ഘാടനം കല്ലൂപ്പാറ എം.എൽ.എ. ശ്രീ ജോസഫ് എം. പുതശ്ശേരി നിർവഹിച്ചു. തയ്യൽ സ്ക്കൂൾ, സോപ്പുനിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം തുടങ്ങിയവ ഈ സെന്ററിൽ ആരംഭിക്കും.

# ബിഷപ്പ് വാൽഷ് മെമ്മോറിയൽ ആശുപത്രി

**കോയമ്പത്തൂർ:-** തടാകം ആശ്രമത്തോടനുബന്ധിച്ചുള്ള ബിഷപ് വാൽഷ് മെമ്മോറിയൽ ആശുപത്രിയുടെ പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനം ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. ഒ.പി. വിഭാഗവും തീയേറ്ററും പുതിയ കെട്ടിടത്തിൽ പ്രവർത്തിക്കും. മാർ യൗസേബിയോസിന്റെ സപ്തതി സ്മാരകമായിട്ടാണ് പുതിയ ബ്ലോക്കുകൾ സമർപ്പിച്ചിരിക്കുന്നത്.

# തെരഞ്ഞെടുക്കപ്പെട്ടു

**ബാംഗ്ലൂർ:-** ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രഥമ അഖിലേന്ത്യാ കൗൺസിൽ ബാംഗ്ലൂർ ക്രിസ്തുജ്യോതി സെമിനാരിയിൽ മെയ് 17 മുതൽ 21 വരെ സമ്മേളിച്ചു. ഡോ. കെ. രാജരത്നം (ചെന്നൈ) പ്രസിഡന്റായും, ഡോ. മാണി ജേക്കബ് (AIACHE, ഡൽഹി) ജനറൽ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു. മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് മുംബൈ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ കൂറിലോസ് എപ്പിസ്ക്കോപ്പാ, പ്രൊഫ. കെ.പി. ജോയി (അഡ്മിനിസ്ട്രേറ്റർ, മാർ ബസേലിയോസ് പബ്ലിക് സ്ക്കൂൾ, ദേവലോകം), പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട് (പ്രിൻസിപ്പാൽ, കെ.ജി. കോളജ്, പാമ്പാടി) എന്നിവർ ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. മത ന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ വെല്ലുവിളികൾ നേരിടുന്ന പശ്ചാത്തലത്തിൽ എല്ലാ ക്രൈസ്തവ വിദ്യാലയങ്ങളും AICCEI-യിൽ അംഗങ്ങളാകണമെന്ന് ജനറൽ സെക്രട്ടറി അഭ്യർത്ഥിച്ചു.



Leelamma Thomas Pratapgrah



Jose Joseph Rajastan



കുഞ്ഞമ്മ മാത്യു, പുന്നൂരുത്തിൽ കാനാവിൽ കിടങ്ങന്നൂർ

31–ാം പേജിൽ നിന്നു തുടർച്ച

പാരമ്പര്യങ്ങളും വേദങ്ങളും മിത്തുകളും നിറഞ്ഞ കാശി ഒരു നിഗൂഢതയാണ്. അതാകാം അതിന്റെ സൗന്ദര്യവും.

### ചില നിരീക്ഷണങ്ങൾ

ഇതുവരെയുള്ള എന്റെ കേരളത്തിനു വെളിയിലെ യാത്രയുടെ ചില നിരീക്ഷണങ്ങളാണ് കുറിക്കുന്നത്. ബാഹ്യകേരള ഭദ്രാസനങ്ങളുടെ പൊതുവായ ഒരു നിഗമനമായി ഇതിനെ കരുതാം. ഏതെങ്കിലും ഒരു പള്ളിയുടെയോ ഒരു അച്ചനെയും സംബന്ധിച്ചല്ല പൊതുവായ ചില നിരീക്ഷണങ്ങളാണിവിടെ.

1) ആരാധനാ, പ്രാർത്ഥന, കൗദാശിക കർമ്മങ്ങൾ തുടങ്ങിയവയോടുള്ള ജനങ്ങളുടെ സമീപനം കേരളത്തേക്കാളുപരി ആത്മാർത്ഥവും സത്യസന്ധവുമാണ്.

2) പണത്തിന്റെ ബുദ്ധിപരമായ വിനിയോഗം ഈ പ്രാവശ്യം സന്ദർശിച്ച സ്ഥലങ്ങളിൽ കണ്ടു. ചെറിയ ദേവാലയങ്ങൾ ആവശ്യ സംവിധാനങ്ങൾ.

3) ലക്ഷങ്ങൾ മുടക്കിയുള്ള ദേവാലയങ്ങളും കെട്ടിടങ്ങളും മറുനാട്ടിൽ നിർമ്മിക്കുന്നതും ആരോഗ്യകരമായ പ്രവണതയല്ല. ജീവിക്കുവാൻവേണ്ടി ഓരോ സ്ഥലത്തും ജോലിതേടിയെത്തിയവരാണ് നമ്മുടെ ആൾക്കാർ. എടുക്കാവുന്ന ഭാരമെ ആ പാവങ്ങളുടെ ചുമലിൽ വയ്ക്കാവൂ.

4) പഴയതലമുറ പുതിയതലമുറയെ കുറ്റം വിധിക്കരുത്. ആരാധനയും പാരമ്പര്യങ്ങളും അർത്ഥങ്ങളും ചൊല്ലിക്കൊടുക്കാതെ അവർ എങ്ങനെ ഹൃദിസ്ഥമാക്കും. ഒരു യുവാവിന്റെ വാക്കു കേൾക്കൂ. 'Elders are laughing because of our Malayalam. Why are they not teaching us Malayalam?'.

5) പുരോഹിതന്മാരും മാറ്റത്തിനു വിധേയപ്പെടണം. മാസത്തിലൊന്നെങ്കിലും ഇംഗ്ലീഷിലോ, ഹിന്ദിയിലോ, വി. കുർബ്ബാന അനുഷ്ഠിക്കണം.

6) വികാരിമാർ അറിയാതെ എം.ജി.ഒ.സി.എസ്.എം. എന്നതിന്റെ പേരിൽ യുവാക്കാന്മാരും യുവതികളും പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നത് അഭിലക്ഷണീയമല്ല. ഇടവകയിലെ ആത്മീയ പ്രവർത്തനങ്ങൾ വികാരി നിർബന്ധമായും അറിഞ്ഞിരിക്കണം.

7) സൊസൈറ്റി ട്രസ്റ്റ് തുടങ്ങിയ പേരുകളിൽ രജിസ്റ്റർ ചെയ്ത ദേവാലയങ്ങളുടെ അഡ്മിനിസ്ട്രേഷൻ സംബന്ധിച്ച് തർക്കങ്ങൾ പതിവാണ്. വൈദീക സെമിനാരിയിൽ തന്നെ ഇത്തരം സിവിൽ നിയമങ്ങളിൽ വൈദീകർക്ക് പരിശീലനം നൽകേണ്ടതാണ്.

8) ജോലിക്കും പഠനത്തിനുമായി നഗരങ്ങളിൽ എത്തിയ യുവജനങ്ങൾ (മെമ്പർഷിപ്പ് ഇല്ലാത്തവർ) ഇടയനില്ലാതെ അലഞ്ഞുതിരിയുന്നതായി കണ്ടുവരാറുണ്ട്. ഇവരെ ചെറിയ പ്രെയർ ഗ്രൂപ്പുകളിലേക്കെങ്കിലും ആകർഷിക്കുവാൻ ഒരു വൈദീകനു കഴിയേണ്ടതാണ്. ●

---

27–ാം പേജിൽ നിന്നു തുടർച്ച

സാധിക്കുന്നില്ല എന്നതാണീ കാലഘട്ടത്തിന്റെ പ്രത്യേകത. ഈ ലോകവ്യവസ്ഥിതിയുടെ സ്വഭാവമാണിത്. എന്നാൽ, ഈ വ്യവസ്ഥിതിക്കകത്തുള്ള ജീവിതം കൊണ്ട് വലിയ ഉദ്ദേശ്യങ്ങൾ നിർവ്വഹിക്കാനുണ്ട്. അതുവഴി നമ്മിൽ വെളിപ്പെടാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടതകൾ സാരമില്ലാത്തവയാണ് എന്ന് വി. പൗലൂസ് (റോമർ 8:16) എഴുതുന്നു. അതായത് കഷ്ടതയെ കഷ്ടതയല്ലാതാക്കിത്തീർക്കുന്ന ഒരു ലക്ഷ്യം മുന്നിലുള്ളതുകൊണ്ട് കഷ്ടത, കഷ്ടതയായിത്തീരുന്നില്ല എന്നതാണ് സത്യം. ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തിന്റെ സ്ഥിരത പരീക്ഷിക്കാനുള്ള അവസരം കൂടിയാണ് കഷ്ടപ്പാടുകൾ (യാക്കോബ് 1:2–3). ഞാൻ നിന്നെ കഷ്ടതയുടെ ചൂളയിൽ പരിശോധിക്കുകയാണന്ന് (യെശയ്യാവ് 48:10) രേഖപ്പെടുത്തിയിരിക്കുന്നു. തന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടി ദൈവം ഒരുക്കിയിരിക്കുന്ന അഗ്നിപരീക്ഷയാണ് ദുഃഖം എന്ന് (2 തെസ്സ. 1:5–6) വി. പൗലൂസ് ആവർത്തിച്ച് വ്യക്തമാക്കുന്നു. ചുരുക്കത്തിൽ വിശ്വാസപൂരിതമായ ക്രിസ്തീയജീവിതത്തിന്റെ അടയാളമാണ് കഷ്ടപ്പാടുകൾ.

ദൈവം നമ്മെ ആശ്വസിപ്പിക്കുമ്പോൾ നമ്മുടെ കഷ്ടങ്ങളും പ്രശ്നങ്ങളും എല്ലാം നമ്മിൽനിന്ന് ഒഴിഞ്ഞ് പോകണമെന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്. പക്ഷേ ദൈവം അത് വാഗ്ദാനം ചെയ്യുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ യഥാർത്ഥ സ്നേഹം കൊണ്ടല്ല, മറിച്ച് വേദനകളിൽനിന്ന് ആശ്വാസം ലഭിക്കാൻ മാത്രമേ നാം ദൈവത്തിൽ ആശ്രയിക്കുമായിരുന്നുള്ളു. ദൈവത്തിന്റെ സാന്ത്വനം എന്നതുകൊണ്ട് പ്രശ്നങ്ങളെ ഇല്ലാതാക്കുകയല്ല മറിച്ച് അവയെ നേരിടാനുള്ള ശക്തിയും, ധൈര്യവും പരിരക്ഷയും ലഭിക്കുന്നു എന്നതാണ്. കഷ്ടകാലത്ത് ദൈവം ഏറ്റം അടുത്ത തുണയായി പ്രവർത്തിക്കുന്നു. പ്രശ്നങ്ങൾ എത്രമാത്രം സങ്കീർണ്ണമാണെങ്കിലും ദൈവം നമ്മോടുകൂടി ഉണ്ടായിരിക്കും എന്ന 91–ാം സങ്കീർത്തനത്തിലെ വാക്കുകൾ പലപ്പോഴും നാം വിസ്മരിക്കുന്നു. ദൈവത്തിൽ ശരണം പ്രാപിക്കുമ്പോൾ "നിങ്ങൾ ഇടത്തോട്ടോ, വലത്തോട്ടോ തിരിയുമ്പോൾ വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവീൻ എന്നൊരു വാക്ക് പുറകിൽനിന്ന് കേൾക്കും" എന്ന് യെശയ്യാവിലൂടെ (30:21) ദൈവം നമുക്കുറപ്പുതരുന്നു. അതുകൊണ്ട് പരീക്ഷണങ്ങളും ദുഃഖവും ഉണ്ടാകുമ്പോൾ ദൈവത്തിലുള്ള വിശ്വാസത്തിലും അനുസരണത്തിലും വളരാൻ ശ്രമിക്കുകയാണ് വേണ്ടത്. ●

**FOR THE BLESSED MEMORY OF**
**MAR GABRIEL**
**CALLED TO THE LORD**
**AT KOTTAYAM CHERIYAPALLY**

**Paulose Jacob**
**KizhakeAttathu**

NO DONATION

ONLY GOVT. FEES

SHRIDEVI EDUCATION SOCIETY (R)

# SHRIDEVI HOSPITALS
&
## SHRIDEVI COLLEGE OF ENGINEERING AND TECHNOLOGY

**K.R. EXTENSION, TUMKUR, BANGALORE**

**ബാംഗ്ലൂർ, തുംകൂറിലെ പ്രമുഖവും വിഖ്യാതവുമായ ശ്രീദേവി ഹോസ്പിറ്റൽ & എഞ്ചിനീയറിംഗ് കോളജിൽ അഡ്മിഷൻ നേടുന്നതിനുള്ള അവസരം**

| | | |
|---|---|---|
| 1. B.Sc. Nursing 5th Batch | 4 years | Affiliated Indian Nursing Council, F.No. 18-661/2000 INC. Rajiv Gandhi Health University, Nursing Council Govt. of Karnataka. |
| 2. B.Sc. Nursing Post Certificate 2nd Batch | 2 years | Affiliated Indian Nursing Council ACA NS 25- 0-42 2000-2001 Eligibility: 1. should hold a certificate in General Nursing. 2. Should be a registered Nurse. 3. Should have minimum of 2 years Experience. 4. Should have passed PDC. |
| 3. BPT 5th Batch | 4 years | Affiliated to Rajiv Health University, IAO and Govt. of Karnataka (PDC Science Group). |
| 4. Gen, Nursing 11th Batch | 3 years | PDC/VHSE/+2 any group pass. Recognised by Indian Nursing Council, I.N.C. (Pt 1V) Dt. 5-3-01 KNC Govt. of Karnataka. |
| 5. B. Pharm | 4 years | Affiliated to Rajiv Gandhi University of Health Sciences Bangalore & Recognised by P.C.I. Affiliated to A.I.C.T.E. New Delhi. |
| 6. D. Pharm | 2 years | Approved by Govt. of Karnataka & The pharmacy council of India, New Delhi. |
| 7. DMLT | | PDC/SSLC pass -2 years and 3 years Diploma Recognised by Karnataka Paramedical Board, Directorate of Medical Education, Karnataka. |
| 8. B.C.A. | 3 years | Bangalore University |

**B.E. Degree Courses are offered in the following**

**1. Computer Science, 2. Informaton Technology, 3. Electronics & Communication Engineering, 4. Bio-Technology.**

***(Approved by A.I.C.T.E., New Delhi, Goverment of Karnataka & Affiliated to Bangalore Technical University)***

* സ്വന്തമായി 300 ബെഡ് ആശുപത്രി * ഇവിടെ നിന്ന് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്ക് സ്വദേശത്തും വിദേശത്തും ജോലി * സുരക്ഷിതമായ ഹോസ്റ്റൽ * പ്രഗത്ഭരായ അദ്ധ്യാപകർ * ഓപ്പറേഷൻ തിയേറ്ററുകളിലും ഡയഗണോസ്റ്റിക് സെന്ററുകളിലും പ്രായോഗിക പരിശീലനം * അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ സഹിതം രക്ഷകർത്താവിനോടൊപ്പം താഴെപറയുന്ന സ്ഥലത്ത് കോളജ് വാർഡനെ നേരിൽ കണ്ട് സീറ്റ് ഉറപ്പുവരുത്തുക.

Provisions are made for students to participate in worship every sunday under the Leadership of A.G. Church, I.P.C. Church, Marthoma Church, R.C. Church and St. Gregorios Orthodox Syrian Church, at Tumkur.


Contact Address in Kerala: M.K. Thomaskutty (warden), Marathuvelil Puthenveettil (H), Opp (N.S.S.H.S.), Near Manesha College, Thadiyoor P.O., Thiruvalla-689545, Kearala.

Phone: 0473-654377, 654755, Mobile: 98471 11869

Director: DR. M.R. HULINAYKAR. M.B.B.S., M.S.

*Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2002*
**THE MALANKARA SABHA**, CATHOLICATE OFFICE, KOTTAYAM-686 038

# *For Favours Received*



## K.C. JACOB,
## THANKAMMA JACOB,
## REJI, ANNIE, RENI
## Madras.

PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.
PRINTED AT GRAPHICS & CO., MALLAPPALLY. 0473-682260, 784163 FOR CATHOLICATE PRESS KOTTAYAM-38; CHIEF EDITOR FR. DR. JACOB KURIAN. RS. 5/-